# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 08 ഏപ്രിൽ–2017 ലക്കം 4**

ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ

## ഉള്ളടക്കം


നോമ്പുകാലസന്ദേശം .............................................. 05
ഒന്നായി മുന്നോട്ട് .................................................. 10
സുവിശേഷവിചിന്തനങ്ങൾ .................................... 29
*Order of Suspension* ................................................ 38
രൂപതാകച്ചേരി വാർത്തകൾ ..................................... 39
ഇടവകകളുടെ ഗ്രേഡ് ................................................. 47
വൈദികരുടെ മാസധ്യാനം ....................................... 50
മതബോധനരംഗം ....................................................... 51
ചെറുപുഷ്പമിഷൻലീഗ് .............................................. 54
*Department of Youth Ministry* ........................................ 63
കെ.സി.വൈ.എം. ....................................................... 65
കുടുംബപ്രേഷിതത്വം .................................................. 69
ബൈബിൾ അപ്പോസ്തലേറ്റ് ....................................... 72
ജീസസ് യൂത്ത് മിനിസ്ട്രി .......................................... 72
സീയോൻ വാർത്തകൾ .............................................. 73
വിൻസെന്റ് ഡി പോൾ സൊസൈറ്റി ...................... 75
സാമൂഹ്യ സേവനരംഗം (WSSS) ................................ 79
ബയോവിൻ അഗ്രോ റിസർച്ച് .................................. 84
റേഡിയോ മാറ്റൊലി ............................................... 86
Mary Matha Arts & Science Collge .................................... 89
കത്തോലിക്കാ കോൺഗ്രസ് ....................................... 90
ഡി.എഫ്.സി. ........................................................... 92
അറിയിപ്പുകൾ ........................................................ 94
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ................................. 95
ബിഷപ്സ് പ്രോഗ്രാം ................................................ 96

# ഫ്രാൻസിസ് പാപ്പാ പുറപ്പെടുവിച്ച നോമ്പുകാലസന്ദേശം – 2017

*വചനം ഒരു ദാനമാണ്, മറ്റു വ്യക്തികൾ ഒരു ദാനമാണ്*

പ്രിയ സഹോദരീ സഹോദരന്മാരേ,

നോമ്പുകാലം ഒരു പുതിയ തുടക്കമാണ്. മരണത്തിൻമേൽ ക്രിസ്തുനേടിയ വിജയമാകുന്ന ഉത്ഥാനം എന്ന ലക്ഷ്യത്തിലേക്കു നയിക്കുന്ന പാതയാണ്. മാനസാന്തരപ്പെടാൻ ഈ കാലം നമ്മെ നിർബന്ധിക്കുന്നു. "പൂർണ്ണഹൃദയത്തോടെ" (ജോയേൽ 2:12) ദൈവത്തിലേക്ക് പിന്തിരിയാനും മന്ദത ഉപേക്ഷിച്ച് കർത്താവുമായുള്ള സൗഹൃദബന്ധത്തിൽ വളരാനും ക്രൈസ്തവരോട് അത് ആവശ്യപ്പെടുന്നു. നമ്മെ ഒരിക്കലും ഉപേക്ഷിക്കാത്ത വിശ്വസ്തനായ സുഹൃത്താണ് യേശുക്രിസ്തു. നമ്മൾ പാപം ചെയ്യുമ്പോഴും അവിടുന്ന് നമ്മുടെ തിരിച്ചുവരവിനായി ക്ഷമാപൂർവം കാത്തിരിക്കുന്നു. ക്ഷമാപൂർവകമായ ആ പ്രതീക്ഷ വഴി ക്ഷമിക്കാനുള്ള അവിടുത്തെ സന്നദ്ധത നമുക്കു വ്യക്തമാക്കിത്തരുന്നു (cf Homily, 8 January 2016).

സഭ നൽകുന്ന വിശുദ്ധീകരണ മാർഗങ്ങളിലൂടെ ആധ്യാത്മിക ജീവിതം ആഴപ്പെടുത്താൻ അനുകൂലമായ കാലമാണ് നോമ്പുകാലം. ഉപവാസം, പ്രാർത്ഥന, ധർമ്മദാനം എന്നിവയാണ് വിശുദ്ധീകരണ മാർഗങ്ങൾ. എല്ലാറ്റിന്റെയും അടിസ്ഥാനമായിട്ടുള്ളത് ദൈവവചനമാണ്. ദൈവവചനം കേൾക്കാനും അതിനെപ്പറ്റി കൂടുതൽ ആഴത്തിൽ ചിന്തിക്കാനും നോമ്പുകാലത്തു നാം ക്ഷണിക്കപ്പെടുന്നു. ഇവിടെ സമ്പന്നനായ മനുഷ്യന്റെയും ലാസറിന്റെയും ഉപമയെപ്പറ്റി ചിന്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നു (cf ലൂക്കാ 16:19-31). അർത്ഥപൂർണമായ ഈ കഥയിൽ നിന്ന് നമുക്കു പ്രചോദനം സ്വീകരിക്കാം. കാരണം, യഥാർത്ഥ സന്തോഷവും നിത്യജീവനും നേടാൻ നാം എന്താണു ചെയ്യേണ്ടതെന്ന് ആ ഉപമ പഠിപ്പിക്കുന്നു. ആത്മാർത്ഥമായി മാനസാന്തരപ്പെടാൻ അത് ആഹ്വാനം ചെയ്യുന്നു.

**1. അന്യവ്യക്തി ഒരു ദാനമാണ്**

ആ ഉപമ തുടങ്ങുന്നത് പ്രധാനപ്പെട്ട രണ്ടു കഥാപാത്രങ്ങളെ അവതരിപ്പിച്ചുകൊണ്ടാണ്. ദരിദ്രനായ മനുഷ്യനെപ്പറ്റി കൂടുതൽ വിവരങ്ങൾ നൽകുന്നുണ്ട്. അയാൾ കഷ്ടതയിൽപ്പെട്ട് നിൽക്കാൻപോലും കഴിവില്ലാതായവനാണ്. അയാൾ സമ്പന്നന്റെ പടിവാതുക്കൽക്കിടന്ന് സമ്പന്നന്റെ മേശയിൽ നിന്നു വീഴുന്ന അപ്പകഷണങ്ങൾ തിന്നു കഴിയുന്നു. അയാളുടെ ശരീരം മുഴുവനും വ്രണമാണ്. പട്ടികൾ വന്ന് അയാളുടെ മുറിവുകൾ നക്കിക്കൊണ്ടിരുന്നു (cf വാ. 20-21). വലിയ കഷ്ട

തയുടെ ചിത്രമാണിത്. നിർഭാഗ്യവാനും സഹതാപത്തിന് അർഹനുമായ ഒരു മനുഷ്യനെ അതു ചിത്രീകരിക്കുന്നു.

ആ ദരിദ്രൻ ലാസർ എന്നു വിളിക്കപ്പെടുന്നുവെന്ന കാര്യം പരിഗണിക്കുമ്പോൾ ചിത്രം കൂടുതൽ നാടകീയമായിത്തീരുന്നു. വാഗ്ദാനങ്ങൾ നിറഞ്ഞവൻ എന്നാണ് ആ പേരുകൊണ്ട് ഉദ്ദേശിക്കുന്നത്. ആ പേരിന്റെ വാച്യാർത്ഥം "ദൈവം സഹായിക്കുന്നു" എന്നാണ്. ഈ കഥാപാത്രം അജ്ഞാതമല്ല. അയാളുടെ സവിശേഷതകൾ വ്യക്തമായി വിവരിച്ചിട്ടുണ്ട്. സ്വന്തം ചരിത്രമുള്ള വ്യക്തിയായി അയാൾ കാണപ്പെടുന്നു. അയാൾ സമ്പന്നന് പ്രായോഗികമായി അദൃശ്യനാണെങ്കിലും പരിചയക്കാരനായി അയാളെ നാം കാണുകയും അറിയുകയും ചെയ്യുന്നുണ്ട്. അയാൾ ഒരു മുഖമാണ്. ആ നിലയിൽ ഒരു ദാനമാണ്, അമൂല്യനിധിയാണ്. സമുദായഭ്രഷ്ടനെന്ന നിലയാണ്, വസ്തുനിഷ്ഠമായി അയാൾക്കുള്ളതെങ്കിലും ദൈവം സ്നേഹിക്കുകയും ശ്രദ്ധിക്കുകയും ചെയ്യുന്ന ഒരു മനുഷ്യനാണ് (cf Homily, 8 January 2016).

മറ്റു വ്യക്തികൾ ഒരു ദാനമാണെന്ന് ലാസർ നമ്മെ പഠിപ്പിക്കുന്നു. ആളുകളുമായുള്ള ശരിയായ ബന്ധം അവരുടെ മൂല്യത്തെ നന്ദിപൂർവം അംഗീകരിക്കുന്നതിലാണ് അടങ്ങിയിരിക്കുന്നത്. സമ്പന്നന്റെ വാതിൽപ്പടിക്കൽ കിടക്കുന്ന ദരിദ്രൻ പോലും ഒരു ശല്യമല്ല. പിന്നെയോ മാനസാന്തരത്തിനും മാറ്റത്തിനും വേണ്ടിയുള്ള വിളിയാണ്. നമ്മുടെ ഹൃദയത്തിന്റെ വാതിലുകൾ തുറക്കാൻ ഈ ഉപമ ഒന്നാമതായി നമ്മെ പഠിപ്പിക്കുന്നു. കാരണം, ഓരോ വ്യക്തിയും ഒരു ദാനമാണ്. ആ വ്യക്തി നമ്മുടെ അയൽക്കാരനായാലും അറിയപ്പെടാത്ത ദരിദ്രനായാലും ഒരു ദാനമാണ്. ആവശ്യത്തിൽപ്പെട്ട എല്ലാവരെയും തിരിച്ചറിയാനും അവരിൽ യേശുവിന്റെ മുഖം കാണാനുംവേണ്ടി വാതിലുകൾ തുറക്കാനുള്ള സമുചിതമായ സമയമാണ് നോമ്പുകാലം. ഓരോ ദിവസവും ഇത്തരത്തിലുള്ളവരെ നാം കണ്ടുമുട്ടുന്നുണ്ട്. സ്വീകരണവും ആദരവും സ്നേഹവും അർഹിക്കുന്ന ഒരു ദാനമാണ് നാം ഓരോ ദിവസവും കണ്ടുമുട്ടുന്ന ഓരോ ജീവിതം. ജീവനെ സ്വാഗതം ചെയ്യാനും സ്നേഹിക്കാനും, പ്രത്യേകിച്ച് അത് ദുർബലവും മുറിപ്പെടാവുന്നതുമാണെങ്കിൽ, നമ്മുടെ കണ്ണുകൾ തുറക്കാൻ ദൈവവചനം നമ്മെ സഹായിക്കുന്നു. പക്ഷേ, അങ്ങനെ ചെയ്യുന്നതിന്, സുവിശേഷം സമ്പന്നനെപ്പറ്റി പറയുന്നതെന്താണെന്ന് ഗൗരവപൂർവം പരിഗണിക്കണം.

**2. പാപം നമ്മെ ബന്ധിക്കുന്നു**

സമ്പന്നനായ മനുഷ്യനോടു ബന്ധപ്പെട്ട വൈരുധ്യങ്ങൾ ഉപമയിൽ പൂർണമായി വിവരിച്ചിട്ടുണ്ട് (cf വാ. 19). ലാസറിനുള്ളതുപോലെ ഒരു പേര് സമ്പന്നനില്ല. അയാൾ വെറുതെ "സമ്പന്നനായ മനുഷ്യൻ" എന്നുമാത്രം വിളിക്കപ്പെടുന്നു. അയാളുടെ സമ്പത്തിന്റെ അതിസമൃദ്ധി അയാളുടെ അനിയന്ത്രിതവും അമിതച്ചെലവുള്ളതുമായ വസ്ത്രങ്ങ

ളിൽത്തന്നെ കാണാവുന്നതാണ്. ചെമന്നപട്ട് വെള്ളിയെക്കാളും സ്വർണ ത്തെക്കാളും വിലകൂടിയതായിരുന്നു. അതുകൊണ്ട് അത് അവയെല്ലാം ദേവന്മാർക്കും (cf ജറ 19:9), രാജാക്കന്മാർക്കും (cf ന്യായാ 8:26) മാത്രം ഉപയോഗിക്കാവുന്നവയായിരുന്നു. മൃദുലവസ്ത്രം അതു ധരിക്കുന്നവന് മിക്കവാറും വിശുദ്ധരുടെ ഭാവം നൽകിയിരുന്നു. അയാൾ സ്വന്തം സമ്പത് സമൃദ്ധിയെ പ്രദർശിപ്പിക്കാൻ ശീലമായിട്ടുള്ളവനായിരുന്നു വെന്നതു വ്യക്തമാണ്. അത് അയാൾ എല്ലാദിവസവും പ്രദർശിപ്പിക്കു കയും ചെയ്തു. അയാൾ "എന്നും സുഭിക്ഷമായി ഭക്ഷിച്ച് ആനന്ദിക്കു കയും ചെയ്തിരുന്നു" (cf വാ.19) അയാളിൽ പാപംകൊണ്ടുള്ള ഭൂഷ ണത്തെ നമുക്കു നാടകീയമായി കാണാൻ കഴിയും. അത് അനുക്രമ മായ മൂന്നു ഘട്ടങ്ങളിലൂടെ പുരോഗമിക്കുന്നു. ധനമോഹം, പൊള്ളയായ സ്വയം ആത്മാഭിമാനം, അഹങ്കാരം എന്നിവയാണ് ആ ഘട്ടങ്ങൾ (cf Homily, 20 Sept. 2013).

വിശുദ്ധ പൗലോസ് അപ്പസ്തോലൻ ഇങ്ങനെ പഠിപ്പിക്കുന്നു: "ധനമോഹമാണ് എല്ലാ തിന്മകളുടെയും അടിവേര്" (1 തിമോ 6:10). അതാണ് അഴിമതിയുടെ കാരണം, അസൂയ, മത്സരം, സംശയം എന്നി വയുടെ ഉറവിടവും അതാണ്. പണത്തിന് നമ്മുടെമേൽ ആധിപത്യം പുലർത്താൻ കഴിയും. സ്വേഛാധിപത്യപരമായ വിഗ്രഹമായി ത്തീരാൻപോലും കഴിയും (cf സുവിശേഷത്തിന്റെ സന്ദേശം 55). നന്മ ചെയ്യാനും മറ്റുള്ളവരുമായുള്ള ഐക്യദാർഢ്യം കാണിക്കാനും നമ്മെ സേവിക്കുന്ന ഒരു ഉപകരണമായിരിക്കേണ്ടതാണു പണം. പക്ഷേ അത് അതിനുപകരം നമ്മെയും മുഴുവൻ ലോകത്തെയും സ്നേഹിക്കാൻ ഇടം തരാത്തതും സമാധാനത്തെ തടയുന്നതുമായ സ്വാർത്ഥതയുടെ യുക്തി യിൽ കെട്ടിയിടും. അങ്ങനെ സമ്പന്നനെ അയാളുടെ അത്യാഗ്രഹം ശൂന്യനാക്കുന്നുവെന്ന് ഈ ഉപമ കാണിച്ചുതരുന്നു. അയാളുടെ വ്യക്തിത്വം തനിക്ക് എന്തുചെയ്യാൻ കഴിയുമെന്ന് മറ്റുള്ളവരെ കാണി ക്കുന്നതിൽ, പ്രദർശനങ്ങളിൽ, പ്രകാശിപ്പിക്കപ്പെടുന്നു. എന്നാൽ അയാ ളുടെ ബാഹ്യശോഭ അയാളുടെ ആന്തരികശൂന്യതയെ മറച്ചുവയ്ക്കുന്നു. അയാളുടെ ജീവിതം ബാഹ്യപ്രകടനത്തിന്റെ തടവുകാരനാണ്, അസ്തി ത്വത്തിന്റെ ഏറ്റവും ഉപരിപ്ലവവും ക്ഷണഭംഗുരവുമായ വശങ്ങളുടെ തടവുകാരനാണ് (cf ibid, 62).

അയാളുടെ ധാർമ്മികാധഃപതനത്തിന്റെ ഏറ്റവും അടിയിലെ ചവിട്ടുപടി അഹങ്കാരമാണ്. സമ്പന്നനായ ആ മനുഷ്യൻ രാജാവിനെ പ്പോലെ വേഷങ്ങൾ അണിയുന്നു, ഒരു ദൈവത്തെപ്പോലെ പെരുമാ റുന്നു. കേവലം മരണമുള്ളവനാണ് താനെന്ന് അയാൾ മറക്കുന്നു. സമ്പ ത്തിനോടുള്ള സ്നേഹത്താൽ ജീർണിച്ചവർക്ക് അവരുടെ തന്നെ അഹം ഭാവമല്ലാതെ മറ്റൊന്നുമില്ല. തങ്ങൾക്കു ചുറ്റുമുള്ളവരെ അവർ കാണു ന്നില്ല. പണത്തോടുള്ള ഒട്ടിച്ചേരൽ ഒരുതരം അന്ധതയാണ്. വിശന്നും മുറിവേറ്റും തന്റെ വാതിൽപടിക്കൽ കിടക്കുന്ന ദരിദ്രനെ സമ്പന്നൻ

കാണുന്നേയില്ല. ഈ കഥാപാത്രത്തിലേക്കു നോക്കുമ്പോൾ നമുക്കു മനസ്സിലാകും എന്തുകൊണ്ടാണ് സുവിശേഷം ഇത്ര കർക്കശമായി ദ്രവ്യാഗ്രഹത്തെ ശപിക്കുന്നതെന്ന്: "രണ്ട് യജമാനന്മാരെ സേവിക്കാൻ ആർക്കും കഴിയുകയില്ല. ഒന്നുകിൽ ഒരുവനെ ദ്വേഷിക്കുകയും അപരനെ സ്നേഹിക്കുകയും ചെയ്യും; അല്ലെങ്കിൽ ഒരുവനെ ബഹുമാനിക്കുകയും അപരനെ നിന്ദിക്കുകയും ചെയ്യും. ദൈവത്തെയും മാമ്മോനെയും ഒരേ സമയം സേവിക്കാൻ നിങ്ങൾക്കു സാധിക്കുകയില്ല" (മത്താ 6:24).

**3. വചനം ഒരു ദാനമാണ്**

സമ്പന്നനെയും ലാസറിനെയും കുറിച്ചുള്ള സുവിശേഷം ഈസ്റ്ററിനായി നന്നായിട്ട് ഒരുങ്ങാൻ നമ്മെ സഹായിക്കുന്നു. വിഭൂതി ബുധനാഴ്ചയിലെ ലിറ്റർജി സമ്പന്നന്റേതിനോടു തികച്ചും സമാനമായ ഒരനുഭവത്തിലേക്കു നമ്മെ ക്ഷണിക്കുന്നുണ്ട്. വൈദികർ തലയിൽ ചാരം പുരട്ടുമ്പോൾ ഈ വാക്കുകൾ ആവർത്തിക്കുന്നു: "നീ പൊടിയാണെന്നും പൊടിയിലേക്കു പിന്തിരിയുമെന്നും ഓർക്കുക". സമ്പന്നനും ദരിദ്രനും മരിച്ചു. ആ ഉപമയിലെ വലിയ ഭാഗവും സംഭവിക്കുന്നത് മരണാനന്തരജീവിതത്തിലാണ്. രണ്ടു കഥാപാത്രങ്ങളും ഒരു വസ്തുത പെട്ടെന്ന് തിരിച്ചറിയുന്നു. "നാം ഈ ലോകത്തിലേക്ക് ഒന്നും കൊണ്ടുവന്നില്ല. ഇവിടെ നിന്ന് ഒന്നും കൊണ്ടുപോകാനും നമുക്കു സാധിക്കുകയില്ല" എന്നതാണ് ആ വസ്തുത.

മരണാനന്തരജീവിതത്തിൽ എന്തു സംഭവിക്കുന്നുവെന്നും നമ്മൾ കാണുന്നു. സമ്പന്നൻ അവസാനം അബ്രാഹത്തോടു സംസാരിക്കുന്നു. അബ്രാഹത്തെ അയാൾ "പിതാവേ" എന്നു വിളിക്കുന്നു (ലൂക്കാ 16:24–27). താൻ ദൈവജനത്തിലെ അംഗമാണെന്ന് സൂചിപ്പിക്കാനാണത്. ഈ വിശദീകരണം അയാളുടെ ജീവിതത്തെ കൂടുതൽ വൈരുദ്ധ്യമുള്ളതാക്കുന്നു. കാരണം ആ നിമിഷംവരെ തനിക്ക് ദൈവത്തോടുള്ള ബന്ധം അയാൾ സൂചിപ്പിച്ചിട്ടില്ല. യഥാർത്ഥത്തിൽ അയാളുടെ ജീവിതത്തിൽ ദൈവത്തിന് സ്ഥാനമുണ്ടായിരുന്നില്ല. അയാളുടെ ഏകദൈവം അയാളായിരുന്നു.

മരണാനന്തര ജീവിതത്തിലെ പീഡനങ്ങൾക്കിടയിൽ മാത്രമാണ് ആ സമ്പന്നൻ ലാസറിനെ തിരിച്ചറിയുന്നത്. തന്റെ സഹനം കുറയ്ക്കാൻ ആ ദരിദ്രൻ ഒരു തുള്ളി വെള്ളം കൊടുക്കണമെന്ന് അയാൾ ആഗ്രഹിക്കുന്നു. അയാൾക്ക് ചെയ്യാൻ കഴിയുമായിരുന്നതും എന്നാൽ ഒരിക്കലും ചെയ്യാതിരുന്നതുമായ ഒരു കാര്യത്തോടു സമാനമായ ഒരു കാര്യമാണ് ലാസറിനോട് അയാൾ ഇപ്പോൾ ആവശ്യപ്പെടുന്നത്. അബ്രാഹം സമ്പന്നനോടു പറയുന്നു: "മകനേ, നീ ഓർമ്മിക്കുക, നിനക്ക് ജീവിതകാലത്ത് എല്ലാ സുഖസൗകര്യങ്ങളും ലഭിച്ചിരുന്നു. ലാസറിനോ കഷ്ടതകളും. ഇപ്പോൾ അവൻ ഇവിടെ ആനന്ദിക്കുകയും നീ വേദന അനുഭവിക്കുകയും ചെയ്യുന്നു" (വാക്യം 25). സമ്പന്നൻ പറഞ്ഞ തടസ്സ

വാദങ്ങളെ എല്ലാം എതിർത്തുകൊണ്ട് അബ്രാഹം പറയുന്നു: "മോശയും പ്രവാചകന്മാരും പറയുന്നത് അവർ കേൾക്കുന്നില്ലെങ്കിൽ മരിച്ചവരിൽ നിന്ന് ഒരുവൻ ഉയിർത്താലും അവർക്ക് ബോധ്യമാകുക യില്ല" (വാക്യം 31).

അങ്ങനെ, സമ്പന്നന്റെ യഥാർത്ഥപ്രശ്നം വെളിവാകുന്നു. ദൈവ വചനം കേൾക്കുന്നതിൽ പരാജയപ്പെട്ടു എന്നതാണ് അയാളുടെ എല്ലാ കഷ്ടതകളുടെയും അടിസ്ഥാനം. ദൈവത്തിന്റെ വചനം കേൾക്കാത്ത തിന്റെ ഫലമായി അയാൾ ദൈവത്തെ ഒട്ടും സ്നേഹിച്ചില്ല. അയൽക്കാരനെ കൂടുതൽ കൂടുതൽ പുച്ഛിക്കുകയും ചെയ്തു. ദൈവ വചനം സജീവവും സുശക്തവുമാണ്; ഹൃദയങ്ങളെ മാനസാന്തരപ്പെടു ത്താനും അവയെ ദൈവത്തിലേക്ക് തിരിച്ചുകൊണ്ടുചെല്ലാനും കഴിവു ള്ളതാണ്. നമ്മൾ ദൈവവചനമാകുന്ന ദാനത്തിനെതിരേ ഹൃദയ വാതിൽ അടയ്ക്കുമ്പോൾ നമ്മുടെ സഹോദരീസഹോദരന്മാരാകുന്ന ദാനത്തിനെതിരേ ഹൃദയവാതിൽ അടയ്ക്കുകയാണ്.

പ്രിയസുഹൃത്തുക്കളേ, ക്രിസ്തുവായുള്ള നമ്മുടെ ബന്ധം പുതു ക്കാൻ, അവിടുത്തെ വചനത്തിലും കൂദാശകളിലും നമ്മുടെ അയൽക്കാ രിലും ജീവിച്ചുകൊണ്ട് അവിടുന്നുമായുള്ള നമ്മുടെ ബന്ധം പുതുക്കാൻ, അനുകൂലമായ കാലമാണ് നോമ്പുകാലം. നാല്പതുദിവസത്തെ ഉപ വാസകാലത്ത് പ്രലോഭകന്റെ വഞ്ചനകളെ കീഴടക്കിയ കർത്താവ്, നമ്മൾ സഞ്ചരിക്കേണ്ട വഴി കാണിച്ചുതരുന്നു.

മാനസാന്തരത്തിലേക്കുള്ള യഥാർത്ഥ യാത്രയിൽ പരിശുദ്ധാ ത്മാവ് നമ്മെ നയിക്കാൻ ഇടയാകട്ടെ. അങ്ങനെ ദൈവവചനമാകുന്ന ദാനം തിരിച്ചറിയാനും നമ്മെ കുരുടന്മാരാക്കുന്ന പാപത്തിൽ നിന്ന് വിശു ദ്ധീകരിക്കപ്പെട്ടവരാകാനും ആവശ്യത്തിൽപ്പെട്ട നമ്മുടെ സഹോദരീ സഹോദരന്മാരിൽ സന്നിഹിതനായിരിക്കുന്ന ക്രിസ്തുവിനുവേണ്ടി സേവനം ചെയ്യാനും നമുക്കു കഴിയട്ടെ.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സഭാപരമായ സംഘടനകൾ നടത്തുന്ന നോമ്പുകാല ക്യാപെയ്നുകളിൽ പങ്കുചേർന്നുകൊണ്ടും അങ്ങനെ നമ്മുടെ ഏക മനുഷ്യകുടുംബത്തിൽ കണ്ടുമുട്ടലിന്റെ സംസ്കാരത്തെ അനുകൂലിച്ചുകൊണ്ടും ഈ ആധ്യാത്മിക നവീകരണ ത്തോട് വിശ്വസ്തത കാണിക്കാൻ ഞാൻ എല്ലാ വിശ്വസികളെയും പ്രോത്സാഹിപ്പിക്കുന്നു. നമുക്ക് ഓരോരുത്തർക്കും പരസ്പരം പ്രാർത്ഥനാസഹായം നൽകാം. അങ്ങനെ ക്രിസ്തുവിന്റെ വിജയത്തിൽ പങ്കുചേർന്നുകൊണ്ട് ദുർബലർക്കും ദരിദ്രർക്കുമായി നമ്മുടെ വാതി ലുകൾ തുറക്കാം. അപ്പോൾ ഈസ്റ്ററിന്റെ സന്തോഷം അനുഭവിക്കാനും അതിൽ പൂർണമായി പങ്കുചേരാനും നമുക്കു കഴിയും.

വത്തിക്കാനിൽ നിന്ന്, 18 ഒക്ടോബർ 2016

**ഫ്രാൻസിസ് മാർപാപ്പാ**

## ഒന്നായി മുന്നോട്ട്

*നാലാം മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ ചർച്ചകളെയും നിഗമനങ്ങളെയും അടിസ്ഥാനമാക്കി സീറോമലബാർ സിനഡ് അംഗീകരിച്ച ശുപാർശകളുടെയും നിർദേശങ്ങളുടെയും വെളിച്ചത്തിൽ മേജർ ആർച്ച്ബിഷപ്പ് പുറപ്പെടുവിക്കുന്ന പ്രബോധനരേഖ.*

1. സീറോമലബാർ സഭയുടെ നാലാമത്തെ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി 2016 ഓഗസ്റ്റ് 25 മുതൽ 28 വരെയുള്ള തീയതികളിലായി നടന്നു. ഇരിഞ്ഞാലക്കുട രൂപതയിലെ കൊടകര സഹൃദയ കോളേജ് ഓഫ് എൻജിനീയറിംഗ് ആന്റ് ടെക്നോളജിയായിരുന്നു വേദി. എല്ലാവരുടെയും സഹകരണത്തോടെ നടന്ന അസംബ്ലി തികച്ചും വിജയകരമായിരുന്നു. ജീവിതത്തിലെ ലാളിത്യം, കുടുംബത്തിലെ സാക്ഷ്യം, പ്രവാസികളുടെ ദൗത്യം എന്നീ മൂന്നു വിഷയങ്ങൾ ആയിരുന്നു അസംബ്ലി പഠനത്തിനും പരിചിന്തനത്തിനുമായി സ്വീകരിച്ചത്. അതോടൊപ്പം സഭയുടെ പൊതുവായ ദൗത്യവും സാക്ഷ്യവും അസംബ്ലി പരിഗണനയ്ക്ക് എടുത്തു. അഞ്ചുവർഷത്തിലൊരിക്കൽ നടക്കുന്ന മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി സഭാജീവിതത്തെ മുഴുവൻ വിലയിരുത്താൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. അസംബ്ലിയുടെ നിർദ്ദേശങ്ങളിൽ പ്രത്യേകം ചർച്ചയ്ക്കു വിധേയമാക്കിയ വിഷയങ്ങളുടെ മേഖലകളെ സ്പർശിക്കുന്നവയും പൊതുവായ ക്രൈസ്തവസാക്ഷ്യത്തെ സംബന്ധിക്കുന്നവയും ഉണ്ടായിരുന്നു. അസംബ്ലിയുടെ പ്രസ്താവനയും നിർദ്ദേശങ്ങളും സിനഡിന്റെ അംഗീകാരത്തോടെ നേരത്തെതന്നെ പ്രസിദ്ധീകരിച്ചിരുന്നു. എല്ലാ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ പ്രബോധനം നൽകുന്നത്.

**പശ്ചാത്തലം**

2. കത്തോലിക്കാസഭയിൽ ഒരു കാഴ്ചപ്പാടു വ്യത്യാസം വന്നിരിക്കുന്നു എന്ന് സഭയും ലോകവും വിലയിരുത്തുന്നു. ഫ്രാൻസീസ് പാപ്പായാണ് ഇതിനു പ്രചോദകൻ എന്നും ഏവരും മനസ്സിലാക്കുന്നു. ഈ കാഴ്ചപ്പാടു വ്യത്യാസം സഭയുടെ എല്ലാ തലങ്ങളെയും സ്പർശിക്കുന്നതാണ്. കാരുണ്യമാണ് അതിന്റെ മുഖമുദ്ര. ദൈവത്തിന്റെ കാരുണ്യം കർത്താവായ ഈശോമിശിഹായിലൂടെ ലോകത്തിൽ അവതരിപ്പിക്കപ്പെട്ടതും മനുഷ്യസമൂഹത്തിന് അനുഭവവേദ്യവുമായ രീതിയിൽ സഭാമക്കളിലൂടെ പ്രാവർത്തികമാകണം എന്നതാണു പുതിയ കാഴ്ചപ്പാടിലെ ഊന്നൽ (*കാരുണ്യത്തിന്റെ മുഖം, നമ്പർ 25*). ഫ്രാൻസീസ് പാപ്പായുടെ

പ്രബോധനങ്ങളും പ്രവർത്തനങ്ങളും ഈ കാരുണ്യമനോഭാവത്തെ ശക്തമായി പ്രതിഫലിപ്പിക്കുന്നവയാണ്. മെത്രാന്മാരും വൈദികരും സമർപ്പിതരും അല്മായ സഹോദരീസഹോദരന്മാരും കാരുണ്യത്തിന്റെ സംവാഹകരാകുവാൻ മാർപാപ്പ നിർദ്ദേശിക്കുന്നു. കാരുണ്യം പ്രതിഫലിക്കപ്പെടേണ്ട പ്രധാനപ്പെട്ട മേഖലയായി മാർപാപ്പ കുടുംബത്തെ കാണുന്നു. കുടുംബത്തെക്കുറിച്ചു നടന്ന രണ്ടു സിനഡുകൾക്കുശേഷം പരിശുദ്ധ പിതാവ് പുറപ്പെടുവിച്ച "*സ്നേഹത്തിന്റെ ആനന്ദം*" എന്ന അപ്പസ്തോലിക പ്രബോധനം സഭയുടെ മുന്നോട്ടുള്ള ഗതിയിൽ ഒരു അടിസ്ഥാന രേഖയായി മാറിയിരിക്കുകയാണ്. ഈ പശ്ചാത്തലത്തിലാണ് സീറോമലബാർ സിനഡ് സഭാമക്കളോട് ആലോചിച്ചശേഷം മേല്പറഞ്ഞ മൂന്നു വിഷയങ്ങൾ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയുടെ പഠനത്തിനും ചർച്ചകൾക്കുമായി വച്ചത്.

### ജീവിതത്തിലെ ലാളിത്യം

3. പൊതുസമൂഹത്തിന്റെ സാമ്പത്തികവും സാങ്കേതികവുമായ പുരോഗതിയുടെ പാതയിൽ സഞ്ചരിച്ച സഭാമക്കളുടെ ജീവിതത്തിൽ ചില ലൗകിക ചിന്താഗതികളും പ്രവർത്തന ശൈലികളും കടന്നുവന്നു. രക്ഷകനായ ഈശോമിശിഹായുടെയും ആദിമസഭയുടെയും ജീവിത സാക്ഷ്യത്തിനു നിരക്കാത്ത ഈ പ്രവണതകൾക്കെതിരെയാണു മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി ശക്തമായി പ്രതികരിച്ചിട്ടുള്ളത്. വർദ്ധിച്ച വസ്തുവകകൾ മറ്റു മനുഷ്യരെ എന്നപോലെ സഭാമക്കളെയും ഉപഭോഗസംസ്കാരത്തിലെത്തിച്ചു. ഒരുവനുള്ളതെല്ലാം അവന്റെ ജീവിത സൗകര്യങ്ങൾക്കും ആഡംബരത്തിനും ഉപയോഗിക്കാനുള്ളതാണെന്ന ധാരണ വളർന്നു. സമ്പത്ത്, ആഡംബരപൂർവകമായ ആഘോഷത്തിനു ചെലവിടുന്ന പതിവ് സമൂഹത്തിൽ വ്യാപിച്ചു. ഇത്തരം പ്രവണതകളെ ഉപേക്ഷിച്ച് ഈശോയുടെ ജീവിതത്തിലെ ലാളിത്യത്തിലേക്കും സുവിശേഷോചിതമായ മിതത്വത്തിലേക്കും നാം തിരിച്ചുവരേണ്ടിയിരിക്കുന്നു.

"ദൈവത്തിന്റെ സമ്പന്നതകളെല്ലാം സ്വന്തമായുണ്ടായിരുന്നിട്ടും സ്വയം ശൂന്യനാക്കിക്കൊണ്ട് അവൻ ദാസന്റെ രൂപം സ്വീകരിച്ചു" (ഫിലി.2:6–7). വചനം ഒരു മനുഷ്യശിശുവായി ജനിച്ചു (യോഹ. 1:14). വിനയത്തിന്റെയും ലാളിത്യത്തിന്റെയും ആൾരൂപമായാണ് അവൻ കാലിത്തൊഴുത്തിൽ പിറന്നത് (ലൂക്കാ 2:7). കുറുനരികൾക്കു മാളങ്ങളും ആകാശപ്പറവകൾക്ക് കൂടുകളുമുണ്ടെങ്കിലും മനുഷ്യപുത്രനു തലചായ്ക്കാൻ സ്വന്തമായി ഒരിടവുമില്ലായിരുന്നു (മത്താ 8:20). എല്ലാം ഉള്ളവനായിരുന്നിട്ടും തന്റെ ജനനത്തിലും ജീവിതത്തിലും മരണത്തിലും ഈശോ ദരിദ്രനായിരുന്നു. ഈശോയുടെ ലാളിത്യം അവന്റെ മനുഷ്യാ

വതാരത്തിലും കുരിശുമരണത്തിലും അവസാനിക്കുന്നതായിരുന്നില്ല. മറിച്ച് അപ്പമായി മാറാൻ മാത്രം അവൻ തന്നെത്തന്നെ താഴ്ത്തി. ഇന്നും പരിശുദ്ധ കുർബാനയിൽ നമുക്ക് അനുഭവവേദ്യമാകുന്നത് അവന്റെ ഈ ലാളിത്യത്തിന്റെ പരമകാഷ്ഠയാണ്. കുർബാനയിലൂടെ അവിടുന്ന് ഈ ലാളിത്യഭാവം ജീവിതനിയമമാക്കാനാണു നമ്മോട് ആവശ്യപ്പെടുന്നത്. (*അസംബ്ലിയുടെ മാർഗരേഖ, ജീവിതത്തിലെ ലാളിത്യം,* നമ്പർ 57) ദൈവത്തോടുള്ള സമാനത മറച്ചുവച്ചു, മനുഷ്യനു സദൃശനായി, ദാസന്റെ രൂപമെടുത്ത് അപ്പത്തിന്റെ രൂപത്തിൽ മനുഷ്യനുഭോജനമായി മാറിയ മിശിഹായെപ്പോലെ ക്രൈസ്തവർ തങ്ങൾക്കുള്ള സമ്പന്നതയെ മറ്റുള്ളവർക്കുവേണ്ടിയുള്ള സമർപ്പണത്തിലൂടെ ശരിയായി വിനിയോഗിക്കാൻ തയ്യാറാകേണ്ടിയിരിക്കുന്നു. ഇപ്രകാരമൊരു തിരിച്ചുവരവ് നമ്മുടെ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും സംഭവിക്കണം.

ലൗകിക വസ്തുക്കളുടെ നീതിപൂർവകമായ വിതരണം നിയമംമൂലം നടപ്പിൽ വരുത്താൻ ഭരണാധികാരികൾ പരിശ്രമിക്കുന്നു. എന്നാൽ, ക്രൈസ്തവർ നിയമത്തെയും മറികടക്കുന്ന നീതി നടപ്പിൽ വരുത്തേണ്ടവരാണ്. അതാണു കാരുണ്യം. കാരുണ്യം നീതിയുടെ പൂർത്തീകരണമാണ് എന്നു ഫ്രാൻസീസ് പാപ്പാ പറയുന്നു. "കാരുണ്യം നീതിയെയും സത്യത്തെയും പുറംതള്ളുന്നില്ലെന്നതു നേരാണ്. എന്നാൽ കാരുണ്യമാണു നീതിയുടെ പരിപൂർണതയെന്നും അതാണു ദൈവത്തിന്റെ സത്യത്തിന്റെ ഏറ്റവും തിളങ്ങുന്ന പ്രകാശനമെന്നും പ്രഥമവും പ്രധാനവുമായി നാം പറയേണ്ടതുണ്ട്" (*സ്നേഹത്തിന്റെ ആനന്ദം, നമ്പർ 311, കാരുണ്യത്തിന്റെ മുഖം,* നമ്പർ 10)

4. വ്യക്തിജീവിതത്തിൽ നാമിന്നു ചെയ്യുന്ന കാര്യങ്ങളിൽ അത്യാവശ്യമുള്ളവ, ആവശ്യമുള്ളവ, സൗകര്യത്തിനുള്ളവ, ആഡംബരസ്വഭാവമുള്ളവ, ആർഭാടമായവ എന്നിങ്ങനെ വിവേചിച്ചറിഞ്ഞ് ആഡംബരങ്ങളെയും ആർഭാടങ്ങളെയും പരിപൂർണമായി വർജിക്കുവാൻ നാം തയ്യാറാകണം. ഓരോരുത്തരും തങ്ങളുടെ ന്യായമായ സുഖസൗകര്യങ്ങൾ നിവർത്തിച്ചശേഷം ബാക്കിയുള്ളവ ദരിദ്രരും ആവശ്യക്കാരുമായിട്ടുള്ളവർക്കു നൽകാൻ കടപ്പെട്ടിരിക്കുന്നു. ഇതാണു ലാളിത്യം ആവശ്യപ്പെടുന്ന അടിസ്ഥാനധർമ്മം. തന്റെ അധ്വാനംവഴി സമ്പാദിക്കുന്നതെല്ലാം തനിക്കുവേണ്ടിത്തന്നെയുള്ളതാണ് എന്ന ചിന്തമാറ്റി തന്റെ അദ്ധ്വാനഫലം തന്റെ സഹോദരനുംകൂടി അർഹതപ്പെട്ടതാണെന്നുള്ള സുവിശേഷചിന്ത നാം ഉൾക്കൊള്ളണം. നമ്മുടെ അദ്ധ്വാനം ഏതു തരത്തിലുള്ളതായാലും നമുക്കാവശ്യമുള്ളതിൽ കവിഞ്ഞ് അതിൽനിന്നു സമ്പാദിക്കാൻ കഴിയുന്നുവെങ്കിൽ അതിനു കാരണം നാം സമ്പാദി

ക്കുന്നവയ്ക്ക് ഉത്തേജകമായി നമ്മുടെ ശക്തിയിൽ കവിഞ്ഞ ഘടകങ്ങളും പ്രവർത്തിച്ചിട്ടുണ്ട് എന്നതാണ്. അപ്രകാരം സമൂഹത്തിലെ വിവിധ ശക്തികളുടെ ഒന്നിച്ചുള്ള പ്രവർത്തനത്തിന്റെ ഫലമായി നടക്കുന്ന, നമ്മുടെ അധ്വാനം കൈവരുത്തുന്ന ഫലങ്ങൾ, സമൂഹത്തിലെ പാവപ്പെട്ടവരോടൊപ്പം പങ്കിടാൻ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ നാം നിർബന്ധിതരാകേണ്ടിയിരിക്കുന്നു. കൃഷിക്കാരൻ പ്രയോജനപ്പെടുത്തുന്ന അന്തരീക്ഷവായുവും മഴയും വെയിലുമെല്ലാം ദൈവത്തിന്റെ ദാനങ്ങളാണ്. അവയെല്ലാം പ്രയോജനപ്പെടുത്തുമ്പോൾ കർഷകനു ലഭിക്കുന്ന വിളവുകൾ അവനെന്നതുപോലെ ദൈവത്തിന്റെ സൃഷ്ടികളായ തന്റെ സഹോദരങ്ങൾക്കും അവകാശപ്പെട്ടതാണെന്നു ന്യായമായി മനസിലാക്കാമല്ലോ. അതുപോലെതന്നെ വ്യാപാരം, വ്യവസായം, ഉദ്യോഗങ്ങൾ, മാധ്യമ പ്രവർത്തനങ്ങൾ എന്നിവയെല്ലാം സമൂഹത്തിന്റെ പൊതുവായ സഹകരണത്തോടെയാണ് ഓരോ വ്യക്തിയും നിർവഹിക്കുന്നതും അതിൽനിന്നു ഫലങ്ങൾ കൊയ്യുന്നതും. അപ്രകാരം ഓരോരുത്തരുടെയും അധ്വാനത്തിന്റെ ഫലങ്ങൾ ആനുപാതികമായി മറ്റുള്ളവർക്കും വിശിഷ്യാ, അവയൊക്കെ പ്രയോജനപ്പെടുത്താൻ സാധ്യതയില്ലാത്തവർക്കും അർഹതപ്പെട്ടതായി നാം കാണേണ്ടിയിരിക്കുന്നു (*സന്തോഷവും പ്രത്യാശയും,* നമ്പർ 69). പാവപ്പെട്ടവരും പരിത്യക്തരുമാണ് ഇപ്രകാരം അർഹതപ്പെട്ടവരിൽ ഒന്നാം സ്ഥാനത്തുനിൽക്കുന്നത്. ക്രൈസ്തവരുടെ വ്യക്തിജീവിതത്തിലെ മാമ്മോദീസാ, തിരുപ്പട്ടം, വിവാഹം, ജൂബിലികൾ, ഓർമ്മയാചരണങ്ങൾ എന്നിവയിലെല്ലാം സമഭാവനയോടെ ദരിദ്രരുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ സാധിക്കണം. ഈശോയുടെ വാക്കുകൾ ഓർമ്മയിലിരിക്കട്ടെ: "നീ സദ്യ നടത്തുമ്പോൾ ദരിദ്രർ, വികലാംഗർ, മുടന്തർ, കുരുടർ എന്നിവരെ ക്ഷണിക്കുക. അപ്പോൾ നീ ഭാഗ്യവാനായിരിക്കും. എന്തെന്നാൽ, പകരം നൽകാൻ അവരുടെ പക്കൽ ഒന്നുമില്ല. നീതിമാന്മാരുടെ പുനരുത്ഥാനത്തിൽ നിനക്കു പ്രതിഫലം ലഭിക്കും" (ലൂക്കാ 14:13-14)

തന്റെ സമ്പത്തുപയോഗിച്ചു ജീവിതത്തിൽ ധാടിയും മോടിയും വർദ്ധിപ്പിച്ചാൽ താൻതന്നെ ബഹുമാനിതനാകും എന്നു ചിന്തിക്കുന്നവരുണ്ട്. താൻ വസിക്കുന്ന വീടും ധരിക്കുന്ന വസ്ത്രവും അണിയുന്ന ആഭരണവും ഉപയോഗിക്കുന്ന വാഹനവും നടത്തുന്ന വിരുന്നുകളുടെ വിഭവസമൃദ്ധിയും ഒക്കെയാണ് തന്നെ വലിയവനാക്കുന്നതെന്നു പലരും ചിന്തിച്ചുപോകുന്നു. ഇതെത്രയോ മൗഢ്യമാണ്! എന്നാൽ, നമ്മുടെ യഥാർത്ഥ വലിപ്പം നാം ദൈവത്തിന്റെ നീതിയും സ്നേഹവും കാരുണ്യവും എല്ലാവരോടും അനുവർത്തിക്കുന്നതിലാണ് അടങ്ങിയിരിക്കു

ന്നത്. ഈ യാഥാർത്ഥ്യബോധത്തിലേക്കാണു പലരും തിരുത്തലുകൾ വരുത്തി തിരിച്ചുവരേണ്ടത്.

5. സഭാതലത്തിൽ ലാളിത്യം പ്രാവർത്തികമാകേണ്ടത് പ്രധാനമായും നിർമ്മാണപ്രവർത്തനങ്ങളുടെയും തിരുനാളാഘോഷങ്ങളുടെയും മേഖലകളിലാണ്. ഇവയിലാണ് ധൂർത്തും ആഡംബരവും കൂടുതലായി കണ്ടുവരുന്നത്. ഈ രംഗത്ത് ഇടവകസമൂഹങ്ങൾ പാലിക്കേണ്ട മിതത്വം മനസിലാക്കേണ്ടിയിരിക്കുന്നു. പുതിയൊരു ദൈവാലയം ആവശ്യമാണോ, അതിന്റെ വലിപ്പവും ആകാരഭംഗിയും എപ്രകാരമായിരിക്കണം എന്നൊക്കെ വിശകലനം ചെയ്ത് സുചിന്തിതമായ തീരുമാനങ്ങളെടുക്കണം. ഇടവകജനങ്ങളുടെ സാമ്പത്തിക സ്ഥിതിക്ക് അനുസൃതമായിരിക്കണം ഏറ്റെടുക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ. ന്യായമായ ധനസമാഹരണമാർഗങ്ങൾ മാത്രം അവലംബിക്കുവാനും ശ്രദ്ധിക്കണം. തുടർസംരക്ഷണം (Maintenance) വലിയൊരു ഭാരമാകുന്ന രീതിയിൽ സങ്കീർണമായ ബാഹ്യാകാരങ്ങളോടെ നിർമ്മിക്കപ്പെടുന്ന ദൈവാലയങ്ങളും അനുബന്ധനിർമ്മിതികളും ഇക്കാലഘട്ടത്തിൽ ആവശ്യകമാണോയെന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. ദൈവജനത്തിന് ഒന്നിച്ചുകൂടി ദൈവത്തെ ആരാധിക്കാനും കൂട്ടായ്മയിൽ വളരാനും ഉപകരിക്കുന്ന നിർമ്മിതികളാണു നമുക്കുണ്ടാകേണ്ടത്. ചില ചരിത്രപ്രധാനമായ സ്ഥലങ്ങളിലോ തീർത്ഥാടന കേന്ദ്രങ്ങളിലോ ദീർഘകാലം നിലനിൽക്കുന്ന സ്മാരകങ്ങൾ നിർമ്മിക്കുക ആവശ്യകമായിരിക്കും. ഇത്തരം ദൈവാലയങ്ങളുടെ കലാപരമായ സൗഷ്ഠവം നിലനിർത്തേണ്ടതുണ്ടെങ്കിലും അവിടെയും ധനത്തിന്റെ ദുരുപയോഗം സംഭവിക്കാനിടയാകരുത്. ദൈവാലയങ്ങളോ സ്മാരകമന്ദിരങ്ങളോ സഭാസമൂഹത്തിന്റെ പ്രൗഢി പ്രകടിപ്പിക്കാനുള്ളവയല്ല. അത്തരം ചിന്തകൾക്കടിമപ്പെട്ടാണ് ദൈവാലയത്തിനുള്ളിൽ ജനങ്ങൾക്കു സമ്മേളിക്കുന്നതിനും ആരാധനയ്ക്കുപകരിക്കുന്നതിനും യോജിച്ച സംവിധാനങ്ങൾ ക്രമീകരിക്കുന്നതിനുപകരം ബാഹ്യമോടിക്ക് അമിത പ്രാധാന്യം നൽകി വൻ ഗോപുരങ്ങളും എടുപ്പുകളും നിർമ്മിക്കുന്നത്. ബാബേൽ ഗോപുരം പണിത പഴയനിയമ ജനതയുടെ ചിന്തയും വ്യത്യസ്തമായിരുന്നില്ല. സഭയുടെ എല്ലാ നിർമ്മാണപ്രവർത്തനങ്ങളിലും സമൂഹത്തിന്റെ നിലനിൽപ്പിനും വളർച്ചയ്ക്കും സഹായകമായ നിർമിതികളായിരിക്കണം നാം ലക്ഷ്യം വയ്ക്കേണ്ടത്. കൂടുതൽ വരുമാനമുള്ള ഇടവകകളും സ്ഥാപനങ്ങളും തങ്ങളുടെ സമ്പാദ്യത്തിൽ നിന്നു മിഷൻപ്രദേശങ്ങളിൽ, ആരാധനയുടെയോ വിദ്യാഭ്യാസത്തിന്റെയോ, ആരോഗ്യസംരക്ഷണത്തിന്റെയോ ആവശ്യങ്ങൾ നിർവഹിക്കാൻ സാധിക്കാതെ ഉഴലുന്ന

സഹോദരങ്ങൾക്കു സഹായമെത്തിക്കാനാണു ശ്രദ്ധിക്കേണ്ടത്. മിഷൻ കേന്ദ്രങ്ങളെ ദത്തെടുത്തു വളർത്താൻ മാതൃസഭയിലെ ഇടവകകളും പ്രസ്ഥാനങ്ങളും മുന്നോട്ടുവരേണ്ടതാണ്.

വർഷങ്ങൾക്കുമുമ്പ് ചുരുക്കം ചില ദൈവാലയങ്ങളിൽ മാത്ര മാണു പല നാളുകൾ നീണ്ടുനിന്ന തിരുനാളാഘോഷങ്ങൾ നടന്നിരു ന്നത്. അത്തരം ദൈവാലയങ്ങളിൽ മാത്രം ദീർഘമായ പ്രദക്ഷിണങ്ങളും കരിമരുന്നു കലാപ്രകടനങ്ങളും ഉണ്ടായിരുന്നു. പിന്നീട് അതു ക്രമേണ എല്ലാ ദൈവാലയങ്ങളിലേക്കുമായി വ്യാപിച്ചു. വെടിക്കെട്ടും വാദ്യഘോ ഷങ്ങളും എല്ലായിടത്തും പതിവായി. വെടിക്കെട്ട് കാണികളുടെ ജീവൻതന്നെ അപകരിച്ചുതുടങ്ങി. അടുത്തകാലത്ത് ചില ദൈവാലയ ങ്ങളിൽ വെടിക്കെട്ട് നിർത്തലാക്കിയതും പകരം കാരുണ്യപ്രവർത്തന ങ്ങൾക്കായി പണം നീക്കിവെച്ചതും മാതൃകയായി ഏവരും സ്വീകരിച്ചി രുന്നുവെങ്കിൽ! പ്രദക്ഷിണങ്ങൾ പലയിടങ്ങളിലും വാഹനഗതാഗത ത്തെയും ബാധിക്കാൻ തുടങ്ങി. പള്ളിപ്പരിസരങ്ങൾ തിരുനാളവസര ങ്ങളിൽ കച്ചവടസ്ഥലമായി. തിരുനാളുകളുടെ ആധ്യാത്മിക സ്വഭാവ ത്തിനു മാന്ദ്യം സംഭവിച്ചു. തിരുനാളാഘോഷങ്ങൾ പരിസ്ഥിതിയെയും പ്രതികൂലമായി ബാധിച്ചു. തിരുനാളാഘോഷങ്ങളുടെ യഥാർത്ഥ ലക്ഷ്യങ്ങളിലേക്കു തിരിച്ചുവരാൻ സഭാശുശ്രൂഷകർ വിശേഷിച്ചും, ഇടവകവികാരിമാർ ഏറെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അഭിവന്ദ്യ കർദ്ദി നാൾ വർക്കി വിതയത്തിൽ പിതാവ് എറണാകുളം-അങ്കമാലി അതി രൂപതയ്ക്കായി തിരുനാളുകളെക്കുറിച്ച് എഴുതിയ ഒരു ഇടയലേഖന ത്തിൽ പറയുന്ന വാക്കുകൾ ഇവിടെ പ്രസക്തമാണ്: "അതിരുകടന്ന നിർബന്ധപ്പിരിവും അമിതമായ പണച്ചെലവും അനാവശ്യമായ ആർഭാ ടങ്ങളും പ്രോത്സാഹിപ്പിക്കേണ്ടകാര്യങ്ങളല്ല. ഈ പ്രവണതകൾ പരസ്പര സ്നേഹവും ഐക്യവും വളർത്തുന്നതിനു പകരം അവ നഷ്ട മാക്കാൻ മാത്രമേ ഉപകരിക്കൂ." (*എറണാകുളം മിസം*, ജൂലൈ 2003)

തിരുനാളുകൾ പോലെയാണ് ഇടവകകളിൽ നടക്കുന്ന ജൂബിലി യാഘോഷങ്ങൾ. ഇവിടെയും ആഘോഷത്തിമിർപ്പ് സാധാരണ രീതി യായിട്ടുണ്ട്. പകരം പരോപകാര പ്രവർത്തികളുടെ അവസരമായി ചില യിടങ്ങളിൽ ജൂബിലി മാറിത്തുടങ്ങിയിട്ടുള്ളത് ആശാവഹം തന്നെ. സഭാ ശുശ്രൂഷകരായ വൈദികരുടെയും സമർപ്പിതരുടെയും ജൂബിലിയാഘോ ഷങ്ങൾ ലളിതവും വിശ്വാസികളുടെ സമൂഹത്തിന് ഉപകാരപ്രദവും ആയിരിക്കാൻ ഇന്നു പലരും ശ്രദ്ധിക്കുന്നുണ്ട്. സഭാശുശ്രൂഷകർ ലളിത ജീവിതത്തിന്റെ മാതൃകകളായിരിക്കണമല്ലോ. മെത്രാന്മാരുടെയും വൈദി കരുടെയും സമർപ്പിതരുടെയും ജീവിതലാളിത്യം അല്മായസഹോദരീ സഹോദരന്മാർക്ക് ലളിതജീവിതം നയിക്കാൻ പ്രചോദനമാകേണ്ടതാണ്.

6. മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിൽ ഉയർന്നു വന്ന മറ്റ് ചില ചിന്തകളും ഇവിടെ ചേർക്കുവാൻ ആഗ്രഹിക്കുന്നു. സഭാ സ്ഥാപനങ്ങളുടെ നടത്തിപ്പിൽ രൂപതകളും സന്യാസസമൂഹങ്ങളും സുതാര്യത ഉറപ്പുവരുത്തണം. ഇവയുടെ ഭരണസമിതികളിൽ ക്രിസ്തീയ ബോധ്യങ്ങളുള്ള അല്മായരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ നാം പരിശ്രമിക്കണം. സഭാസ്ഥാപനങ്ങളുടെ നടത്തിപ്പിൽ മാത്സര്യത്തിന്റെ ഭാവം ലാളിത്യത്തിന് ചേർന്നതല്ല. സമൂഹത്തിലെ താഴെത്തട്ടിലുള്ളവർക്കും പാവങ്ങൾക്കും പ്രാപ്യമായിരിക്കണം വിദ്യാഭ്യാസസ്ഥാപനങ്ങളും ആശുപത്രികളും. അങ്ങനെയുള്ളവരെ സഹായിക്കുന്നത് നഷ്ടത്തിന്റെ പട്ടികയിലല്ല ഉൾപ്പെടുത്തേണ്ടത്.

'ക്രിസ്തീയ ലാളിത്യത്തിന്റെ ഏറ്റം വിശാലമായ ഭാവമാണ് "*അങ്ങേയ്ക്ക് സ്തുതി*" എന്ന ചാക്രികലേഖനത്തിൽ ഫ്രാൻസീസ് പാപ്പാ മുന്നോട്ടുവയ്ക്കുന്ന പരിസ്ഥിതി ആദ്ധ്യാത്മികത (*അസംബ്ലിയുടെ മാർഗരേഖ, ജീവിതത്തിലെ ലാളിത്യം*, നമ്പർ 27). പ്രകൃതിയെ ആർത്തിയോടെ ചൂഷണം ചെയ്യുന്ന ഇന്നത്തെ അവസ്ഥ നമ്മൾ അവസാനിപ്പിക്കണം. മലയും, പുഴയും, മരവും, മൃഗവുമൊക്കെ നശിപ്പിക്കരുത്... മനുഷ്യനെ സൃഷ്ടിച്ച ദൈവം തന്നെയാണ് ഈ പ്രപഞ്ചത്തെയും അതിലെ ചരാചരങ്ങളെയും സൃഷ്ടിച്ചതെന്ന തിരിച്ചറിവാണ് പരിസ്ഥിതി ആദ്ധ്യാത്മികതയുടെ അടിസ്ഥാനം. അതൊടൊപ്പം, ഉത്ഥിതനായ ക്രിസ്തു ഭൗതികലോകത്തെ തന്നിലേക്ക് സ്വാംശീകരിച്ചിരിക്കുന്നുവെന്നും അതിലൂടെ ഓരോ സൃഷ്ടവസ്തുവിലും അവിടുന്ന് സന്നിഹിതനാകുന്നുവെന്നുമുള്ള തിരിച്ചറിവും കൂടിയാണിത്' (*അങ്ങേയ്ക്ക് സ്തുതി,* നമ്പർ 221).

"അല്പത്തിൽ ആനന്ദം കണ്ടെത്തുക എന്നതാണ് പരിസ്ഥിതി ആദ്ധ്യാത്മികതയുടെ മറ്റൊരു പ്രമാണം. മിനിമംകൊണ്ട് ജീവിക്കാനും, തൃപ്തിയടയാനും ശീലിക്കുന്ന രീതിയാണിത് (*അങ്ങേയ്ക്ക് സ്തുതി,* നമ്പർ 222). ഇപ്രകാരമുള്ള പരിസ്ഥിതി ആദ്ധ്യാത്മികതയെന്നെ ലാളിത്യജീവിതശൈലിക്കു നിദാനം ഈ ഭൂമിയും അതിലെ വിഭവങ്ങളും പരിമിതമാണെന്ന തിരിച്ചറിവാണ്. മനുഷ്യന്റെ ആർത്തിയെ തൃപ്തിപ്പെടുത്താനുള്ള വിഭവങ്ങൾ ഭൂമിയിലില്ല; മറിച്ച് അവന്റെ ആവശ്യങ്ങൾക്കുള്ളവയേ ഉള്ളൂ. മനുഷ്യരായ നമ്മൾ ഈ പൊതുഭവനത്തിന്റെ ഉടമസ്ഥരല്ല, കാവൽക്കാരും സംരക്ഷകരുമാണെന്ന ഉത്തരവാദിത്വബോധത്തിൽ നിന്നുമാണ് പരിസ്ഥിതി ആദ്ധ്യാത്മികത രൂപം കൊള്ളുന്നത് (*അങ്ങേയ്ക്ക് സ്തുതി,* നമ്പർ 67). നമുക്കു ശേഷം വരാനിരി

ക്കുന്ന തലമുറകൾക്കെല്ലാമായി ഈ ഭൂമിയെയും അതിലെ ചരാചരങ്ങളെയും സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം മനുഷ്യനുണ്ട് (അങ്ങേയ്ക്ക് സ്തുതി, നമ്പർ 68). അതിനാൽ സ്വന്തം ഉപജീവനത്തിന് ആവശ്യമുള്ളതുമാത്രം ഈ ഭൂമിയിൽ നിന്നും എടുക്കുന്ന ലളിതജീവിതമാണ് പരിസ്ഥിതി ആദ്ധ്യാത്മികത." (അസംബ്ലിയുടെ മാർഗരേഖ, *ജീവിതത്തിലെ ലാളിത്യം*, നമ്പർ 28).

7. ലാളിത്യം എന്നത് കേവലം ആർഭാടങ്ങളില്ലാത്ത, ആഡംബരങ്ങളില്ലാത്ത ജീവിതത്തിൽ ഒതുക്കിനിറുത്താവുന്നതല്ല. അത് വാക്കും പ്രവൃത്തിയും തമ്മിലുള്ള പൊരുത്തമാണ്. ബോധ്യങ്ങൾക്കനുസരിച്ചുള്ള പങ്കുവയ്ക്കലാണ് (അസംബ്ലിയുടെ മാർഗരേഖ, *ജീവിതത്തിലെ ലാളിത്യം,* നമ്പർ 18). ലാളിത്യം സഭയുടെ ജീവിതശൈലി ആയി രൂപപ്പെടുത്തണം. മാതാപിതാക്കൾ കുട്ടികളെ ലാളിത്യത്തിൽ വളർത്തണം. നമ്മുടെ കുടുംബങ്ങളിൽ പാവങ്ങളോടുള്ള കരുതലും പങ്കുവയ്ക്കലും ജീവിതത്തിന്റെ അവിഭാജ്യഘടകങ്ങളാക്കി മാറ്റുവാൻ മാതാപിതാക്കൾ കുട്ടികളെ ചെറുപ്പം മുതലേ പരിശീലിപ്പിക്കണം. മനുഷ്യജീവിതത്തിലെ ക്ലേശങ്ങളും കഷ്ടപ്പാടുകളും അറിഞ്ഞുവേണം മക്കൾ വളർന്നു വരുവാൻ. സഭ പാവപ്പെട്ടവളാണ്, പാവപ്പെട്ടവരുടേതാണ് എന്ന സഭാദർശനം ജീവിക്കുന്നവരാകുന്നതിലൂടെയാണ് നാം മിശിഹായെ ലോകത്തിന് സംലഭ്യനാക്കുന്നത്. 'ഈ ശൈലി സ്വന്തമാക്കുമ്പോഴുള്ള നഷ്ടങ്ങളെ നേട്ടങ്ങളായി കാണുമ്പോഴാണ് സഭ ഈശോയുടെ ലാളിത്യഭാവം യഥാർത്ഥത്തിൽ ജീവിക്കുന്നത്. ഇന്നത്തെ ലോകം ആകർഷകങ്ങളായി മുന്നോട്ടുവയ്ക്കുന്ന കമ്പോളസംസ്കാരത്തിന്റെയും ആഘോഷാർഭാടങ്ങളുടെയും മുമ്പിൽ ലാളിത്യത്തിന്റെ തനതായ ജീവിതശൈലി ഓരോ സാഹചര്യത്തിലും കണ്ടെത്താനുള്ള വിവേകം സഭാതനയരിലോരോരുത്തരിലും ഉണ്ടാകണം. മിശിഹായുടെ ലാളിത്യം ക്രൈസ്തവജീവിതത്തിന്റെ അടിസ്ഥാനപ്രമാണമാകുകയും അത് ദൈവത്തിന്റെ കാരുണ്യത്തിന്റെ വിസ്മയമുഖമായി ജീവിതത്തിൽ പുഷ്പിക്കുകയും വേണം. "പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ" (ലൂക്ക 6:36). സഭ ഇന്നത്തെ ലോകത്തിൽ പ്രവാചകസാക്ഷ്യമായി തീരുന്നത് അങ്ങനെയാണ്.' (അസംബ്ലിയുടെ മാർഗരേഖ, *ജീവിതത്തിലെ ലാളിത്യം*, നമ്പർ 65).

**കുടുംബത്തിലെ സാക്ഷ്യം**

8. ഭാരതത്തിലെ കത്തോലിക്കാസഭയിൽ കുടുംബങ്ങളുടെ ക്രൈസ്തവസാക്ഷ്യം പൊതുവെ നല്ല നിലവാരം പുലർത്തുന്നുണ്ട്. കേരളത്തിലെ ക്രൈസ്തവരുടെ കുടുംബജീവിതം വളരെ കെട്ടുറപ്പു

ള്ളതാണ്. സീറോമലബാർ സഭയിലെ കുടുംബങ്ങൾ പണ്ടുമുതലേ പല സവിശേഷതകളും പാലിച്ചുപോന്നു. കുടുംബപ്രാർത്ഥന, കുട്ടികളുടെ വിശ്വാസപരിശീലനം, കൂദാശകളുടെ സ്വീകരണം, വി.കുർബാനയിലെ പങ്കാളിത്തം, നോമ്പാചരണം, തിരുനാളാഘോഷങ്ങൾ, പരേതരുടെ അനുസ്മരണങ്ങൾ ഇവയിലെല്ലാം നമ്മുടേതായ സവിശേഷതകൾ നാം പുലർത്തുന്നുണ്ട്. ഇവയെല്ലാം ദൈവാലയത്തിലെ ആരാധനാകർമ്മങ്ങളോടൊപ്പം നമ്മുടെ കുടുംബങ്ങളിലെ വിശ്വാസപാരമ്പര്യം വളർത്തിയെടുക്കുന്നതിനും സഹായിച്ചു. എന്നാൽ, ഈ കാലഘട്ടത്തിലെ മാറിയ സാഹചര്യങ്ങളിൽ സഭാമക്കളുടെ വിശ്വാസം കാത്തുപാലിക്കുന്നതിനും അവർ തങ്ങളുടെ ജീവിതത്തിൽ ശരിയായ ക്രൈസ്തവസാക്ഷ്യം നൽകുന്നതിനും നാം പുതിയ സമീപനങ്ങളും പ്രവർത്തന പദ്ധതികളും സ്വീകരിക്കേണ്ടിയിരിക്കുന്നു.

കുടുംബം സ്നേഹത്തിന്റെ ഭവനവും ജീവന്റെ തോട്ടവുമാണ് - മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി പറഞ്ഞുവച്ച മനോഹരമായൊരു ദർശനമാണിത്. അതിനാൽ കുടുംബത്തിൽ സ്നേഹം ഭരണം നടത്തണം; ജീവന്റെ മൂല്യം സംരക്ഷിക്കപ്പെടണം. സ്നേഹത്തിനും ജീവനുമെതിരെ സമൂഹത്തിൽ ഉയരുന്ന എല്ലാ വെല്ലുവിളികളെയും നേരിട്ടു വിജയിക്കാനുള്ള ശക്തി കുടുംബങ്ങൾക്കു ലഭിക്കണം. അതിനാൽ, സഭയിലെ മെത്രാന്മാരും വൈദികരും സമർപ്പിതരും കുടുംബകേന്ദ്രീകൃതമായ അജപാലന ശൈലിക്കുരൂപം കൊടുക്കണം. അജപാലകരായ വൈദികരുടെ, സെമിനാരി പരിശീലനത്തിനും ഈ അജപാലനശൈലിക്ക് പ്രാമുഖ്യം നൽകണം. അജപാലകരുടെ പ്രവർത്തനങ്ങളിൽ കുടുംബാംഗങ്ങളുടെ വിശ്വാസ സാക്ഷ്യമായിരിക്കണം പ്രധാനലക്ഷ്യം. അതിനുപകരിക്കുന്ന പുതിയ ഊന്നലുകൾ അജപാലനത്തിലുണ്ടാകണം. തന്റെ ഉത്തരവാദിത്വത്തിലുള്ള ഓരോ വിശ്വാസിയും, കുട്ടികൾ മുതൽ പ്രായാധിക്യത്തിലെത്തിയവർവരെ, വിശ്വാസജീവിതത്തിന്റെ സത്ഫലങ്ങൾ അനുഭവിക്കാൻ വേണ്ട പരിശ്രമങ്ങൾ നടത്തുകയാണ് അജപാലകന്റെ കർത്തവ്യം. പഠനത്തിനോ ജോലിക്കോ ആയി ഭാരതത്തിലോ വിദേശരാജ്യങ്ങളിലോ ചിതറിപ്പാർക്കുന്ന കുടുംബാംഗങ്ങൾ ശരിയായ ക്രൈസ്തവജീവിതം നയിക്കാൻ പോരുന്ന സാഹചര്യങ്ങളിലാണു കഴിയുന്നതെന്ന് ഉറപ്പുവരുത്തുവാനും വേണ്ടത്ര അജപാലനപരമായ ശൃംഖലകൾ സൃഷ്ടിക്കാനും അജപാലകർ ശ്രദ്ധിക്കണം. സീറോമലബാർ സഭ ആഗോളവ്യാപകമായി വളർന്നിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ അജപാലനത്തിൽ ഈ പുതിയ ഊന്നൽ ആവശ്യകമാണ്.

9. കുടുംബത്തെ മുൻനിർത്തിയുള്ള അജപാലനശൈലിയാണ് സഭ ഇന്ന് നിർദേശിക്കുന്നത്. ഇടവകയുടെയോ സ്ഥാപനങ്ങളുടെയോ പ്രസ്ഥാനങ്ങളുടെയോ ഭരണപരവും സംഘടനാപരവുമായ പ്രവർത്തനങ്ങളിൽ ചേർന്നുനിൽക്കുന്ന ഒരു നിശ്ചിത ശതമാനം ആളുകളുടെ കാര്യത്തിൽ മാത്രം അജപാലകർ ശ്രദ്ധവച്ചു പ്രവർത്തിക്കുന്ന രീതിയാണ് പൊതുവെ നിലവിലുള്ളത്. ഇതിനു വ്യത്യാസം വരുത്തുവാൻ കുടുംബകൂട്ടായ്മകളെ വൈദികർ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഈ മേഖലകളിലെങ്ങും പെടാതെ നിൽക്കുന്നവരെയും സഭയോടു വിഘടിച്ചു വർത്തിക്കുന്നവരെയും അന്വേഷിച്ചു കണ്ടെത്താൻ വൈദികർക്കു കഴിയണം. കാണാതെ പോയ ആടിനെ തേടി കണ്ടെത്തുന്നവനാണല്ലൊ നല്ല ഇടയൻ. ഭവനസന്ദർശനം അജപാലകരുടെ പതിവ് പ്രവർത്തനമാകണം. ചെറിയ ഇടവകകളിൽ ഒരു വൈദികനുതന്നെ ഇത് നിർവ്വഹിക്കുവാൻ സാധിക്കുമായിരിക്കും. എന്നാൽ വലിയ ഇടവകകളിൽ വൈദികരും സമർപ്പിതരും ഉചിതമെങ്കിൽ യോഗ്യരായ അല്മായ പ്രതിനിധികളും ഉൾക്കൊള്ളുന്ന ഭവനസന്ദർശനസമിതികളെ രൂപീകരിച്ച് എല്ലാ കുടുംബങ്ങളിലും ആണ്ടുവട്ടത്തിൽ ഒരു പ്രാവശ്യമെങ്കിലും സന്ദർശനം നടത്തുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടത് ബഹുമാനപ്പെട്ട വികാരിമാരുടെ കടമയായി കാണണം. ഓരോ കുടുംബത്തെക്കുറിച്ചും കുടുംബത്തിലെ ഓരോ അംഗത്തെക്കുറിച്ചും ശ്രദ്ധയും കരുതലും ഉള്ളവരായിരിക്കണം അജപാലകരായ വൈദികർ.

കുടുംബപ്രാർത്ഥന കുടുംബത്തിന്റെ നിലനിൽപിനും വളർച്ചയ്ക്കും അനിവാര്യമാണ്. ഇത് എക്കാലവും നിലനിന്നിരുന്ന നമ്മുടെ ഒരു പൈതൃകമാണല്ലോ. ഒരു കുടുംബത്തിലെ അംഗങ്ങൾ പല ഇടങ്ങളിലാണെങ്കിലും എല്ലാവരും അനുദിനമുള്ള പ്രഭാത-സായാഹ്ന പ്രാർത്ഥനകളിൽ പരസ്പരം അനുസ്മരിച്ച് പ്രാർത്ഥിച്ച് കുടുംബാംഗങ്ങൾക്ക് ദൈവാനുഗ്രഹം പ്രാപിക്കുവാൻ ശ്രദ്ധിക്കണം.

കുട്ടികളെയും യൗവനത്തിലെത്തുന്ന മക്കളെയും മാതാപിതാക്കൾ കരുതലോടെ അനുയാത്ര ചെയ്യണം. അവരുടെ വിദ്യാഭ്യാസം, ധാർമ്മികശിക്ഷണം എന്നിവ വിവേകപൂർവം നിർവ്വഹിക്കണം. സ്വതന്ത്രമായ തീരുമാനങ്ങളെടുത്ത് വ്യക്തിത്വത്തിൽ വളരുവാൻ സഹായിക്കുന്ന രീതിയിൽ ആയിരിക്കണം അവരുടെ വളർച്ചയിൽ മാതാപിതാക്കളുടെ ശ്രദ്ധ. "സ്വാതന്ത്ര്യത്തിലും പക്വതയിലും മൊത്തത്തിലുള്ള അച്ചടക്കത്തിലും സ്വയം തീരുമാനം എടുക്കുന്നതിന് അവരെ പ്രാപ്തരാക്കുന്ന രീതിയിലും വളരുന്നതിന് സ്നേഹപൂർവം അവരെ സഹായിക്കുന്നതിനുള്ള കഴിവാണ് ഏറ്റവും പ്രധാനം." (*സ്നേഹത്തിന്റെ ആനന്ദം,*

നമ്പർ 261) ദൈവവിളികളുടെ പരിപോഷണം കുടുംബങ്ങളുടെയും അജപാലകരുടെയും സജീവശ്രദ്ധയിലുണ്ടാകണം.

നവമാധ്യമങ്ങളുടെ ഉപയോഗം ക്രിസ്തീയമൂല്യങ്ങൾ സംരക്ഷിച്ചുകൊണ്ട് നിർവഹിക്കുവാൻ കുട്ടികൾക്ക് മാർഗദർശനം നൽകുക എന്നതും ഇന്ന് മാതാപിതാക്കന്മാർ പ്രത്യേകം ശ്രദ്ധിക്കേണ്ട വിഷയമാണ്. രാജ്യസ്നേഹമുള്ള പൗരന്മാരായി കുട്ടികളെ വളർത്താൻ മാതാപിതാക്കളും അദ്ധ്യാപകരും ശ്രദ്ധിക്കണം. ഇന്ത്യയിൽ പഠിക്കുന്ന കുട്ടികൾ പഠനത്തിനുശേഷം വിദേശരാജ്യങ്ങളിൽ ജോലി കണ്ടെത്തുന്നതിനുള്ള ഭ്രമം ഉപേക്ഷിക്കുകയും ഇവിടെത്തന്നെ ജോലികൾ കണ്ടെത്താനും സംരംഭകരാകാനും ആവുന്നിടത്തോളം പരിശ്രമിക്കുകയും വേണം. വിദ്യാഭ്യാസത്തിനോ ജോലികൾക്കോ വേണ്ടി സ്വദേശത്തു നിന്നും സ്വഭവനത്തിൽ നിന്നും അകന്നു കഴിയുന്ന മക്കൾ, തങ്ങളുടെ കുടുംബത്തോടും മാതൃസഭയോടുമുള്ള ബന്ധം സുദൃഢമായി നിലനിർത്തുവാൻ, മാതാപിതാക്കന്മാർ അവരെ സഹായിക്കണം.

കുടുംബത്തെ മുൻനിർത്തിയുള്ള അജപാലനത്തിൽ യുവജനങ്ങൾക്ക് പ്രത്യേകസ്ഥാനമുണ്ട്. അനുസ്യൂതം മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളിൽ വിശ്വാസവും സന്മാർഗവും സംബന്ധിച്ച് വെല്ലുവിളികൾ ഉണ്ടാകുമ്പോൾ അവർക്കുചിതമായ സമീപനങ്ങൾ എടുക്കുവാൻ യുവജനങ്ങളെ ശക്തരാക്കേണ്ടത് സഭയുടെ പ്രത്യേക ദൗത്യമാണ്. അജപാലകർക്ക് ഇതിൽ പ്രത്യേക ഉത്തരവാദിത്വമുണ്ട്. ഈ ദൗത്യബോധത്താൽ ഫ്രാൻസീസ് പാപ്പാ 2018-ൽ യുവജനങ്ങൾക്കായി ഒരു സിനഡു തന്നെ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. സഭയിലെ യുവജനപ്രസ്ഥാനമായ സീറോമലബാർ യൂത്ത് മൂവുമെന്റ് (SMYM) നെയും മറ്റു യുവജനസംഘടനകളെയും മുതിർന്നവർക്കുവേണ്ടിയുള്ള അല്മായ സംഘടനയായ കത്തോലിക്കാകോൺഗ്രസിനെയും മാതൃവേദിയെയും പരമാവധി പരിപോഷിപ്പിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമായി ഏവരും മനസ്സിലാക്കണം.

ക്രിസ്തീയ വിശ്വാസത്തിനും സന്മാർഗത്തിനും നിരക്കാത്ത പ്രത്യയശാസ്ത്രങ്ങളുടെയോ ജീവിതസങ്കൽപങ്ങളുടെയോ കെണികളിൽപെടാതെ യുവാക്കളായ മക്കൾ ജീവിക്കേണ്ടതിന്, മാതാപിതാക്കൾ മക്കളോട് ചേർന്ന് സജീവജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു. മദ്യം, മയക്കുമരുന്ന്, ഇന്റർനെറ്റ് അശ്ലീലത, കുട്ടികൾക്കെതിരായുള്ള ലൈംഗികാതിക്രമങ്ങൾ, തിന്മയുടെ സംഘടിതവലയങ്ങൾ (rackets) എന്നിവകളിൽപ്പെടാതെ യുവജനങ്ങളെ കാത്തുസൂക്ഷിക്കേണ്ടത് കുടുംബങ്ങളുടെയും സഭയുടെയും ഉത്തരവാദിത്വമാണ്.

10. ജീവന്റെ സംരക്ഷണം ഭ്രൂണത്തിന്റെ ആദ്യനിമിഷം മുതൽ ഉറപ്പുവരുത്തേണ്ടതാണ്. കാരുണ്യവധം ക്രൈസ്തവർക്ക് ഒരിക്കലും സ്വീകാര്യമല്ല. ലൈംഗിക വിദ്യാഭ്യാസം ക്രൈസ്തവ പരിശീലനത്തിന്റെ ഭാഗമായി കുട്ടികൾക്കും യുവജനങ്ങൾക്കും നൽകണം. അത് അവർക്ക് ലഭിക്കുന്നുണ്ടെന്ന് മാതാപിതാക്കൾ ഉറപ്പുവരുത്തണം.

സ്ത്രീ-പുരുഷസമത്വം സഭ പരിപോഷിപ്പിക്കുന്ന സാമൂഹിക നന്മയാണ്. ഭാര്യാഭർതൃബന്ധത്തിലും ഇടവകകളിലെയും സ്ഥാപനങ്ങളിലെയും നയങ്ങളിലും കർമ്മപരിപാടികളിലും ഇത് അഭംഗുരം പാലിക്കപ്പെടേണ്ടതാണ്. സ്ത്രീപീഡനം ക്രിസ്തീയതയ്ക്ക് കടകവിരുദ്ധമാണ്. സ്ത്രീ-പുരുഷസമത്വത്തിനു വിരുദ്ധമായ കുടുംബകലഹങ്ങളോ വിപരീതബന്ധങ്ങളോ ക്രൈസ്തവർക്ക് ചേർന്നതല്ല.

പ്രായാധിക്യം, രോഗം, ശാരീരികമോ മാനസികമോ ആയ കുറവുകൾ, തൊഴിലില്ലായ്മ എന്നീ അവസ്ഥകളിലുള്ളവരെ കുടുംബത്തിനുള്ളിൽ ചേർത്തുനിർത്താൻ കഴിയണം. ഒരുവന് ദൈവം നൽകുന്ന കഴിവുകൾ മറ്റുള്ളവർക്കുവേണ്ടിക്കൂടി പ്രയോജനപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. കുടുംബത്തിലാണ് ഇതാദ്യം ആരംഭിക്കേണ്ടത്. ഉപവി അഥവാ കാരുണ്യപ്രവർത്തനം കുടുംബത്തിൽ ആരംഭിക്കുന്നു (Charity begins at home). മക്കൾ മാതാപിതാക്കൾക്ക് കൊടുക്കേണ്ട ആദരവും ബഹുമാനവും എടുത്ത് പറയാനാഗ്രഹിക്കുന്നു. തോബിത് തോബിയാസിന് കൊടുക്കുന്ന നിർദ്ദേശം എതയോ ഹൃദയസ്പർശിയാണ്:"മകനേ, ഞാൻ മരിക്കുമ്പോൾ എന്നെ സംസ്കരിക്കുക. നിന്റെ അമ്മയുടെ കാര്യം ഒരിക്കലും മറക്കരുത്. ജീവിതകാലം മുഴുവൻ അവളെ ആദരിക്കണം; അമ്മയുടെ ഹിതം നോക്കണം. ഒരിക്കലും അവളെ വേദനിപ്പിക്കരുത്" (തോബിത് 4:3).

11. കുടുംബത്തിലെ കൂട്ടായ്മാചൈതന്യം വർദ്ധിപ്പിക്കുവാൻ ഉപകരിക്കുന്ന ആചാരങ്ങളും ആഘോഷങ്ങളും ഇടവക തലത്തിലേയ്ക്ക് വ്യാപിപ്പിക്കാതിരിക്കുവാൻ അജപാലകർ ശ്രദ്ധിക്കണം. പെസഹാ അപ്പം മുറിക്കുന്ന ശുശ്രൂഷ കുടുംബത്തിൽ മാതാപിതാക്കളും മക്കളും ചേർന്ന് നടത്തുന്ന അർത്ഥവത്തായ ഒരു ആചാരമാണ്. ആ അപ്പം മുറിക്കൽ കർമ്മം വീടുകളിൽ നിന്ന് അപ്പം കൊണ്ടുവന്ന് ഇടവകയിൽ നടത്തുമ്പോൾ കുടുംബത്തിലെ ആചാരത്തിന്റെ അർത്ഥം തന്നെ വളരെ കുറഞ്ഞുപോകാനിടയുണ്ട്. ദൈവാലയത്തിലെ യഥാർത്ഥ പെസഹാ ആചരണം കഴിഞ്ഞശേഷം പെസഹാ അപ്പം മുറിക്കുവാൻ കുടുംബങ്ങളിലേയ്ക്ക് ദൈവജനത്തെ പറഞ്ഞുവിടുകയാണ് വൈദികർ ചെയ്യേണ്ടത്. അതുപോലെതന്നെ, ഇടവക തിരുനാൾ ദിനത്തിൽ

ക്ഷണിക്കപ്പെട്ട ബന്ധുമിത്രാദികളോടുകൂടി ഓരോ കുടുംബത്തിലും നടത്തുന്ന വിരുന്നനുഭവവും കുടുംബസമ്മേളനവും കുടുംബബന്ധങ്ങളെ ഊട്ടി ഉറപ്പിക്കുന്ന ഒരു നല്ല പതിവാണ്. അതിനു പകരം ഇടവകയിൽ എല്ലാവരേയും ഊട്ടുസദ്യ നടത്തി സൽക്കരിച്ചുവിട്ടാൽ കുടുംബങ്ങളുടെ കെട്ടുറപ്പിന് അത് ഉപകരിക്കുകയില്ല.

ഇടവകയിലെ കുടുംബകൂട്ടായ്മകളിൽ എല്ലാ കുടുംബങ്ങളും സജീവമായി പങ്കുചേരണം. രക്തബന്ധാടിസ്ഥാനത്തിലുള്ള കുടുംബയോഗങ്ങൾ, മേന്മയോ കുടുംബമഹത്വമോ പ്രകടിപ്പിക്കാത്ത രീതിയിൽ, ഒരു കുടുംബയോഗം ഉൾക്കൊള്ളുന്ന കുടുംബങ്ങളിലെ അംഗങ്ങളുടെ പ്രത്യേകിച്ച് പാവപ്പെട്ടവരുടെ അഭ്യുന്നതിയെ ലക്ഷ്യം വെച്ച് സംഘടിപ്പിക്കാവുന്നതാണ്. ക്നാനായ സമൂഹത്തിന്റെ കൂടിവരവും പ്രവർത്തനവും ഈ ശൈലിയിൽ വളർന്നിട്ടുള്ളതാണ്. “മാത്സര്യമോ വ്യർത്ഥാഭിമാനമോ മൂലം നിങ്ങൾ ഒന്നും ചെയ്യരുത്. മറിച്ച് ഓരോരുത്തരും താഴ്മയോടെ മറ്റുള്ളവരെ തങ്ങളെക്കാൾ ശ്രേഷ്ഠരായി കരുതണം. ഓരോരുത്തരും സ്വന്തം താല്പര്യം മാത്രം നോക്കിയാൽ പോരാ; മറിച്ച് മറ്റുള്ളവരുടെ താല്പര്യവും പരിഗണിക്കണം”(ഫിലി 2:3-5).

### പ്രവാസികളുടെ ദൗത്യം

12. കത്തോലിക്കാസഭ സാർവത്രികമാണ്. ലോകമെമ്പാടുമുള്ള ജനപദങ്ങൾക്കിടയിൽ ക്രിസ്തുവിനുസാക്ഷ്യം വഹിക്കുകയാണ് സഭയുടെ ദൗത്യം. ഇതേ ദൗത്യം ഒരു വ്യക്തിസഭയെന്ന നിലയിൽ സീറോ മലബാർ സഭയ്ക്കുമുണ്ട്. അതിനാൽ ഈ സഭയുടെ പ്രവാസിസമൂഹങ്ങൾ അവരവരുടെ രാജ്യങ്ങളിൽ നമ്മുടെ സഭയുടെ പാരമ്പര്യങ്ങൾക്കും പൈതൃകങ്ങൾക്കും യോജിച്ചരീതിയിൽ ക്രിസ്തുവിന് സാക്ഷ്യം വഹിക്കേണ്ടിയിരിക്കുന്നു. അതിനു സഹായകമാകുന്ന രീതിയിലാണ് നമ്മുടെ പ്രവാസി സമൂഹങ്ങൾക്കായി പരിശുദ്ധ സിംഹാസനം രൂപതകളും മറ്റുവിധ സഭാസംവിധാനങ്ങളും നൽകുന്നത്. ഇനിയും അവ രൂപപെട്ടിട്ടില്ലാത്ത സാഹചര്യങ്ങളിൽ പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരം വേണ്ടവിധം ലഭിക്കുന്നതിനുവേണ്ടി സഭാമക്കൾ പ്രാർത്ഥിക്കേണ്ടതാണ്.

സീറോമലബാർ സഭയുടെ കൂട്ടായ്മയിൽ പ്രവാസികൾക്ക് അനിഷേധ്യമായ സ്ഥാനമുണ്ട്. പ്രവാസികൾ എവിടെ ആയിരുന്നാലും മാതൃസഭയുടെ സ്നേഹവും കരുതലും അവരോടൊപ്പമുണ്ട് എന്ന് പറയുവാൻ ആഗ്രഹിക്കുന്നു. അതിന് കുറവ് വരാതിരിക്കുവാൻ മാതൃസഭയിലെ വിശ്വാസികൾ പ്രത്യേകം ശ്രദ്ധിക്കണം.

ഇന്ത്യയ്ക്ക് പുറത്തുള്ള നമ്മുടെ സഭാസമൂഹങ്ങൾ മാതൃസഭയോടുള്ള ബന്ധത്തിലും കൂട്ടായ്മയിലും അഭിവൃദ്ധി പ്രാപിക്കുവാൻ

ശ്രദ്ധിക്കണം. സുവിശേഷവൽക്കരണത്തിനും പ്രവാസികളുടെ അജപാലനത്തിനും വേണ്ടിയുള്ള സഭയുടെ സിനഡൽ കമ്മീഷന്റെ ആഭിമുഖ്യത്തിൽ ഈ ബന്ധവും കൂട്ടായ്മയും പരിപോഷിപ്പിക്കപ്പെടും എന്നാണ് നാം വിഭാവനം ചെയ്യുന്നത്. പ്രവാസിസമൂഹങ്ങളുടെ വളർച്ചയ്ക്കാവശ്യമായ സഹായസഹകരണങ്ങൾ ചെയ്യുവാൻ മാതൃസഭയ്ക്ക് ഉത്തരവാദിത്വമുണ്ട്. അതിനുവേണ്ട സംവിധാനങ്ങൾ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. ക്നാനായ സമൂഹത്തിനുവേണ്ടി, ആ സമൂഹത്തിന് പരിഗണനീയമായ അംഗങ്ങളുള്ള പ്രദേശങ്ങളിലെല്ലാം ക്നാനായ അജപാലന അജപാലനശുശ്രൂഷാസൗകര്യം സംലഭ്യമാക്കണം. ഭാരതത്തിലെ പ്രവാസിസമൂഹങ്ങളുടെ സംരക്ഷണത്തിനായി സഭയുടെ മൗണ്ട് സെന്റ് തോമസ് ആസ്ഥാനകാര്യാലയത്തിൽ പ്രവർത്തിക്കുന്ന "സീറോമലബാർ മിഷന്റെ" (SyMM) പരിശ്രമങ്ങൾ കൂടുതൽ ഫലപ്രദമാകണം. സഭാമക്കളുടെ നിർലോപമായ സഹകരണം ഈ രംഗത്ത് ഉണ്ടാകണം. സാമ്പത്തികശേഷിയുള്ള പ്രവാസി സഭാമക്കളും സമൂഹങ്ങളും സംഘടനകളും ചില രൂപതകളും മാതൃസഭയിലെ രൂപതകൾക്ക് വിശിഷ്യാ, മിഷൻ രൂപതകൾക്ക് ചെയ്തുകൊണ്ടിരിക്കുന്ന സഹായസഹകരണങ്ങൾക്ക് പ്രത്യേകം നന്ദി പറയുന്നു. അതോടൊപ്പം പ്രവാസിസമൂഹങ്ങൾ അതാതുസ്ഥലങ്ങളിൽ സഭാകൂട്ടായ്മകളായി രൂപപ്പെടുവാൻ എടുക്കുന്ന പരിശ്രമങ്ങളെയും കാരുണ്യപ്രവർത്തനങ്ങളെയും പ്രത്യേകം ശ്ലാഘിക്കുവാനും ഈ അവസരം ഉപയോഗിക്കുന്നു. വിവിധ രാജ്യങ്ങളിൽ പ്രവാസികൾക്കായി അജപാലനസൗകര്യങ്ങൾ രൂപപ്പെടുന്നതോടുകൂടി ആ പ്രദേശങ്ങളിൽ ശുശ്രൂഷ ചെയ്യുന്ന വൈദികർക്കും സമർപ്പിതർക്കും മറ്റ് ശുശ്രൂഷകൾക്കും യോജിച്ച പരിശീലനവും രൂപപ്പെടുത്തേണ്ടതുണ്ട്.

പ്രവാസിസമൂഹങ്ങളിലെ അജപാലകരും നേതൃത്വശുശ്രൂഷയിലുള്ളവരും പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു കാര്യം ഇവിടെ പറഞ്ഞുകൊള്ളട്ടെ. "നമ്മുടെ പ്രവാസികൾ ഇപ്പോൾ ഒന്നാംതലമുറക്കാർ മാത്രമല്ല. രണ്ടാം തലമുറയിലും അതിനിപ്പുറമുള്ള തലമുറയിലും പെട്ടവരുണ്ട്. ഒന്നാം തലമുറ പുതിയ സാഹചര്യങ്ങളോട് ഇണങ്ങിചേരാൻ കഷ്ടപ്പെടുമ്പോൾ രണ്ടാം തലമുറയിലും പിന്നീടുള്ള തലമുറയിലും പെട്ടവർ തങ്ങൾ ജീവിക്കുന്ന സമൂഹത്തിൽ പ്രയാസമില്ലാതെ ഉൾച്ചേരുന്നു. പക്ഷേ തങ്ങളുടെ സീറോമലബാർ തനിമയിൽ വളരാൻ കഷ്ടപ്പെടുന്നു. അതിന്റെ ഫലമായി തങ്ങൾ പൂർവികരിൽ നിന്നും സ്വീകരിച്ച വിശ്വാസം പുതിയ തലമുറയ്ക്ക് പകർന്നുനൽകാൻ മാതാപിതാക്കൾ പ്രയാസപ്പെടുകയാണ്. ഈ തലമുറകളോടുള്ള നമ്മുടെ സഭയുടെ മനോ

ഭാവത്തിൽ മാറ്റമുണ്ടാകണം. വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്ന വരും വ്യത്യസ്ത സംസ്കാരങ്ങളിൽ ജീവിക്കുന്നവരുമാണവർ. അവർ തങ്ങളുടെ സാമൂഹികവും സാമ്പത്തികവും പൗരധർമ്മപരവും രാഷ്ട്രീ യവുമായ മണ്ഡലങ്ങളിൽ കൈവരിക്കുന്ന നേട്ടങ്ങളെ സഭ സന്തോഷ ത്തോടെ നോക്കിക്കാണുന്നു" (അസംബ്ലിയുടെ പ്രവർത്തനരേഖ, പ്രവാ സികളുടെ ദൗത്യം, നമ്പർ 1). പ്രവാസികളുടെ അജപാലനശുശ്രൂഷ യിലും വിശ്വാസപരിശീലനത്തിലും ദൈവാരാധനയിലും കുടുംക്കൂട്ടാ യ്മകളിലുംകാലോചിതമായ പരിവർത്തനത്തിനു അജപാലകർ നേതൃത്വം നൽകണം.

പ്രവാസിസമൂഹങ്ങളിലെ കുടുംബജീവിതത്തിലുണ്ടാകുന്ന മിശ്ര വിവാഹം, വിശ്വാസവ്യതിചലനം, സെക്കുലറിസം, ധാർമ്മികച്യുതി മുത ലായ പ്രത്യേക പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ അവിടങ്ങളിലെ അജപാലകർ സവിശേഷ ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു.

പ്രവാസികൾ തങ്ങളെത്തന്നെ പ്രേഷിതരായി കാണണം. നാമെ വിടെച്ചെന്നാലും ക്രിസ്തുവിന്റെ സുവിശേഷത്തിനു സാക്ഷികളാകേണ്ട വരാണ്. പ്രവാസി നാടുകളിലെ സാഹചര്യങ്ങൾക്കനുസരിച്ച് ഇതര സമൂഹങ്ങളുമായി ക്രൈസ്തവവിശ്വാസവും ധാർമ്മിക ജീവിതശൈ ലിയും കൈമാറുവാൻ സഭാമക്കൾക്ക് സാധിക്കണം. എല്ലാ ഇടങ്ങളിലും നമ്മുടെ സഭയുടെ പ്രേഷിതചൈതന്യം വളർന്ന് വികസിക്കണം.

**മുന്നോട്ടുള്ള പാതയിൽ**

13. കത്തോലിക്കരായ നാം ശരിയായ ക്രൈസ്തവസാക്ഷ്യത്തിൽ നിന്ന് വഴിതെറ്റി സഞ്ചരിച്ചിട്ടുണ്ടോ എന്ന് ആത്മപരിശോധന നടത്തേ ണ്ടിയിരിക്കുന്നു. നിശ്ചലമായ ജലാശയത്തിലെ കല്ലുകളിൽ പായൽ പാളികൾ പറ്റിപിടിച്ചാൽ കലിന്റെ സ്വഭാവം തന്നെ അതിന് നഷ്ടപ്പെടു ന്നതുപോലെ പല കത്തോലിക്കരുടെയും ക്രൈസ്തവസ്വഭാവം നഷ്ട പ്പെടുന്നില്ലേ? നൂറ്റാണ്ടുകളായി കടന്നുകൂടിയ പായലുകളെ പറിച്ചുമാ റ്റുക പ്രയാസമാണ്. എങ്കിലും അത് അസാധ്യമല്ല. കത്തോലിക്കരായ നമ്മുടെ ക്രൈസ്തവസാക്ഷ്യം ക്രിസ്തുവിലുള്ള വിശ്വാസത്തിന് യോജിച്ചതും ആദിമനൂറ്റാണ്ടുകളിലെ ക്രൈസ്തവരുടെ ആർജ്ജവമുള്ള സാക്ഷ്യത്തിന് സദൃശവുമാകണമെങ്കിൽ സമൂലമായ പരിവർത്തനം നമ്മിൽ സംഭവിച്ചേ പറ്റൂ. ഈ പരിവർത്തനമാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ തുടങ്ങിവച്ചത്; സമീപകാല മാർപാപ്പാമാർ ഉദ്ബോധിപ്പി ച്ചത്; ഫ്രാൻസിസ് പാപ്പാ കാരുണ്യത്തിന്റെ ഒറ്റമൂലി പ്രയോഗത്തിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

സീറോമലബാർ കത്തോലിക്കരായ നമ്മുടെ ജീവിതത്തിൽ വരേണ്ട പരിവർത്തനം എന്താണ്? ശരിയായ ക്രൈസ്തവജീവിതശൈലിയിലേയ്ക്ക് നാം തിരിച്ചു പോകണം. തിരുവചനം, സഭാപ്രബോധനങ്ങൾ, ദൈവാരാധന (ലിറ്റർജി), പ്രാർത്ഥന, കൂട്ടായ്മ, കാരുണ്യപ്രവർത്തനങ്ങൾ ഇവയാണ് ശരിയായ ക്രൈസ്തവസാക്ഷ്യത്തെ രൂപപ്പെടുത്തുന്ന പ്രധാന ഘടകങ്ങൾ. ഈ ഘടകങ്ങളിലോരോന്നിലുമുണ്ടാകാവുന്ന വൈകല്യങ്ങൾ ക്രൈസ്തവരുടെ ജീവിതസാക്ഷ്യത്തെ വികലമാക്കും. ദൈവവചനത്തിന്റെയും സഭാപ്രബോധനങ്ങളുടെയും ശരിയായ അവബോധമില്ലാതെ സഭയിൽ എത്രയോ ഭിന്നിപ്പുകൾ ഉണ്ടായിരിക്കുന്നു. ദൈവാരാധനയുടെ അടിസ്ഥാന സ്വഭാവം മനസ്സിലാക്കാതെ വ്യക്തിപരമായ ദൈവവചനധ്യാനത്തിലും പ്രാർത്ഥനകളിലും അതിനെ ഒതുക്കാമെന്ന് കരുതുന്നവരുണ്ട്. ദൈവാരാധനയിൽ വിശുദ്ധ കുർബാനയുടെ ആഘോഷത്തിനും കൂദാശകളുടെ സ്വീകരണത്തിനുമുള്ള പ്രാധാന്യം മനസിലാക്കാതെ പോകുന്നവരുണ്ട്. ദൈവാരാധന, കർത്താവായ ഈശോ തന്റെ ജീവിതം, സഹനം, മരണം, ഉത്ഥാനം എന്നിവ വഴി പരമപിതാവിന് അർപ്പിച്ച ആരാധനയുടെ അനുഭവമാകണം. ഈ അനുഭവത്തിന്റെ കേന്ദ്രപ്രാധാന്യത്തിന് കുറവുവരുന്നവിധം വിശുദ്ധരോടുള്ള വണക്കവും അതിനോടു ബന്ധപ്പെട്ട നൊവേനകളും കപ്പേള, കുരിശടി-ഗ്രോട്ടോ ഭക്തികളും തിരുനാളാഘോഷരീതികളും സഭാജീവിതത്തിൽ സ്ഥാനം പിടിക്കാൻ പാടില്ല. പുതിയ പുതിയ ഭക്തികൾ, ഭാവനാസൃഷ്ടികളായ പുതിയ സ്വരൂപ വണക്കങ്ങളിലൂടെ പ്രചരിപ്പിക്കാൻ തത്രപ്പെടുന്നവരുണ്ട്.

14. നാം വിഭാവനം ചെയ്യുന്ന പുതിയ അജപാലനശൈലി പ്രാവർത്തികമാക്കുവാൻ, വൈദികരും സമർപ്പിതരും തിരുവചനം, ദൈവശാസ്ത്രവിഷയങ്ങൾ, സഭാപ്രബോധനങ്ങൾ എന്നിവയിലധിഷ്ഠിതമായ തുടർപരിശീലനത്തിലൂടെ നിരന്തരം കടന്നുപോവുകയും വേണ്ടത്ര അറിവ് സ്വായത്തമാക്കുകയും ചെയ്യേണ്ടതുണ്ട്. കാലഘട്ടത്തിന്റെ വെല്ലുവിളികളോടു പ്രത്യുത്തരിക്കാൻ വിശ്വാസികൾക്കു കഴിയണമെങ്കിൽ അതിനവരെ പരിശീലിപ്പിക്കാൻ പോരുന്ന അറിവും അവഗാഹവും അജപാലകർക്കുണ്ടായിരിക്കണം. കഥകളും നർമ്മവും ആകാമെങ്കിലും അവയെക്കൊണ്ടെന്നതിനെക്കാൾ നവീനാശയങ്ങളുടെയും ആഭിമുഖ്യങ്ങളുടെയും മാസ്മര്യം കൊണ്ടായിരിക്കണം പുതിയ തലമുറയെ അജപാലകർ വിശ്വാസത്തിൽ ശാക്തീകരിക്കുവാൻ.

15. കഴിഞ്ഞ മൂന്ന് മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലികളിൽ വന്ന ഏകകണ്ഠമായ അഭിപ്രായമാണ് നമ്മുടെ സഭയിൽ

പൂർണ്ണമായ ഐക്യം എല്ലാ തങ്ങളിലും വിശിഷ്യാ, ആരാധനാക്രമത്തിൽ ഉണ്ടാകണമെന്നത്. ഇക്കഴിഞ്ഞ അസംബ്ലിയുടെ നിർദ്ദേശം ഇപ്രകാര മാണ്: "ലിറ്റർജിയിൽ ഐക്യവും അതിന്റെ സാരാംശങ്ങളിൽ ഐകരൂ പ്യവും നിലനിർത്താൻ അസംബ്ലി സീറോമലബാർ സഭ മുഴുവനോടും അഭ്യർത്ഥിക്കുന്നു " (അസംബ്ലിയുടെ പ്രസ്താവന, പൊതുനിർദ്ദേശ ങ്ങൾ, നമ്പർ 5) സഭയിലാകമാനം ഈ നിർദ്ദേശം നടപ്പിലാക്കാനുള്ള ആഗ്രഹവും ശക്തമാണ്. അനുകൂലമായ ഈ അന്തരീക്ഷം വേണ്ടത്ര പ്രയോജനപ്പെടുത്തിക്കൊണ്ട് സഭയെ പൂർണ്ണമായ ഐക്യത്തിലെത്തി ക്കാൻ നമുക്ക് പരിശ്രമിക്കാം. ഇനി നമുക്ക് ഐക്യത്തിന്റെ ഭാഷ മാത്രം സംസാരിക്കാം. വേറിട്ട് ചിന്തിച്ച് വേറിട്ട് നിൽക്കാനുള്ള പ്രേരണകളെ നമുക്ക് ഉപേക്ഷിക്കാം. അഭിപ്രായ വ്യത്യാസങ്ങളെ സമന്വയിപ്പിച്ച് സഭാ മക്കളെല്ലാവരും ഒന്നിച്ച് മുന്നേറുന്ന ശൈലി നമുക്ക് അഭ്യസിക്കാം. ഐക്യം ദൈവത്തിന്റെ ദാനമാണ്. പ്രാർത്ഥനാപൂർവ്വം അത് സ്വീകരി ക്കുവാനും പ്രാവർത്തികമാക്കുവാനും നമുക്ക് പ്രതിജ്ഞാബദ്ധരാകാം.

16. കൂട്ടായ്മയുടെ കർമ്മങ്ങളായ വിദ്യാഭ്യാസം, രോഗിശുശ്രൂഷ, സാമൂഹ്യസേവനം, കലാസാംസ്കാരിക സപര്യ, മാധ്യമധർമ്മം, കാരുണ്യപ്രവർത്തനം എന്നിവയെയും ക്രൈസ്തവസാക്ഷ്യത്തിന്റെ അവശ്യഭാഗമായി കാണേണ്ടിയിരിക്കുന്നു. ഇത്തരം സാമൂഹികപ്രവർത്ത നങ്ങളിലെല്ലാം സത്യനിഷ്ഠ, നീതിബോധം, സുതാര്യത എന്നീ മൂല്യ ങ്ങൾ മുറുകെ പിടിച്ചാൽ അതുതന്നെയാണ് നമുക്ക് പൊതുസമൂഹ ത്തിന് കൊടുക്കാവുന്ന ഏറ്റവും വലിയ സംഭാവന. ഇത്തരം ബാഹ്യ പ്രവർത്തികളിലാണ് നമ്മുടെ വിശ്വാസത്തിന്റെ ആന്തരികമായ ആധി കാരികത ബാഹ്യമായി പ്രകാശിതമാകേണ്ടത്. ശരിയായ മാധ്യമധർമ്മം നിർവ്വഹിക്കുവാൻ പരിശ്രമിക്കുന്ന ദിനപത്രങ്ങളെയും മറ്റ് മാധ്യമങ്ങ ളെയും സഭാമക്കൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

കൃഷിയിലും പരമ്പരാഗതവ്യവസായങ്ങളിലുമുള്ള നമ്മുടെ ജന ത്തിന്റെ ഈടുപാട് നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യു വാൻ വൈദികരും അല്മായരുമായ സമൂഹനിയന്താക്കൾ ശ്രദ്ധിക്കണം. ഓരോ കുടുംബവും ജൈവകൃഷിയെ ഒരു കർമ്മപരിപാടിയായി സ്വീക രിക്കണം.

17. പാവപ്പെട്ടവരോടും ക്ലേശിതരോടും ഭിന്നശേഷിയുള്ളവരോടും പീഡനങ്ങൾക്ക് വിധേയരാകുന്നവരോടും നമ്മൾ ഐക്യദാർഢ്യം ഉള്ള വരായിരിക്കണം. അനുദിന ക്രൈസ്തവ ജീവിതശൈലിയിൽ ഇവരെ യെല്ലാം ഉൾക്കൊള്ളുവാൻ നമുക്ക് കഴിയണം. സ്നേഹത്തിന്റെയും

കാരുണ്യത്തിന്റെയും പ്രവർത്തനങ്ങൾ നമ്മുടെ സാധാരണ ജീവിത ശൈലി ആകണം. അത്തരം പ്രവർത്തനങ്ങൾ വല്ലപ്പോഴും ചെയ്യേണ്ട നന്മകൾ പോലെയല്ല, ക്രൈസ്തവ സാക്ഷ്യത്തിന്റെ തന്നെ ഉത്തരവാദിത്വംപോലെ നാം നിർവഹിക്കണം.

18. പൊതുസമൂഹത്തിൽ എല്ലാ മതങ്ങളോടും സംസ്കാരങ്ങളോടും ഇഴുകിചേർന്ന് മാനവികതയുടെ മൂല്യങ്ങൾ മുറുകെപ്പിടിച്ച് മുന്നേറേണ്ടവരാണ് ക്രൈസ്തവർ. ഭാരതത്തിലെ മതസാംസ്കാരികമൂല്യങ്ങൾ സ്വാംശീകരിച്ച് ഒന്നുചേർന്ന് പ്രവർത്തിക്കുന്ന ശൈലി ഇതിനകം തന്നെ നാം സമാർജിച്ചിട്ടുണ്ട്. അതുതന്നെ നാം തുടരണം. എല്ലാ മതങ്ങളിലും സംസ്കാരങ്ങളിലുമുള്ള മൂല്യങ്ങളോട് ക്രിസ്തീയമൂല്യങ്ങളുടെ ദൈവീകമായ ഒരു മാനവികത കെട്ടിപ്പടുക്കുവാനും നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു. പൗരാണികമായ നമ്മുടെ വിശ്വാസപാരമ്പര്യത്തിന്റെ അടിസ്ഥാനത്തിൽ പ്രതികരിക്കുവാനും അതിനനുസരിച്ചുള്ള പ്രതിപ്രവർത്തനങ്ങളിലൂടെ സാർവലൗകികമാനം അപ്രകാരം പൂർണ്ണമാക്കാൻ നമുക്ക് സാധിക്കട്ടെ.

## ഉപസംഹാരം

പ്രിയ സഹോദരീ സഹോദരന്മാരെ,

19. കാലികമായ മൂന്ന് വിഷയങ്ങളെ ആധാരമാക്കി നമ്മുടെ സഭയുടെ നാലാം മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയിൽ നടന്ന ചർച്ചകളുടെയും മുന്നോട്ടുവച്ച നിർദ്ദേശങ്ങളുടെയും വെളിച്ചത്തിൽ സഭയിലാകമാനം ഉണ്ടാകേണ്ട കാഴ്ചപ്പാടുകളെയും കർമ്മപദ്ധതികളെയും സമ്യക്കായി അവതരിപ്പിക്കാനുള്ള പരിശ്രമത്തിന്റെ ഫലമാണ് ഈ പ്രബോധനരേഖ. എല്ലാം ഇതിൽ പൂർണ്ണമായി ഉൾക്കൊണ്ടിട്ടുണ്ട് എന്ന് പറയാൻ വയ്യ. എങ്കിലും എല്ലാ രൂപതകളിലും ഈ രേഖയിലെ പ്രധാന ചിന്തകൾ ചർച്ച ചെയ്യുകയും അവസാനം ചേർത്തിട്ടുള്ള കർമ്മപരിപാടികൾ നടപ്പിലാക്കുകയും ചെയ്യണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. രൂപതാടിസ്ഥാനത്തിലും സമർപ്പിതസമൂഹങ്ങളിലും ഇടവകകളിലും കുടുംബങ്ങളിലും സംഘടനകളിലും സ്ഥാപനങ്ങളിലും ഇതിനാവശ്യകമായ പ്രായോഗിക നടപടികൾ സ്വീകരിക്കേണ്ടതാണ്. അതുവഴി നവീകരണത്തിന്റെ നിരന്തര അനുഭവം സഭയിൽ ഉണ്ടാകുവാൻ ഇടയാകട്ടെ. “സഭ എപ്പോഴും നവീകരിക്കപ്പെടേണ്ടവളാണ്” (*ecclesia semper reformanda*) എന്ന ചൊല്ലിന്റെ അടിസ്ഥാനത്തിൽ ഈ രേഖയിലെ പ്രായോഗിക നടപടികളെ നമുക്ക് ഉൾക്കൊള്ളാൻ ശ്രമിക്കാം.

ലളിതജീവിതശൈലിയിലൂടെ സഭയുടെ മുഖത്തിന് മിശിഹായുടെ ശരീരമെന്ന നിലയിൽ മനോഹാരിത വർദ്ധിപ്പിക്കണമെന്നതാണ്

അസംബ്ലിയുടെ ശക്തമായ അഭിപ്രായം. "സഭ കുടുംബങ്ങളുടെ കുടുംബമാണ്" (സ്നേഹത്തിന്റെ ആനന്ദം, നമ്പർ 87) എന്ന് ഫ്രാൻസീസ് പാപ്പാ പറയുന്ന ദർശനമനുസരിച്ച് കുടുംബത്തിന്റെ ചൈതന്യം സഭ മുഴുവൻ നമുക്ക് വ്യാപകമാക്കാം. സഭാംഗങ്ങൾക്ക് പരസ്പരം ഉണ്ടായിരിക്കേണ്ട സ്നേഹവും കരുതലും കൂട്ടായ്മാബോധവും സഭയിലാകമാനം പ്രകടമാകട്ടെ. പ്രവാസികളെയും ഉൾക്കൊള്ളുന്നതാണ് സഭയുടേതായ ഈ കുടുംബകൂട്ടായ്മ.

ശരിയായ സഭാ വീക്ഷണത്തിൽ സ്വർഗ്ഗീയസഭയും ഭൗമിക സഭയും സദാ പരസ്പരാശ്ലേഷണത്തിലായിരിക്കണം. പ്രാർത്ഥന, തിരുവചനം, വിശുദ്ധ കൂദാശകളുടെ സ്വീകരണം, എല്ലാറ്റിലുമുപരി വിശുദ്ധ കുർബാനയുടെ അർപ്പണം, എല്ലാം പങ്കുവയ്ക്കുന്ന ജീവിതശൈലി എന്നിവയാണ് ഭൂമിയിലെ ദൈവജനമായ നമ്മെ സ്വർഗ്ഗീയ കൂട്ടായ്മയിലേക്ക് നിരന്തരം നയിച്ചുകൊണ്ടിരിക്കുന്നത്. ആദിമക്രൈസ്തവർ വിശുദ്ധരെന്ന് വിളിക്കപ്പെടാൻ കാരണമിതാണ്. ഈ ഭൂമിയിൽ വിശുദ്ധിയിൽ വ്യാപരിച്ചുകൊണ്ട് സ്വർഗ്ഗത്തിലെ വിശുദ്ധരുടെ കൂട്ടായ്മയോട് നമുക്ക് സദാ ഐക്യപ്പെടുവാൻ പരിശ്രമിക്കാം. പരിശുദ്ധ കന്യകാമറിയത്തിന്റെയും വിശുദ്ധ തോമാശ്ലീഹായുടെയും എല്ലാ വിശുദ്ധരുടെയും വിശിഷ്യാ, നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാദ്ധ്യസ്ഥ്യം നമുക്ക് തുണയായിരിക്കട്ടെ.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള സീറോമലബാർ സഭയുടെ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായിൽ നിന്ന്, 2017 ജനുവരി 6-ാം തീയതി, നമ്മുടെ കർത്താവ് ഈശോമിശിഹായുടെ ദനഹാത്തിരുനാളിൽ, നൽകപ്പെട്ടത്.

**കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്

(കർമ്മപരിപാടികൾ അടുത്തമാസത്തെ ബുള്ളറ്റിനിൽ)

# സുവിശേഷപ്രഘോഷണവും അടയാളങ്ങളും

(തിരുവചനഭാഗം: മർക്കോ 5,1-6,13)

**മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ**

മൂന്ന് അത്ഭുതങ്ങളും (5,1-43) അതേത്തുടർന്ന് ഈശോയ്ക്ക് സ്വന്തം നാട്ടിൽനിന്നു ലഭിച്ച തിരസ്ക്കരണവും (6,1-6) തന്റെ സുവിശേഷപ്രഘോഷണദൗത്യവുമായി ഈശോ ശിഷ്യരെ യാത്രയാക്കുന്നതു (6,7-13)മാണ് ഈ തിരുവചനഭാഗം അവതരിപ്പിക്കുന്നത്. ഈശോയുടെ സുവിശേഷ പ്രഘോഷണത്തിന്റെ അവശ്യഘടകമായിരുന്നു അത്ഭുതങ്ങൾ. അതേ സുവിശേഷ പ്രഘോഷണദൗത്യവുമായിട്ടാണ് ഈശോ തന്റെ പന്ത്രണ്ടു ശിഷ്യന്മാരെ യാത്രയാക്കിയത്. ഈശോയുടെ പന്ത്രണ്ടു ശിഷ്യന്മാരുടെ ശുശ്രൂഷയുടെ തുടർച്ചയാണല്ലോ സഭയിലെ പൗരോഹിത്യ ശുശ്രൂഷ. അതുകൊണ്ട് പുരോഹിത ശുശ്രൂഷയുടെ സ്വഭാവവും പ്രത്യേകതകളും മനസ്സിലാക്കുവാൻ ഈ വചനഭാഗം സഹായകരമാണ്.

**1. പുരോഹിത ശുശ്രൂഷയും സുവിശേഷ പ്രഘോഷണവും**

*"അവൻ തന്റെ പന്ത്രണ്ടുപേരെ അടുത്തുവിളിച്ച് രണ്ടുപേരെ വീതം അയയ്ക്കാൻ തുടങ്ങി. അശുദ്ധാത്മാക്കളുടെമേൽ അവർക്ക് അധികാരവും കൊടുത്തു. ശിഷ്യന്മാർ പുറപ്പെട്ട്, ജനങ്ങളോട് അനുതപിക്കണമെന്നു പ്രസംഗിച്ചു. അനേകം പിശാചുക്കളെ പുറത്താക്കി; അനേകം രോഗികളെ തൈലംപൂശി സുഖപ്പെടുത്തി"* (6,7.12-13).

ഈശോയുടെ മെസിയാനിക ദൗത്യം ദൈവരാജ്യത്തിന്റെ സുവിശേഷപ്രഘോഷണമായിരുന്നു: "ഈശോ ദൈവത്തിന്റെ സുവിശേഷം പ്രഘോഷിച്ചുകൊണ്ട് ഗലീലിയിലേക്കു വന്നു. അവൻ പറഞ്ഞു: സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (മർക്കോ 1,14-15). തന്റെ സുവിശേഷ പ്രഘോഷണ ദൗത്യവുമായിട്ടാണ് ഈശോ തന്റെ പന്ത്രണ്ടു ശിഷ്യന്മാരെ ഉത്ഥാനശേഷം പറഞ്ഞയയ്ക്കുന്നതും: "നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (16,15). തന്റെ സുവിശേഷപ്രഘോഷണ ദൗത്യവുമായി ഈശോ അയച്ച പന്ത്രണ്ടു ശ്ലീഹന്മാരുടെ ശുശ്രൂഷയുടെ പിൻതുടർച്ചയാണ് സഭയിലെ

പൗരോഹിത്യശുശ്രൂഷ. അതുകൊണ്ടുതന്നെ സഭയിലെ പൗരോഹിത്യ ശുശ്രൂഷ, അടിസ്ഥാനപരമായി സുവിശേഷ പ്രഘോഷണശുശ്രൂഷയാണെന്നു പറയാം. പുതിയനിയമ പൗരോഹിത്യത്തെപ്പറ്റി പ്രത്യക്ഷമായി പുതിയനിയമത്തിൽ ഒരു പ്രാവശ്യം മാത്രമേ പരാമർശിക്കുന്നുള്ളു. അതിപ്രകാരമാണ്: "വിജാതീയരാകുന്ന ബലിവസ്തു സ്വീകാര്യവും പരിശുദ്ധാത്മാവിനാൽ പവിത്രീകൃതവും ആകാൻവേണ്ടി ഞാൻ ദൈവത്തിന്റെ സുവിശേഷത്തിനു പുരോഹിതശുശ്രൂഷ ചെയ്യുന്നു" (റോമാ 15,16). അതുകൊണ്ട് സഭയിലെ പുരോഹിതശുശ്രൂഷ -പ്രബോധന ശുശ്രൂഷയും അജപാലനശുശ്രൂഷയും വിശുദ്ധീകരണ ശുശ്രൂഷയുമെല്ലാം- സുവിശേഷ പ്രഘോഷണ ശുശ്രൂഷയാണെന്നു പറയാം.

ഈശോയുടെ സുവിശേഷ പ്രഘോഷണത്തിന്റെ അവശ്യഭാഗമാണ് അത്ഭുതങ്ങൾ. അവയെ 'അടയാളങ്ങൾ' എന്നാണ് ഈശോ വിശേഷിപ്പിക്കുക. അവ ശിഷ്യരുടെ സുവിശേഷ പ്രഘോഷണത്തിന്റെയും അവശ്യഘടമായിരിക്കുമെന്ന് ഈശോ വ്യക്തമാക്കുന്നുണ്ട് (മർക്കോ 16,15-18). നാലുതരത്തിലുള്ള അത്ഭുതങ്ങളാണ് ഈശോയുടെ സുവിശേഷ പ്രഘോഷണത്തിൽ നാം കാണുന്നത്: പിശാചുബാധയൊഴിക്കൽ, രോഗശാന്തി, മരിച്ചവരെ ഉയിർപ്പിക്കൽ, പ്രകൃതിയത്ഭുതങ്ങൾ. ഈ നാലുതരത്തിലുള്ള അത്ഭുതങ്ങളും ഈ സുവിശേഷ സന്ദർഭത്തിൽ വിവരിക്കുന്നുമുണ്ട് (മർക്കോ. 4,35-5,43). ഈശോയുടെ സുവിശേഷം സമഗ്രമായ വിമോചനത്തിന്റെ അഥവാ രക്ഷയുടെ സുവിശേഷമാണെന്ന് ഈ അടയാളങ്ങൾ വ്യക്തമാക്കുന്നു. പിശാചുബാധയൊഴിക്കൽ തിന്മയുടെ അടിമത്തത്തിൽനിന്നും മനുഷ്യനെ സ്വതന്ത്രനാക്കുന്നെങ്കിൽ, രോഗശാന്തി ശാരീരിക-മാനസിക പരാധീനതകളിൽനിന്നും അവനെ രക്ഷിക്കുന്നു. മരിച്ചവരെ ഉയിർപ്പിക്കുന്ന അത്ഭുതം മരണത്തിൽനിന്നും മനുഷ്യനെ രക്ഷിച്ച് അവനു നിത്യജീവൻ കൊടുക്കുന്നതിന്റെ അടയാളമാണെങ്കിൽ പ്രകൃതിയത്ഭുതങ്ങൾ പ്രാപഞ്ചികവിമോചനത്തിന്റെയും രക്ഷയുടെയും അടയാളമാണ്. അതുകൊണ്ട് പുരോഹിതന്റെ ശുശ്രൂഷകളിലെല്ലാം ഇപ്രകാരമുള്ള അടയാളങ്ങൾ ഉണ്ടാവണം. ഇന്ന് അടയാളങ്ങളെല്ലാം വരദാനമുള്ളവരിലൂടെമാത്രം സംഭവിക്കുന്നു എന്ന പ്രതീതിയാണുള്ളത്. അതിനു മാറ്റം സംഭവിക്കണം. പുരോഹിതശുശ്രൂഷയുടെ ഒരവശ്യഘടകമായി ഇപ്രകാരമുള്ള അടയാളങ്ങൾ മനസ്സിലാക്കപ്പെടുകയും സ്വീകരിക്കപ്പെടുകയും വേണം.

**2. വിശുദ്ധിയുടെ സുവിശേഷപ്രഘോഷണം**

"*ഉച്ചത്തിൽ നിലവിളിച്ചുകൊണ്ട് അവൻ പറഞ്ഞു: മഹോന്നതനായ ദൈവത്തിന്റെ പുത്രാ, ഈശോയേ, അങ്ങ് എന്റെ കാര്യത്തിൽ*

*എന്തിന് ഇടപെടുന്നു? ദൈവത്തെക്കൊണ്ട് ആണയിട്ട് ഞാൻ അങ്ങയോട് അപേക്ഷിക്കുന്നു: അങ്ങ് എന്നെ പീഡിപ്പിക്കരുതേ! കാരണം, അശുദ്ധാത്മാവേ, ആ മനുഷ്യനിൽനിന്നു പുറത്തുവരൂ എന്ന് ഈശോ ആജ്ഞാപിച്ചിരുന്നു"* (5,7-8).

'ലെഗിയോൻ' എന്ന പിശാചുബാധിതനു മോചനം നല്കുന്ന അത്ഭുതം ഈശോ വിശുദ്ധിയുടെ സുവിശേഷ പ്രഘോഷകനാണെന്ന് സൂചിപ്പിക്കുന്നുണ്ട്. ശവകുടീരങ്ങൾക്കിടയിൽ താമസിച്ചിരുന്നു എന്നതും പിശാചുബാധിതനെ 'അശുദ്ധാത്മാവ് ബാധിച്ച ഒരുവൻ' എന്നു വിശേഷിപ്പിക്കുന്നതും ഇതിന്റെ സൂചനയാണ്. വിജാതീയരുടെ അശുദ്ധമായ നാടും അശുദ്ധമൃഗമായ പന്നികളുമെല്ലാം അശുദ്ധിയുടെ മദ്ധ്യത്തിലേക്കുള്ള ഈശോയുടെ കടന്നുവരവിനെ സൂചിപ്പിക്കുന്നവയാണ്. മർക്കോസിന്റെ സുവിശേഷപ്രകാരം പരസ്യജീവിതത്തിൽ ഈശോ ആദ്യം പ്രവർത്തിച്ച അത്ഭുതം പിശാചുബാധയൊഴിക്കലായിരുന്നു. അവിടെ വിശുദ്ധിയും അശുദ്ധിയും തമ്മിലുള്ള സംഘർഷം വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്: "അശുദ്ധാത്മാവു ബാധിച്ച ഒരുവൻ അവിടെ ഉണ്ടായിരുന്നു. അവൻ അലറി: നസറായനായ ഈശോയേ, നീ എന്തിനു ഞങ്ങളുടെ കാര്യത്തിൽ ഇടപെടുന്നു? ഞങ്ങളെ നശിപ്പിക്കാനാണോ നീ വന്നിരിക്കുന്നത്? നീ ആരാണെന്ന് എനിക്കറിയാം - ദൈവത്തിന്റെ പരിശുദ്ധൻ" (1,23-24). ദൈവത്തിന്റെ പരിശുദ്ധന്റെ സാന്നിദ്ധ്യം അശുദ്ധിക്കു ഭീഷണിയായി. നിത്യപുരോഹിതനായ ഈശോയുടെ പുരോഹിതാഭിഷേകം നടന്നത് പരിശുദ്ധ കന്യകാമറിയത്തിന്റെ ഉദരമാകുന്ന ദൈവാലയത്തിലാണ്. അഭിഷേകം ചെയ്യപ്പെട്ട പുരോഹിതൻ അവിടെ പ്രഖ്യാപിക്കപ്പെട്ടതും 'ദൈവത്തിന്റെ പരിശുദ്ധൻ' എന്നാണ് (ലൂക്കാ 1,35). സഭയിലെ ഓരോ പുരോഹിതനും ദൈവത്തിന്റെ പരിശുദ്ധനായിട്ടാണ് അഭിഷേകം ചെയ്യപ്പെടുന്നത്. ഇത് വിശുദ്ധിയുടെ സുവിശേഷ പ്രഘോഷകനാകുന്നതിനുവേണ്ടിയാണ്. പുരോഹിതന്റെ വിശുദ്ധമായ ജീവിതം സമൂഹത്തിലെ അശുദ്ധിക്ക് ഭീഷണിയായി മാറണം.

"നിന്റെ പേരെന്താണ്?" എന്ന് ഈശോ ചോദിച്ചപ്പോൾ പിശാചുബാധിതൻ പറഞ്ഞത് "എന്റെ പേരു ലെഗിയോൻ'; ഞങ്ങൾ അനേകം പേരുണ്ട്" എന്നാണ് (5,9). ഇന്ന് 'ലെഗിയോൻ' ബാധിച്ച് അശുദ്ധാത്മാവിന്റെ ബന്ധനത്തിൽ കഴിയുന്ന പലരെയും ക്രിസ്തീയസമൂഹത്തിൽ കാണാനാവും. അഹങ്കാരം, പക, നിരാശ, ദ്രവ്യാഗ്രഹം, ജഡികാസക്തി തുടങ്ങിയ അശുദ്ധിയിൽ കഴിയുന്ന പലരും നമ്മുടെ സമൂഹത്തിലുണ്ട്. പ്രതീക്ഷകളില്ലാതെ നിരാശയിൽ മുഴുകി മറ്റുള്ളവരിൽനിന്ന് ഒറ്റപ്പെട്ട്

ജീവിക്കുന്നവരെല്ലാം, ശവകുടീരങ്ങൾക്കിടയിൽ കഴിഞ്ഞ, അശുദ്ധാത്മാവു ബാധിച്ച, മനുഷ്യനു തുല്യരാണ്. അവർ പലപ്പോഴും കൊഴിഞ്ഞ സ്വപ്നങ്ങളുടെ ശവകുടീരങ്ങൾക്കിടയിലാണ് കഴിയുന്നത്. അപ്രകാരമുള്ളവരെ അവരുടെ അശുദ്ധിയിൽനിന്നും ഒറ്റപ്പെടലിൽനിന്നും മോചിപ്പിച്ച് സഭാകൂട്ടായ്മയിലേക്കു കൊണ്ടുവരുവാനുള്ള ദൗത്യമാണ് പുരോഹിതനുള്ളത്. ഈ ദൗത്യം തന്റെ വിശുദ്ധമായ ജീവിതത്തിലൂടെയും വിശുദ്ധീകരണശുശ്രൂഷയിലൂടെയും നിർവഹിക്കുവാൻ പുരോഹിതനു കഴിയണം. അപ്രകാരം നിത്യപുരോഹിതനായ മിശിഹായോടുചേർന്ന് വിശുദ്ധിയുടെ സുവിശേഷപ്രഘോഷകരാൻ സഭയിലെ എല്ലാ പുരോഹിതരും വിളിക്കപ്പെട്ടിരിക്കുന്നു.

**3. സുവിശേഷപ്രഘോഷണവും രോഗശാന്തിശുശ്രൂഷയും**

"*അവൻ അവളോടു പറഞ്ഞു: മകളേ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു; സമാധാനത്തോടെ പോവുക; വ്യാധിയിൽനിന്നു വിമുക്തയായിരിക്കുക*" (5,34).

ജായ്റോസിന്റെ മകളെ ഉയിർപ്പിക്കുന്ന വിവരണം ആരംഭിച്ചതിനുശേഷം രക്തസ്രാവക്കാരിയെ സുഖപ്പെടുത്തുന്ന സംഭവം വിവരിച്ചിരിക്കുന്നു. ആ സംഭവത്തിനുശേഷം ആദ്യവിവരണത്തിന്റെ ബാക്കിയും നല്കിയിരിക്കുന്നു. ഇരുസംഭവങ്ങളും ബന്ധിപ്പിച്ചു വ്യാഖ്യാനിക്കാനുള്ള സൂചനകൾ ഇവിടെയുണ്ടാകാം. രക്തസ്രാവക്കാരി നൈയാമികമായി അശുദ്ധയും സമൂഹഭ്രഷ്ടയുമാണ് (ലേവ്യ 15,25-30). അവളുടെ ദൈന്യതയുടെ ആഴം സുവിശേഷകൻ വരച്ചുകാട്ടുന്നുണ്ട്: "പല വൈദ്യന്മാരുടെ അടുത്തുപോയി, വളരെ കഷ്ടപ്പെടുകയും കൈവശമുള്ളതെല്ലാം ചിലവഴിക്കുകയും ചെയ്തിട്ടും അവളുടെ സ്ഥിതി മെച്ചപ്പെടുകയല്ല, കൂടുതൽ മോശമാവുകയാണു ചെയ്തത്" (5,26). എല്ലാവരുടെയും നടുവിൽവച്ച് ഈശോയുടെ മുമ്പിൽ ചെന്ന് ഉണർത്തിക്കാൻ പറ്റാത്ത രോഗമായിരുന്നതിനാലാവാം അവൾ ഈശോയുടെ പിന്നിൽ ചെന്ന് അവന്റെ വസ്ത്രത്തിൽ സ്പർശിക്കുന്നത്. മാത്രമല്ല, ജനക്കൂട്ടത്തെയും അവൾ ഭയപ്പെട്ടിട്ടുണ്ടാകണം. കാരണം, ജനക്കൂട്ടത്തിനിടെ തിക്കിത്തിരക്കി ഈശോയുടെ അടുത്ത് എത്തുമ്പോഴേക്കും അവൾ പലരെയും തന്റെ സ്പർശനംമൂലം അശുദ്ധരാക്കുകയും ചെയ്യും. അതുകൊണ്ട്, ഈശോയുടെ വസ്ത്രത്തിൽ ആരുമറിയാതെ അവൾ തൊട്ടു. പൂർണസൗഖ്യം പ്രാപിക്കുകയും ചെയ്തു. പക്ഷേ, അവളുടെ സൗഖ്യം പ്രാപിക്കലിന്റെ പ്രാധാന്യം വെളിപ്പെടുത്താൻ ഈശോ പ്രത്യേകം ശ്രദ്ധിക്കുന്നു. അവളുടെ സൗഖ്യം പ്രാപിക്കൽ വെളിപ്പെടുത്താൻ ഈശോ അവളെ നിർബന്ധിക്കുന്നു.

ഈശോ അവളോടു പറയുന്ന വാക്കുകൾ ശ്രദ്ധിക്കപ്പെടേണ്ടവയാണ്. "മകളേ" എന്ന് അവളെ വിളിക്കുന്നു; 'നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു' എന്നും 'സമാധാനത്തോടെ പോവുക' എന്നും പറയുന്നു. "മകളേ" എന്നുള്ള വിളി ദൈവത്തിന്റെ രക്ഷാകരമായ സ്നേഹത്തിന്റെ അടയാളമാണ്. ഈശോയുടെ അത്ഭുതങ്ങളെല്ലാം ദൈവത്തിന്റെ രക്ഷാകരസ്നേഹത്തിന്റെ അടയാളങ്ങളാണ്. ഈശോയുടെ അത്ഭുതങ്ങളെല്ലാം ദൈവത്തിന്റെ രക്ഷാകരസ്നേഹത്തിന്റെ സ്പർശനങ്ങളാണ്. അത്ഭുതങ്ങളെ വിശേഷിപ്പിക്കാൻ 'അത്ഭുതം' എന്ന വാക്കിനെക്കാൾ 'അടയാളം' എന്ന വാക്കാണ് യോഹന്നാൻ സുവിശേഷകൻ ഉപയോഗിക്കുന്നത്. 'അടയാളങ്ങളുടെ പുസ്തകം' എന്നാണല്ലോ ഈശോയുടെ പരസ്യജീവിതം വിവരിക്കുന്ന സുവിശേഷഭാഗം അറിയപ്പെടുക. 'പിതാവിന്റെ ജോലി' എന്നാണ് ഈശോ സ്വയം തന്റെ അത്ഭുതങ്ങളെ വിശേഷിപ്പിക്കുന്നത് (യോഹ 5,19-21). പിതാവിന്റെ സ്നേഹസ്പർശനങ്ങളാണ് അത്ഭുതങ്ങളിലെല്ലാം സംഭവിക്കുന്നത്. ദൈവത്തിന്റെ സ്നേഹത്തിലുള്ള വിശ്വാസമാണ് അത്ഭുതങ്ങൾക്കു കാരണമാകുന്നത്. 'അത്ഭുതങ്ങളിലൂടെ വിശ്വാസത്തിലേക്കു വരിക' എന്നതിനെക്കാൾ 'വിശ്വാസത്തിലൂടെ ദൈവം നല്കുന്ന രക്ഷയിലേക്കു വരിക' എന്നതാണ് അത്ഭുതങ്ങളിലൂടെയുള്ള ദൈവാനുഭവത്തിന്റെ സ്വഭാവം. 'രക്ഷ' എന്ന വാക്ക് ഇവിടെമാത്രമാണ് മർക്കോസ് തന്റെ സുവിശേഷത്തിൽ ഉപയോഗിച്ചിരിക്കുന്നത്. അതുകൊണ്ട് രോഗശാന്തിശുശ്രൂഷ അജപാലനശുശ്രൂഷയുടെ ഭാഗമായിത്തന്നെ കരുതണം. അതോടൊപ്പം ശരിയായ ആഭിമുഖ്യം നല്കത്തക്കവിധം അത് നിർവഹിക്കുകയും വേണം. വെറും രോഗശാന്തി ലക്ഷ്യമാക്കി വരാൻ ജനങ്ങളെ ആകർഷിക്കുന്ന ശൈലി വർജ്ജിക്കേണ്ടതാണ്. ദൈവത്തിന്റെ രക്ഷാകരസ്നേഹത്തിലുള്ള വിശ്വാസത്തിലും സമഗ്രമായ രക്ഷാകരാനുഭവത്തിലും ജനങ്ങളെ വളർത്തുന്നവിധം രോഗശാന്തിശുശ്രൂഷ നിർവഹിക്കണം. എല്ലാ വൈദികർക്കും രോഗശാന്തിശുശ്രൂഷ നിർവഹിക്കുവാനുള്ള കൃപാവരം കൈവയ്പിലൂടെ നല്കപ്പെടുന്നുണ്ട്. ഇത് അജപാലനശുശ്രൂഷയുടെ ഭാഗമായിക്കരുതി എല്ലാവരും പ്രായോഗികമാക്കിയാൽ ഇന്ന് ഇക്കാര്യത്തിലുണ്ടാകുന്ന ആഭിമുഖ്യഭ്രംശം പരിഹരിക്കുവാൻ സാധിക്കും.

**4. ജീവൻ നല്കുന്ന സുവിശേഷപ്രഘോഷണം**

"*അവൻ അവളുടെ കൈയ്ക്കുപിടിച്ചുകൊണ്ട്, ബാലികേ, എഴുന്നേല്ക്കൂ എന്നർത്ഥമുള്ള തലീത്താ കും എന്നു പറഞ്ഞു. തത്ക്ഷണം*

*ബാലിക എഴുന്നേറ്റു നടന്നു. അവൾക്കു പന്ത്രണ്ടു വയസ്സു പ്രായമു ണ്ടായിരുന്നു. അവർ അത്യന്തം വിസ്മയിച്ചു*" (5,41–42).

മകൾ മരിച്ചുപോയി എന്ന വാർത്ത കേട്ടപ്പോൾ "ഭയപ്പെടേണ്ട, വിശ്വസിക്കുക മാത്രം ചെയ്യുക" (5,26) എന്നു പറഞ്ഞുകൊണ്ട് സിന ഗോഗധികാരിയെ ധൈര്യപ്പെടുത്തിയ ഈശോ അയാളുടെ വീട്ടിൽച്ചെന്ന് ആ മകളെ ഉയിർപ്പിക്കുന്ന അത്ഭുതമാണ് മർക്കോസ് സുവിശേഷകൻ ഇവിടെ രേഖപ്പെടുത്തുക. മരിച്ചവരെ ഉയിർപ്പിക്കുന്ന മൂന്ന് അത്ഭുതങ്ങ ളാണ് ഈശോ പ്രവർത്തിച്ചിട്ടുള്ളത്. മറ്റു രണ്ട് അത്ഭുതങ്ങൾ നായി മിലെ വിധവയുടെ മകനെ ഉയിർപ്പിക്കുന്നതും (ലൂക്കാ 7,11–17) ലാസ റിനെ ഉയിർപ്പിക്കുന്നതു(യോഹ 11,1–44)മാണ്. മറ്റു രണ്ടത്ഭുതങ്ങൾക്കു മില്ലാത്ത ചില പ്രത്യേകതകൾ ഈ അത്ഭുതവിവരണത്തിനുണ്ട്. ഈ അത്ഭുതത്തിനു സാക്ഷ്യംവഹിക്കുവാൻ ഈശോ തന്റെ പന്ത്രണ്ടുപേരിൽ മൂന്നു ശ്ലീഹന്മാരെമാത്രം അനുവദിക്കുന്നു: പത്രോ സ്, യാക്കോബ്, യോഹന്നാൻ (5,37). ഇവർ ഈശോയുടെ രൂപാന്തരീ കരണാനുഭവത്തിനും (9,2) ഗത്സേമനിയനുഭവത്തിനും (14,33) സാക്ഷി കളായവരാണ്. 'തലീത്താ കും' (ബാലികേ, എഴുന്നേല്ക്കുക) എന്ന് അറമായഭാഷയിൽ പറഞ്ഞാണ് അവളെ ഈശോ ഉയിർപ്പിക്കുന്നത്. അറമായഭാഷയിൽ ഈശോ പറഞ്ഞ വാക്കുകൾ ഗ്രീക്കു പുതിയനിയ മത്തിൽ സൂക്ഷിച്ചിരിക്കുന്നു എന്നതും ഈ അത്ഭുതത്തിന്റെ പ്രത്യേക പ്രാധാന്യം സൂചിപ്പിക്കുന്നുണ്ട്. ബാലിക 'എഴുന്നേറ്റു' എന്നതിനുപയോ ഗിച്ചിരിക്കുന്ന വാക്കും 'അവർ അത്യന്തം വിസ്മയിച്ചു' എന്ന വാക്കു കളും (5,42) ഈശോയുടെ ഉത്ഥാനസന്ദർഭത്തിൽ ഉപയോഗിച്ചിട്ടുള്ള വാക്കുകളാണ്. ഈ അത്ഭുതം ഈശോയുടെ ഉത്ഥാനത്തെയും അതി ലൂടെ മനുഷ്യകുലത്തിന് അവിടുന്നു നേടിത്തന്ന പുനരുത്ഥാനത്തെയും സൂചിപ്പിക്കുന്നു. 'കുട്ടി ഉറങ്ങുകയാണ്' (5,39) എന്ന വാക്കുകളും ഈ അർത്ഥത്തിലേയ്ക്കാണ് വിരൽചൂണ്ടുന്നത്. മരണത്തെ നിത്യജീവനി ലേക്ക് ഉണരുവാനുള്ള ഉറക്കമാക്കി മാറ്റിയവനാണ് ഈശോ.

'ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്ന വൻ മരിച്ചാലും ജീവിക്കും. അങ്ങനെ ജീവിക്കുകയും എന്നിൽ വിശ്വ സിക്കുകയും ചെയ്യുന്നവൻ ഒരിക്കലും മരിക്കുകയില്ല" (യോഹ 11,25 –26) എന്ന ഈശോയുടെ വാക്കുകളെ ഓർമ്മിപ്പിക്കുന്ന ഒരു വിവരണ മാണ് മർക്കോസിന്റേത്. പുരോഹിതൻ പ്രഘോഷിക്കേണ്ട സുവിശേഷം ജീവൻ നല്കുന്ന സുവിശേഷമാണ്. നിത്യജീവനിലേക്ക് വിശ്വാസിക ളുടെ സമൂഹത്തെ നയിക്കുക എന്നതാണല്ലോ പുരോഹിതശുശ്രൂഷ

യുടെ ആത്യന്തികലക്ഷ്യം. 'ജീവൻ' ബന്ധമാണ് എന്നാണ് ഈശോ പഠിപ്പിച്ചത്. "നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തു ചെയ്യണം?" എന്നു ചോദിച്ച് തന്നെ സമീപിച്ച നിയമജ്ഞന് ഈശോ നല്കിയ മറുപടി ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും കല്പനയായിരുന്നു (ലൂക്കാ 10,25-28). അവസാനം അവിടുന്നു പറഞ്ഞു: "ഇതനുസരിച്ചു പ്രവർത്തിക്കുക; നീ ജീവിക്കും" (ലൂക്കാ 10,28). പാപത്തിന്റെ ഫലമായി മനുഷ്യനു നഷ്ടപ്പെട്ടത് ദൈവമനുഷ്യബന്ധങ്ങളായിരുന്നുവെങ്കിൽ മിശിഹായിലൂടെയുള്ള രക്ഷ മനുഷ്യന് വീണ്ടെടുത്തു നല്കിയത് ദൈവത്തോടും മനുഷ്യരോടുമുള്ള സ്നേഹബന്ധമാണ്; ആ ബന്ധം ജീവിക്കുവാൻ ശക്തി നല്കുന്ന പരിശുദ്ധാരൂപിയെയാണ്. "അരൂപിയാണ് ജീവൻ നല്കുന്നത്" (യോഹ 6,63) എന്ന ഈശോയുടെ വാക്കുകൾ ഇതു സൂചിപ്പിക്കുന്നുണ്ട്. പുരോഹിതന്റെ അജപാലനശുശ്രൂഷയുടെ പ്രധാനപ്പെട്ട ലക്ഷ്യം മിശിഹായുടെ അരൂപിയെ നല്കി പാപം മൂലം നഷ്ടപ്പെട്ടുപോയ ദൈവമനുഷ്യബന്ധങ്ങൾ പുനസ്ഥാപിക്കുകയും ആരോഗ്യകരമായ ബന്ധങ്ങൾ കെട്ടിപ്പടുക്കുകയും ചെയ്യുക എന്നതാണ്. അപ്രകാരം, ജീവൻ നല്കുന്ന സുവിശേഷപ്രഘോഷണം നടത്തുവാൻ പുരോഹിതനു കഴിയണം.

**5. വിശ്വാസവും സുവിശേഷപ്രഘോഷണവും**

"*അവൻ ഗ്രാമപ്രദേശങ്ങളിൽ ചുറ്റിസഞ്ചരിച്ച്, പഠിപ്പിച്ചുകൊണ്ടിരുന്നു. അവൻ തന്റെ പന്ത്രണ്ടുപേരെ അടുത്തുവിളിച്ച് രണ്ടുപേരെ വീതം അയയ്ക്കാൻ തുടങ്ങി. അശുദ്ധാത്മാക്കളുടെമേൽ അവർക്ക് അധികാരവും കൊടുത്തു. അവൻ കല്പിച്ചു: യാത്രയ്ക്കു വടിയല്ലാതെ മറ്റൊന്നും -അപ്പമോ സഞ്ചിയോ അരപ്പട്ടയിൽ പണമോ- കരുതരുത്. ചെരിപ്പു ധരിക്കാം, രണ്ട് ഉടുപ്പുകൾ ധരിക്കരുത്; അവൻ തുടർന്നു: നിങ്ങൾ ഏതെങ്കിലും സ്ഥലത്ത് ഒരു വീട്ടിൽ പ്രവേശിച്ചാൽ, അവിടം വിട്ടു പോരുന്നതുവരെ ആ വീട്ടിൽ താമസിക്കുവിൻ*" (6,7-10).

ഈശോയുടെ അത്ഭുതകരമായ ശക്തിയെയും ദൈവികമായ അധികാരത്തെയും ഈശോയിലുണ്ടായിരിക്കേണ്ട വിശ്വാസത്തെയും അവതരിപ്പിച്ചതിനുശേഷം നസറത്തുകാരുടെ അവിശ്വാസത്തെയും തിരസ്ക്കരണത്തെയും പറ്റിയുള്ള വിവരണമാണ് മർക്കോസ് ചേർത്തിരിക്കുന്നത് (6,1-6). ഈശോയുടെ പ്രബോധനം ശ്രവിച്ച നസറത്തുകാരുടെ ആദ്യത്തെ പ്രതികരണം, അവിടുത്തെ അപൂർവ വിജ്ഞാനത്തെയും ശക്തമായ പ്രവർത്തനത്തെയുംപറ്റിയുള്ള ആശ്ചര്യവും പ്രശംസയുമായിരുന്നു. പക്ഷേ, തുടർന്ന് വിമർശനപരമായ ചോദ്യങ്ങളാണ് അവർ

ഉന്നയിച്ചത്: ഇതെല്ലാം എവിടെനിന്ന്? വിജ്ഞാനത്തിന്റെ ഉറവിടം എവിടെയാണ്? അത്ഭുതപ്രവൃത്തികൾക്കുള്ള അധികാരവും ശക്തിയും ആരു നല്കി? അവന്റെ കുടുംബം നമ്മുടെ ഗ്രാമത്തിലെ സാധാരണ കുടുംബമല്ലേ? ഈശോയോടും കുടുംബത്തോടുമുള്ള അടുപ്പവും മുൻവിധികളും, അവിടുത്തെ യഥാർത്ഥ സ്വഭാവവും മഹിമയും കാണുന്നതിനു തടസ്സമായി. മാനുഷികമായ മുൻവിധികളും കാഴ്ചപ്പാടുകളും വിശ്വാസത്തിനു തടസ്സം സൃഷ്ടിക്കുമെന്ന് ഈ സുവിശേഷഭാഗം വ്യക്തമാക്കുന്നുണ്ട്: "അവരുടെ വിശ്വാസരാഹിത്യത്തെക്കുറിച്ച് അവൻ വിസ്മയിച്ചു" (6,6) എന്നാണ് സുവിശേഷകൻ രേഖപ്പെടുത്തുന്നത്. മാനുഷികമായ വിധികളെല്ലാം മാറ്റിവച്ച് വിശ്വാസത്തോടെ ഈശോയെയും, ഈശോയുടെ സുവിശേഷത്തെയും സ്വീകരിക്കാൻ തയ്യാറായെങ്കിൽമാത്രമേ യഥാർത്ഥ സുവിശേഷപ്രഘോഷകരാകുവാൻ നമുക്കു കഴിയുകയുള്ളൂ.

നസറത്തുകാരുടെ തിരസ്ക്കരണം അവതരിപ്പിച്ചതിനുശേഷം, താൻ വിളിച്ചു സ്വന്തമാക്കിയ പന്ത്രണ്ടുപേരെ അധികാരപൂർവം സുവിശേഷപ്രഘോഷണത്തിനായി അയയ്ക്കുന്ന രംഗമാണ് അടുത്ത ഭാഗം (6,7-13). ഇതുവരെ ഈശോമാത്രം അധികാരപൂർവം ചെയ്തിരുന്ന കാര്യങ്ങൾ ചെയ്യുവാനുള്ള ദൗത്യം ഈശോ അവർക്ക് ഏല്പിച്ചുകൊടുത്തു. പ്രേഷിതയാത്രയിൽ പാലിക്കേണ്ട ക്രമങ്ങളെപ്പറ്റിയുള്ള നിർദ്ദേശങ്ങൾ ഈശോ നല്കി. അവരുടെ ദൗത്യനിർവഹണത്തിനാവശ്യമായവയെല്ലാം, പ്രസംഗിക്കാനുള്ള സന്ദേശവും പ്രവർത്തിക്കാനുള്ള അധികാരവും നല്കിയാണ് ഈശോ അവരെ യാത്രയാക്കുന്നത്. അവ തികച്ചും മതിയാകും. മാനുഷികമായ സന്നാഹങ്ങളും സാമഗ്രികളും ബോധപൂർവം പരിത്യജിക്കണം. സുവിശേഷപ്രഘോഷണത്തിൽ ഈശോ പാലിച്ച അതേ ലാളിത്യം ശിഷ്യന്മാരും പുലർത്തണം. അവർ ആശ്രയിക്കേണ്ടത് ഒന്നാമതായി ദൈവപരിപാലനയിലും രണ്ടാമതായി അവർ ശുശ്രൂഷിക്കുന്ന ജനങ്ങളുടെ സൗഹൃദത്തിലും ആതിഥ്യത്തിലുമാണ്. ദൈവരാജ്യ സുവിശേഷപ്രഘോഷണത്തിനായി ലൗകികവ്യഗ്രതകളിൽനിന്നും പൂർണസ്വതന്ത്രരായി അവർ നീങ്ങണം. അവരുടെ സുരക്ഷിതത്വം ദൈവത്തിന്റെ തൃക്കരങ്ങളിൽ സമർപ്പിക്കണം. ഈശോ ഏല്പിച്ച ദൗത്യത്തോടുള്ള സമ്പൂർണസമർപ്പണവും തികഞ്ഞ പ്രതിബദ്ധതയുമാണ് അവർക്കുണ്ടായിരിക്കേണ്ടത്. പുരോഹിതന്റെ ശുശ്രൂഷയിൽ ഉണ്ടായിരിക്കേണ്ട സവിശേഷതകളാണ് ഈ ഭാഗം എടുത്തുകാണിക്കുന്നത്.

**ജീവിതസൂചിക**

1. എന്റെ അജപാലനശുശ്രൂഷയിൽ അടയാളങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്തുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?

2. ഇന്നത്തെ മനുഷ്യനെ അടിമപ്പെടുത്തിയിരിക്കുന്ന ലെഗിയോനിൽനിന്നും –അഹങ്കാരം, ദ്രവ്യാഗ്രഹം, ദുർമോഹം, വിദ്വേഷം തുടങ്ങിയവ– അവനെ വിമോചിപ്പിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കണം?

3. രോഗശാന്തിശുശ്രൂഷ എന്റെ പൗരോഹിത്യശുശ്രൂഷയുടെ അവശ്യഘടകമായി ഞാൻ കരുതുകയും അത് വേണ്ടവിധത്തിൽ നിർവഹിക്കുകയും ചെയ്യുന്നുണ്ടോ?

4. യഥാർത്ഥ ദൈവമനുഷ്യബന്ധങ്ങൾ കെട്ടിപ്പടുത്ത് മനുഷ്യർക്കു ജീവൻ നല്കുകയും അവരെ നിത്യജീവനിലേക്കു നയിക്കുകയും ചെയ്യുന്ന ശുശ്രൂഷയാണോ ഞാൻ നിർവഹിക്കുന്നത്?

5. മാനുഷിക മുൻവിധികൾക്കതീതമായി ദൈവത്തിന്റെ ക്രമീകരണം തിരിച്ചറിഞ്ഞും ദൈവപരിപാലനയിൽ വിശ്വസിച്ചും വ്യഗ്രതകൾ ഒഴിവാക്കിയും അജപാലനശുശ്രൂഷ നിർവഹിക്കുവാൻ എനിക്കു കഴിയുന്നുണ്ടോ?

Prot. No. 19277 /2017

# Order of Suspension

Since Rev. Fr. Philip (Jino) Mekkattu, member of the clergy of the diocese of Mananthavady, who expressed his disinterestedness in continuing his priestly ministry and who left the diocese on 1st January 2017 without giving any information in this regard and has not yet given any information about his whereabouts, is hereby suspended from all his priestly ministries both inside and outside the diocese of Mananthavady.

Issued from the office of the Bishop of Mananthavady on 1st March 2017.

**Bishop Jose Porunnedom**
Bishop of the Diocese of Mananthavady

**Fr. Joseph Paruvummel**
Chancellor

# രൂപതാകച്ചേരി വാർത്തകൾ

**മാർ എമ്മാനുവേൽ പോത്തനാമൂഴി പിതാവിന്റെ ചരമവാർഷികം**

നമ്മെ വിട്ടുപിരിഞ്ഞ നമ്മുടെ പ്രിയങ്കരനായ പിതാവ് മാർ എമ്മാനുവേൽ പോത്തനാമൂഴി പിതാവിന്റെ ചരമദിനം ഏപ്രിൽ 6–ാം തീയതി വ്യാഴാഴ്ചയാണ്. അന്നേദിവസം കത്തീഡ്രൽ ദേവാലയത്തിൽ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ രാവിലെ 6.45 ന് തിരുക്കർമ്മങ്ങൾ ഉണ്ടായിരിക്കും. സാധിക്കുന്ന വൈദികരും സന്യസ്തരും അത്മായ സഹോദരങ്ങളും ആ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**സ്നേഹസ്മരണ**

മാനന്തവാടി രൂപതയിൽ സ്തുത്യർഹമായ സേവനത്തിനിടയിൽ ദൈവസന്നിധിയിലേയ്ക്ക് യാത്രയായ ബഹു. അഗസ്റ്റ്യൻ കണ്ണാടിക്കരയച്ചന്റെ ചരമദിനം ഏപ്രിൽ 21 നും, ബഹു. ജോസഫ് വെട്ടിക്കുഴിച്ചാലിൽ അച്ചന്റെ ചരമദിനം ഏപ്രിൽ 29 നും ആണ്. പ്രസ്തുത ദിവസങ്ങളിൽ ഇവരെ നമ്മുടെ ബലികളിലും പ്രാർത്ഥനകളിലും പ്രത്യേകം അനുസ്മരിക്കാം.

**ഫാ. പോൾ മണക്കാട്ടുമറ്റം**

ബഹു. പോൾ മണക്കാട്ടുമറ്റം അച്ചന്റെ രണ്ടാം ചരമവാർഷികം 2017 ഏപ്രിൽ 8 ശനിയാഴ്ചയാണ്. അന്നേദിവസം രാവിലെ 7 മണിക്ക് അച്ചനുവേണ്ടി വിയാനിഭവൻ ചാപ്പലിൽ വി. കുർബാനയും സിമിത്തേരിയിൽ ഒപ്പീസും ഉണ്ടായിരിക്കുന്നതാണ്.

**കച്ചേരി അവധി**

ഏപ്രിൽ 8 മുതൽ 17 വരെ കൂരിയ അവധി ആയിരിക്കുമെന്ന് ബഹു. വികാരിയച്ചന്മാർ ഇടവകയിൽ മുൻകൂട്ടി അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**പ്രത്യേക ശ്രദ്ധയ്ക്ക്**

2017 ഏപ്രിൽ മാസം 19 ന് തീരുമാനിച്ചിരുന്ന വൈദികരുടെയും പാസ്റ്ററൽ കൗൺസിലിന്റെയും സന്യസ്തരുടെ പ്രതിനിധികളുടെയും സംയുക്ത സമ്മേളനം ചില സാങ്കേതിക കാരണങ്ങളാൽ മാറ്റി വച്ചിരിക്കുന്നു. സമ്മേളനം ചേരുന്ന തീയതി പിന്നീട് അറിയിക്കുന്നതാണ്.

**പൊതുപിരിവുകൾ**

രൂപതാ കേന്ദ്രത്തിലേയ്ക്ക് അയച്ചു തരേണ്ട പൊതു പിരിവുകൾ മാർച്ച് 31 നകം എത്തിച്ചു തരാത്ത ഏതെങ്കിലും ഇടവകകൾ ഉണ്ടെങ്കിൽ എത്രയും വേഗം എത്തിച്ചു തരേണ്ടതാണ്. എല്ലാ ഇടവകകളിൽ നിന്നും 10% രൂപതാ വിഹിതവും വൈദിക ക്ഷേമനിധിയിലേയ്ക്കുള്ള തുകയും അടയ്ക്കാനും ശ്രദ്ധിക്കണമെന്നഭ്യർത്ഥിക്കുന്നു.

**ഓഡിറ്റിംഗ്**

മുൻ വർഷങ്ങളിൽ ചെയ്തതുപോലെ എല്ലാ ഇടവകകളുടെയും കണക്കുകൾ ചാർട്ടേഡ് അക്കൗണ്ടന്റ്സ് പരിശോധിക്കുന്നതാണ്. FC account ഉള്ളവരും രൂപതവഴി വിദേശപണം കിട്ടിയവരും അവയുടെ പ്രത്യേക കണക്കും ഓഡിറ്റിംഗിനായി വരുമ്പോൾ കൊണ്ടുവരേണ്ടതാണ്. കഴിഞ്ഞ വർഷം ഓഡിറ്റർമാർ നൽകിയ നിർദ്ദേശങ്ങൾ അനുസരിച്ചും വേണ്ട രേഖകൾ ഹാജരാക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. സ്ഥാപനങ്ങളുടെ FC കണക്കുകളുടെ ഓഡിറ്റിംഗ് ഈ വർഷം ഏപ്രിൽ 28,29 തീയതികളിലാണ് ക്രമീകരിച്ചിരിക്കുന്നത്. ഇടവകകളുടെ പൊതുകണക്കുകൾ അംഗീകാരത്തിനും ഓഡിറ്റിംഗിനുമായി കൊണ്ടുവരേണ്ട തീയതികൾ പിന്നാലെ ചേർത്തിട്ടുണ്ട്.

എല്ലാ ദിവസവും രാവിലെ 9 മണിക്ക് ഓഡിറ്റിംഗ് ആരംഭിക്കുന്നതാണ്. ഉച്ചയ്ക്കുശേഷം 2 മണിക്കായിരിക്കും ഓഡിറ്റിംഗ് ആരംഭിക്കുന്നത്. ഓഡിറ്റേഴ്സ് പലരുള്ളതിനാൽ ഓരോ പള്ളിക്കും കൃത്യസമയം നിശ്ചയിച്ചിട്ടില്ല. രാവിലെ, ഉച്ചയ്ക്കുശേഷം എന്നിങ്ങനെ സമയം ക്രമീകരിച്ചിട്ടേയുള്ളൂ. രാവിലെ ഓഡിറ്റിംഗിന് സമയം കിട്ടിയിരിക്കുന്നവർ 9 മണിയോടുകൂടിയെങ്കിലും, ഉച്ചയ്ക്കുശേഷം കിട്ടിയിരിക്കുന്നവർ ഉച്ച കഴിഞ്ഞ് 2 മണിയോടുകൂടിയെങ്കിലും എത്തിച്ചേരുവാൻ ശ്രദ്ധിക്കുമല്ലോ. ഏതെങ്കിലും കാരണത്താൽ ദിവസമാറ്റം ആവശ്യമായി വന്നാൽ മുൻകൂട്ടി ജനറാളച്ചനെ അറിയിച്ച് മറ്റൊരു ദിവസവും സമയവും ക്രമീകരിക്കേണ്ടതാണ്.

**ഓഡിറ്റിംഗിനു സെക്രട്ടറിമാർ വരുമ്പോൾ ബഹു. ജനറാളച്ചന് സമർപ്പിക്കാനായി വാർഷികതെരട്ട് ബുക്ക്, വാർഷികപൊതുയോഗ മിനിട്സിന്റെ പകർപ്പ്, 2017-2018 ലേയ്ക്കുള്ള ബഡ്ജറ്റ്, വാർഷികതെരട്ടിന്റെ 2 കോപ്പികൾ, 10% രൂപതാവിഹിതം അയച്ചതിന്റെ റസീപ്റ്റ്, കൈക്കാരന്മാരുടെ പ്രതിജ്ഞാപത്രം എന്നിവ കൊണ്ടുവരേണ്ടതാണ്. ഓഡിറ്റേഴ്സിന്റെ പരിശോധനയ്ക്കായി നാൾവഴി, തെരട്ട്ബുക്ക്, വാർഷിക തെരട്ടിന്റെ പകർപ്പ്, FC യുണ്ട് എങ്കിൽ അതിന്റെ വേറെയുള്ള കണക്കുകൾ, പാസ്സ്ബുക്കുകൾ, ചെക്ക്ബുക്കുകൾ, FD റസീപ്റ്റുകൾ, ബില്ലുകൾ, ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ, വൗച്ചറുകൾ, റസീപ്റ്റ് കുറ്റികൾ, കഴിഞ്ഞവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് എന്നിവയും കൊണ്ടുവരേണ്ടതാണ്. കഴിഞ്ഞ വർഷത്തെ ഓഡിറ്റ് ഫീസ് കൊടുക്കാത്തവർ അവയും ഇൻകം ടാക്സ് ഓഫീസിൽ റിട്ടേൺ സമർപ്പിക്കുവാനായിട്ടുള്ള ഫീസും ഓഡിറ്റിന്വരുന്ന അവസരത്തിൽ കൊണ്ടുവരേണ്ടതാണ്.**

നീലഗിരി റീജണിലുള്ള പള്ളികളിലെ കണക്കുകൾ ഓഡിറ്റർ ശ്രീ. ജോൺ മാത്യുവിന്റെ ഊട്ടിയിലോ, ഗൂഡല്ലൂരോ ഉള്ള ഓഫീസുകളിൽ കാലേ കൂട്ടിതന്നെ ഓഡിറ്റിംഗിന് കൊടുക്കുന്നത് സൗകര്യപ്രദമായിരിക്കും എന്ന് ഓഡിറ്റർ അറിയിച്ചിട്ടുണ്ട്. ആണ്ടുതിരട്ട് പരിശോധനയും പൊതുയോഗ തീരുമാനങ്ങളുടെ അംഗീകാരവും ഏപ്രിൽ 28 ന് അരുൾനിലയം സി.എം.ഐ. ആശ്രമത്തിൽ വച്ച് ആയിരിക്കും. അന്നേദിവസം ഓഡിറ്റർമാരും അവിടെ ഉണ്ടായിരിക്കും.

**ഓരോ ഇടവകയ്ക്കും വേണ്ടി നിയോഗിച്ചിരിക്കുന്ന സമയക്രമം ചുവടെ ചേർക്കുന്നു.**

| **കല്ലോടി ഫൊറോന** | **ഏപ്രിൽ 18 ചൊവ്വ** | **ബിഷപ്സ് ഹൗസ്** |
|---|---|---|
| ചുള്ളിയാന | രാവിലെ 9 മുതൽ | " |
| ദീപ്തിഗിരി | രാവിലെ 9 മുതൽ | " |
| ദ്വാരക | രാവിലെ 9 മുതൽ | " |
| കല്ലോടി | രാവിലെ 9 മുതൽ | " |
| കരിമ്പിൽ | രാവിലെ 9 മുതൽ | " |
| കാരയ്ക്കാമല | രാവിലെ 9 മുതൽ | " |
| ജൂഡ്സ്മൗണ്ട് | രാവിലെ 9 മുതൽ | " |
| കൊമ്മയാട് | രാവിലെ 9 മുതൽ | " |
| കുഞ്ഞോം | രാവിലെ 9 മുതൽ | " |
| മക്കിയാട് | രാവിലെ 9 മുതൽ | " |
| മംഗലശ്ശേരി | രാവിലെ 9 മുതൽ | " |
| മൊതക്കര | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നിരവിൽപുഴ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ഒഴുക്കൻമൂല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പുതുശ്ശേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പുതിയിടംകുന്ന് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തോണിച്ചാൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വഞ്ഞോട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വാളേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **മാനന്തവാടി ഫൊറോന** | **ഏപ്രിൽ 19 ബുധൻ** | **ബിഷപ്സ് ഹൗസ്** |
| ആലാറ്റിൽ | രാവിലെ 9 മുതൽ | " |
| ഏലപ്പീടിക | രാവിലെ 9 മുതൽ | " |
| കരിമാനി | രാവിലെ 9 മുതൽ | " |
| കുറ്റിമൂല | രാവിലെ 9 മുതൽ | " |
| മാനന്തവാടി കത്തീഡ്രൽ | രാവിലെ 9 മുതൽ | " |
| മാനന്തവാടി ടൗൺ | രാവിലെ 9 മുതൽ | " |
| പാറത്തോട്ടം | രാവിലെ 9 മുതൽ | " |

| | | |
|---|---|---|
| പേരിയ | രാവിലെ 9 മുതൽ | " |
| പോരൂർ | രാവിലെ 9 മുതൽ | " |
| പുതിയിടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തലപ്പുഴ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തവിഞ്ഞാൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വാളാട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വലിയകൊല്ലി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ബോയ്സ് ടൗൺ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മുതിരേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പ്രശാന്തഗിരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| യവനാർകുളം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **കല്പറ്റ ഫൊറോന** | **ഏപ്രിൽ 20 വ്യാഴം** | **ബിഷപ്സ് ഹൗസ്** |
| കല്പറ്റ | രാവിലെ 9 മുതൽ | " |
| വാഴവറ്റ | രാവിലെ 9 മുതൽ | " |
| തെനേരി | രാവിലെ 9 മുതൽ | " |
| നെടുമ്പാല | രാവിലെ 9 മുതൽ | " |
| റിപ്പൺ | രാവിലെ 9 മുതൽ | " |
| കൊളവയൽ | രാവിലെ 9 മുതൽ | " |
| എടപ്പെട്ടി | രാവിലെ 9 മുതൽ | " |
| വൈത്തിരി | രാവിലെ 9 മുതൽ | " |
| ചാരിറ്റി | രാവിലെ 9 മുതൽ | " |
| ലക്കിടി | രാവിലെ 9 മുതൽ | " |
| ഒലിവുമല | രാവിലെ 9 മുതൽ | " |
| കളത്തുവയൽ (dependent Station) | രാവിലെ 9 മുതൽ | " |
| ചൂരൽമല (Independent Station) | രാവിലെ 9 മുതൽ | " |
| കുന്നംമ്പറ്റ (Independent Station) | രാവിലെ 9 മുതൽ | " |
| പുഴമുടി | രാവിലെ 9 മുതൽ | " |
| തൃക്കൈപ്പറ്റ | രാവിലെ 9 മുതൽ | " |
| **പയ്യംപള്ളി ഫൊറോന** | **ഏപ്രിൽ 20 വ്യാഴം** | **ബിഷപ്സ് ഹൗസ്** |
| പയ്യംപള്ളി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| അപ്പപ്പാറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ആറാട്ടുതറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ബാവലി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **മുള്ളൻകൊല്ലി ഫൊറോന** | **ഏപ്രിൽ 21 വെള്ളി** | **ബിഷപ്സ് ഹൗസ്** |
| ആടിക്കൊല്ലി | രാവിലെ 9 മുതൽ | " |
| അമരക്കുനി | രാവിലെ 9 മുതൽ | " |
| ഇരുളം | രാവിലെ 9 മുതൽ | " |

| | | |
|---|---|---|
| കബനിഗിരി | രാവിലെ 9 മുതൽ | " |
| മരകാവ് | രാവിലെ 9 മുതൽ | " |
| മരക്കടവ് | രാവിലെ 9 മുതൽ | " |
| മുള്ളൻകൊല്ലി | രാവിലെ 9 മുതൽ | " |
| പാടിച്ചിറ | രാവിലെ 9 മുതൽ | " |
| പട്ടാണിക്കൂപ്പ് | രാവിലെ 9 മുതൽ | " |
| പുൽപ്പള്ളി | രാവിലെ 9 മുതൽ | " |
| സീതാമൗണ്ട് | രാവിലെ 9 മുതൽ | " |
| ശിശുമല | രാവിലെ 9 മുതൽ | " |
| വാളാഞ്ചേരി (Independent Station) | രാവിലെ 9 മുതൽ | " |
| **പയ്യംപള്ളി ഫൊറോന** | **ഏപ്രിൽ 21 വെള്ളി** | **ബിഷപ്സ് ഹൗസ്** |
| എടയൂർകുന്ന് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കമ്മന | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കാട്ടിക്കുളം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മാർട്ടിൻനഗർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പടമല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പനവല്ലി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തൃശ്ശിലേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **മണിമൂളി ഫൊറോന** | **ഏപ്രിൽ 22 ശനി** | **മണിമൂളി പാസ്റ്ററൽ സെന്റർ** |
| മണിമൂളി (Including Manimooly, PC & Syncellus Office) | രാവിലെ 9 മുതൽ | " |
| ഭൂദാനം | രാവിലെ 9 മുതൽ | " |
| നരിവാലമുണ്ട | രാവിലെ 9 മുതൽ | " |
| ഞാറപ്പാടം | രാവിലെ 9 മുതൽ | " |
| മുണ്ടേരി | രാവിലെ 9 മുതൽ | " |
| പാലാങ്കര | രാവിലെ 9 മുതൽ | " |
| പാലേമാട് | രാവിലെ 9 മുതൽ | " |
| പാതിരിപ്പാടം | രാവിലെ 9 മുതൽ | " |
| തലഞ്ഞി | രാവിലെ 9 മുതൽ | " |
| മരുത (Independent Station) | രാവിലെ 9 മുതൽ | " |
| **നിലമ്പൂർ ഫൊറോന** | **ഏപ്രിൽ 22 ശനി** | **മണിമൂളി പാസ്റ്ററൽ സെന്റർ** |
| ചോക്കാട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| എടിവണ്ണ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മൂലേപ്പാടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

| | | |
|---|---|---|
| മുട്ടിയേൽ (Independent Station) | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നിലമ്പൂർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പൂക്കോട്ടുംപാടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പൂളപ്പാടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| റൂബിനഗർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| റ്റി.കെ. കോളനി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തേൾപ്പാറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വള്ളിക്കെട്ട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വടപുറം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **സു. ബത്തേരി ഫൊറോന** | **ഏപ്രിൽ 25 ചൊവ്വ** | **ബിഷപ്സ് ഹൗസ്** |
| അമ്പലവയൽ | രാവിലെ 9 മുതൽ | " |
| ചീങ്ങവല്ലം (Independent Station) | രാവിലെ 9 മുതൽ | " |
| ചിത്രഗിരി | രാവിലെ 9 മുതൽ | " |
| ചുള്ളിയോട് | രാവിലെ 9 മുതൽ | " |
| കടൽമാട് | രാവിലെ 9 മുതൽ | " |
| കരണി | രാവിലെ 9 മുതൽ | " |
| മീനങ്ങാടി | രാവിലെ 9 മുതൽ | " |
| കല്ലുമുക്ക് | രാവിലെ 9 മുതൽ | " |
| പഴൂർ | രാവിലെ 9 മുതൽ | " |
| സു.ബത്തേരി | രാവിലെ 9 മുതൽ | " |
| മൂലങ്കാവ് | രാവിലെ 9 മുതൽ | " |
| തോമാട്ടുചാൽ | രാവിലെ 9 മുതൽ | " |
| വടക്കനാട് | രാവിലെ 9 മുതൽ | " |
| വാകേരി | രാവിലെ 9 മുതൽ | " |
| **ചുങ്കക്കുന്ന് ഫൊറോന** | **ഏപ്രിൽ 26 ബുധൻ** | **ബിഷപ്സ് ഹൗസ്** |
| അടയ്ക്കാത്തോട് | രാവിലെ 9 മുതൽ | " |
| അമ്പായത്തോട് | രാവിലെ 9 മുതൽ | " |
| ചുങ്കക്കുന്ന് | രാവിലെ 9 മുതൽ | " |
| കേളകം | രാവിലെ 9 മുതൽ | " |
| കൊട്ടിയൂർ | രാവിലെ 9 മുതൽ | " |
| നെല്ലിയോടി | രാവിലെ 9 മുതൽ | " |
| ഒറ്റപ്ലാവ് | രാവിലെ 9 മുതൽ | " |
| പാൽച്ചുരം | രാവിലെ 9 മുതൽ | " |
| ശാന്തിഗിരി | രാവിലെ 9 മുതൽ | " |
| വെള്ളൂന്നി | രാവിലെ 9 മുതൽ | " |

| **നടവയൽ ഫൊറോന** | **ഏപ്രിൽ 26 ബുധൻ** | **ബിഷപ്സ് ഹൗസ്** |
|---|---|---|
| അരിഞ്ചേർമല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ചെറുകാട്ടൂർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ചുണ്ടക്കര | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കല്ലുവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കണിയാമ്പറ്റ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കേണിച്ചിറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പനമരം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

| **തരിയോട് ഫൊറോന** | **ഏപ്രിൽ 27 വ്യാഴം** | **ബിഷപ്സ് ഹൗസ്** |
|---|---|---|
| തരിയോട് | രാവിലെ 9 മുതൽ | " |
| ചെന്നലോട് | രാവിലെ 9 മുതൽ | " |
| കാവുംമന്ദം | രാവിലെ 9 മുതൽ | " |
| കോട്ടത്തറ | രാവിലെ 9 മുതൽ | " |
| കുറുമ്പാല | രാവിലെ 9 മുതൽ | " |
| പുഷ്പനഗർ (Independent Station) | രാവിലെ 9 മുതൽ | " |
| കുറുമണി | രാവിലെ 9 മുതൽ | " |
| മംഗളം | രാവിലെ 9 മുതൽ | " |
| പന്തിപ്പോയിൽ (Independent Station) | രാവിലെ 9 മുതൽ | " |
| മഞ്ഞൂറ | രാവിലെ 9 മുതൽ | " |
| പുതുശ്ശേരിക്കടവ് | രാവിലെ 9 മുതൽ | " |

| **നടവയൽ ഫൊറോന** | **ഏപ്രിൽ 27 വ്യാഴം** | **ബിഷപ്സ് ഹൗസ്** |
|---|---|---|
| കുറുമ്പാലക്കോട്ട | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നടവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നെയ്ക്കുപ്പ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പറളിക്കുന്ന് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വാളവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വിളമ്പുകണ്ടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

| **ഗൂഡല്ലൂർ റീജിയൺ** | **ഏപ്രിൽ 28 വെള്ളി** | **അരുൾനിലയം** |
|---|---|---|
| അരുൾനിലയം | രാവിലെ 9 മുതൽ | " |
| ബെക്കി | രാവിലെ 9 മുതൽ | " |
| ബർലിയാർ | രാവിലെ 9 മുതൽ | " |
| കൂനൂർ | രാവിലെ 9 മുതൽ | " |
| അറുവൻകാട് (Independent Station) | രാവിലെ 9 മുതൽ | " |
| ധർമ്മഗിരി | രാവിലെ 9 മുതൽ | " |
| ആറാട്ടുപാറ (Independent Station) | രാവിലെ 9 മുതൽ | " |
| കൽപ്ര | രാവിലെ 9 മുതൽ | " |

| | | |
|---|---|---|
| കയ്യൂന്നി | രാവിലെ 9 മുതൽ | " |
| കുന്നലാടി | രാവിലെ 9 മുതൽ | " |
| മച്ചിക്കൊല്ലി | രാവിലെ 9 മുതൽ | " |
| മണ്ണുവയൽ | രാവിലെ 9 മുതൽ | " |
| പനംചിറ | രാവിലെ 9 മുതൽ | " |
| വിമലഗിരി | രാവിലെ 9 മുതൽ | " |
| ഊട്ടി | രാവിലെ 9 മുതൽ | " |

**മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

## വൈദികരുടെ സന്ദർശന ദിനം

2017 ഏപ്രിൽ മാസം മുതൽ ബഹു. വൈദികർക്ക് മാത്രമായി അഭിവന്ദ്യ പിതാവ് ചില സന്ദർശനദിവസങ്ങൾ മാറ്റി വയ്ക്കുന്നതായിരിക്കും. ആ ദിവസങ്ങൾ ബുള്ളറ്റിനിൽ കൊടുക്കുന്ന ബിഷപ്പ്സ് പ്രോഗ്രാമിൽ Visitors' Day-Priests എന്ന് രേഖപ്പെടുത്തുന്നതാണ്. ആ ദിവസങ്ങളിൽ വൈദികർ ഒഴികെ മറ്റുള്ളവർ സന്ദർശനത്തിന് വരാതിരിക്കാനും പൊതു ജനങ്ങൾക്കായുള്ള സന്ദർശന ദിവസങ്ങളിൽ വൈദികർ വരാതിരിക്കാനും കഴിയുന്നത്ര ശ്രദ്ധിക്കുമല്ലോ.

**സെക്രട്ടറി**

## PPF അറിയിപ്പ്

ഓരോ ഇടവകയിൽ നിന്നും PPF ലേയ്ക്ക് അടയ്ക്കേണ്ട തുക താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| A Grade - 5000 | + 10500 (വികാരി അലവൻസ്) | | |
| | + 10500 (അസി. വികാരി അലവൻസ്) | = | 26000 |
| B Grade - 4000 | + 10500 (വികാരി അലവൻസ്) | = | 14500 |
| C Grade - 3000 | + 10500 (വികാരി അലവൻസ്) | = | 13500 |
| D Grade - 2000 | + 10500 (വികാരി അലവൻസ്) | = | 12500 |
| E | + 10500 (വികാരി അലവൻസ്) | = | 10500 |

PPF ലേയ്ക്ക് അടക്കേണ്ട തുക താഴെകാണുന്ന അക്കൗണ്ടിലേയ്ക്ക് അയയ്ക്കാൻ ശ്രദ്ധിക്കുമല്ലോ.

A/C Name : Secretary PPF
A/C No : 0063 02151971 190001
Bank : Catholic Syrian Bank
Branch : Mananthavady, IFS Code : CSBK0000063

**ഫാ. വർഗ്ഗീസ് മുളകൊടിയാങ്കൽ** - സെക്രട്ടറി, പി.പി.എഫ്.

# ഇടവകകളുടെ ഗ്രേഡ്

മാനന്തവാടി രൂപതയിലെ ഇടവകകളുടെ നിലവിലുള്ള ഗ്രേഡ് ഒരിക്കൽകൂടി പ്രസിദ്ധീകരിക്കുന്നു. ദേവാലയ ശുശ്രൂഷികൾക്കും സെക്രട്ടറിമാർക്കും ഈ ഗ്രേഡിന്റെ അടിസ്ഥാനത്തിലുള്ള ശമ്പളമാണ് 2017 ജനുവരി മാസം മുതൽ നൽകുന്നതെന്ന് ബഹു. വികാരിയച്ചന്മാർ ഉറപ്പുവരുത്തേണ്ടതാണ്. ഇടവകയുടെ ഗ്രേഡ് ഉയർത്തണം എന്നുണ്ടെങ്കിൽ ഇടവക പൊതുയോഗം തീരുമാനമെടുത്ത് രൂപതാ കൂരിയായുടെ അംഗീകാരത്തിന് നൽകാവുന്നതാണ്. നിലവിൽ ഉള്ള നിയമാവലി പ്രകാരം ഗ്രേഡ് ഉയർത്തുന്നതുകൊണ്ട് ഇടവകയിൽ ശുശ്രൂഷ ചെയ്യുന്നവർക്കുള്ള ശമ്പളത്തിലും വൈദികർക്കുവേണ്ടി പി.പി.എഫിലേയ്ക്ക് നൽകുന്ന വിഹിതത്തിലും മാത്രമാണ് മാറ്റം വരിക.

| **Chungakunnu Forane** | |
|---|---|
| Adackathode | B |
| Ambayathode | B |
| Chungakunnu | A |
| Kelakam | D |
| Kottiyoor | A |
| Nelliyodi | D |
| Ottaplavu | D |
| Palchuram | D |
| Santhigiri | D |
| Velloonny | D |
| **Kallody Forane** | |
| Chulliyana | C |
| Deepthigiri | C |
| Dwaraka | C |
| Jude's Mount | D |
| Kallody | A |
| Karimbil | D |
| Karackamala | C |
| Kommayad | C |
| Kunjhome | D |
| Makkiyad | D |
| Mangalassery | E |
| Mothakkara | E |
| Niravilpuzha | E |
| Ozhukkanmoola | C |
| Pudussery | D |
| Puthiyidomkunnu | D |
| Thonichal | C |
| Valery | E |
| Vanjode | C |

| **Kalpetta Forane** | |
|---|---|
| Charity | D |
| Cheengeri | N |
| Chooralmala | E |
| Edapetty | E |
| Kalpetta | A |
| Kolavayal | D |
| Kunnambetta | N |
| Lakkidi | N |
| Nedumpala | C |
| Olivumala | E |
| Puzhamudi | E |
| Rippon | C |
| Theneri | B |
| Thrikkaipetta | E |
| Vazhavatta | A |
| Vythiri | E |
| **Manimooly Forane** | |
| Bhoodanam | N |
| Manimooly | A |
| Marutha | N |
| Munderi | E |
| Narivalamunda | B |
| Njarapadam | C |
| Palankara | B |
| Palemad | C |
| Pathiripadam | B |
| Thalanji | A |

## Mananthavady Forane

| | |
|---|---|
| Alattil | C |
| Boy's Town | E |
| Elapeedika | D |
| Karimani | E |
| Kuttimoola | E |
| Mananthavady Cathedral | A |
| Mananthavady Town | B |
| Muthireri | E |
| Parathottam | D |
| Peria | E |
| Poroor | B |
| Prasanthagiri | E |
| Puthiyidom | E |
| Thalapuzha | E |
| Thavinjal | B |
| Valad | E |
| Valiakolly | E |
| Yavanarkulam | E |

## Mullenkolly Forane

| | |
|---|---|
| Adikolly | B |
| Amarakkuni | C |
| Irulam | C |
| Kabanigiri | C |
| Marakavu | A |
| Marakkadavu | C |
| Mullenkolly | A |
| Padichira | A |
| Pattanikoop | C |
| Pulpally | C |
| Seethamount | C |
| Sisumala | B |

## Nadavayal Forane

| | |
|---|---|
| Arinchermala | D |
| Cherukattoor | B |
| Chundakkara | B |
| Kalluvayal | D |
| Kaniambetta | E |
| Kenichira | C |
| Kurumbalakotta | D |
| Nadavayal | A |
| Neikuppa | E |
| Panamaram | E |
| Paralikunnu | E |
| Valavayal | D |
| Vilambukandam | D |

## Nilambur Forane

| | |
|---|---|
| Chokkad | C |
| Edivanna | B |
| Moolepadam | E |
| Muttiyel | E |
| Nilambur | A |
| Pookkottumpadam | C |
| Poolapadam | B |
| Ruby Nagar | C |
| T K Colony | N |
| Thelpara | C |
| Vadapuram | E |
| Vallikkettu | D |

## Payyampally Forane

| | |
|---|---|
| Appappara | N |
| Arattuthara | D |
| Bavali | N |
| Edayoorkunnu | E |
| Kammana | D |
| Kartikulam | D |
| Martin Nagar | B |
| Padamala | C |
| Panavally | E |
| Payyampally | A |
| Thrissilery | E |

## Sulthan Bathery Forane

| | |
|---|---|
| Ambalavayal | C |
| Cheengavallam | N |
| Chithragiri | C |
| Chulliode | D |
| Kadalmad | C |
| Kallumukku | N |
| Karani | N |
| Meenangadi | C |
| Pazhoor | C |
| S. Bathery | A |
| Thomattuchal | C |
| Vadakkanad | D |
| Vakery | C |

## Thariode Forane

| | |
|---|---|
| Chennalode | B |
| Kavummannam | C |
| Kottathara | C |
| Kurumbala | C |
| Kurumani | D |
| Mangalam | C |
| Manjoora | D |
| Panthipoyil | N |
| Puthusserikkadavu | D |
| Thariode | A |

## Nilgiri Region

| | |
|---|---|
| Arattupara | N |
| Arulnilayam | D |
| Aruvankadu | N |
| Bekki | D |
| Burliar | N |
| Coonoor | D |
| Dharmagiri | D |
| Kalpra | C |
| Kayyunny | B |
| Kunnalady | C |
| Machikolly | D |
| Manvayal | C |
| Ooty | E |
| Panamchira | D |
| Vimalagiri | D |

# വൈദികരുടെ മാസധ്യാനം

## നടയവയൽ ഫൊറോന

നടവയൽ ഫൊറോനയിലെ വെദീകരുടെ മാസധ്യാനം 2017 മാർച്ച് 07ന് അരിഞ്ചേർമല സെന്റ് തോമസ് ഇടവകയിൽവച്ച് നടത്തി. മാസധ്യാനത്തിൽ പതിനാറ് വൈദീകർ പങ്കെടുത്തു. ബഹു. ഇടവകവികാരി ജെയിംസ് കുററിമാക്കലച്ചൻ ഏവർക്കും സ്വാഗതം ആശംസിക്കുകയും, ബഹു. ലൂക്കാ തടത്തിലച്ചൻ ധ്യാനചിന്തകൾ പങ്കുവച്ച്, ആരാധനയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു. തുടർന്നുളള ചർച്ചകൾക്ക് ഫൊറോനാ വികാരി ബഹു. ഷാജി മുളകുടിയാങ്കലച്ചൻ നേതൃത്വം നൽകി. മാർച്ച് മാസത്തിൽ ജന്മദിനവും നാമഹേതുകതിരുനാളും ആഘോഷിക്കുന്ന വൈദീകർക്ക് ആശംസകൾ നേർന്നു. വിവിധ സംഘടനകളുടെയും ഇടവകക ളുടെയും പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചചെയ്തു. തിരുബാല സഖ്യത്തിൻെറ രൂപതാമത്സരത്തിൽ ഒന്നാംസ്ഥാനം നേടിയ നടവയൽ ഫൊറോനയെ അഭിനന്ദിക്കുകയും മിഷൻലീഗിൻെറ മേഖലാക്യാമ്പ് മേഖലാവാർഷികം എന്നിവയെക്കുറിച്ചും, കെ.സി.വൈ.എം. ൻെറ നേതൃത്വത്തിൽ മേഖല, രൂപതാതലത്തിൽ നടക്കുന്ന കുരിശിൻെറ വഴിയെക്കുറിച്ചും ഡയറക്ടറച്ചന്മാർ സംസാരിച്ചു. അടുത്ത മാസധ്യാനം ഏപ്രിൽ 04ന് കല്ലുവയൽ സെൻറ് മേരീസ് പളളിയിൽവച്ച് നടത്തുവാൻ തീരുമാനിച്ചു.

**ഫാ. മാത്യു വട്ടുകുളത്തിൽ,** സെക്രട്ടറി

## ബത്തേരി ഫൊറോന

ബത്തേരി ഫൊറോനയിലെ വൈദികരുടെ മാസധ്യാനം 2017 മാർച്ച് 7-ാം തീയതി കരണി ക്രിസ്തുരാജ ദേവാലയത്തിൽ വച്ച് നടത്തി. ബഹു.സജി അവങ്ങാട്ടച്ചൻ എല്ലാവരെയും സ്വാഗതം ചെയ്തു. ബഹു. ഫാ. ജോർജ് പൊട്ടയിൽ വി.സി. ധ്യാന ചിന്തകൾക്കും ആരാധനയ്ക്കും നേതൃത്വം നല്കി. തുടർന്ന് നടത്തിയ ചർച്ചകൾക്ക് ഫൊറോന വികാരി ബഹു. ഫാ. സ്റ്റീഫൻ കോട്ടയ്ക്കൽ നേതൃത്വം നല്കി. വിവിധ സംഘ ടനകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തി. കെ.സി.വൈ.എം. ന്റെ നേതൃത്വത്തിൽ മാർച്ച് 11 ന് കണിയാരം കത്തീഡ്രലിൽ വച്ച് ജാഗ രണ പ്രാർത്ഥന ഉണ്ടായിരിക്കുമെന്ന് ബഹു. സജി അച്ചൻ അറിയിച്ചു. ഏപ്രിൽ 8-ന് മതബോധന വാർഷിക പരീക്ഷ ഉണ്ടായിരിക്കുമെന്ന് ബഹു. വാഴയിലച്ചൻ ഓർമ്മപ്പെടുത്തി. അടുത്ത മാസധ്യാനം മീനങ്ങാടി അസീസ്സി ദേവാലയത്തിൽ വച്ച് ഏപ്രിൽ 4-ാം തീയതി നടത്തുവാൻ തീരുമാനിച്ചു.

**ഫാ. ഷിജോ വേനക്കുഴിയിൽ,** സെക്രട്ടറി

# മതബോധനരംഗം

**മൂല്യനിർണ്ണയ ക്യാമ്പ്**

ഏപ്രിൽ 9-ാം തീയതി നടക്കുന്ന ഡിപ്ലോമ സ്കോളർഷിപ്പ് പരീക്ഷകളുടെ മൂല്യനിർണ്ണയ ക്യാമ്പ് ഏപ്രിൽ 11, 12 തീയതികളിൽ രൂപതാ മതബോധന ഓഫീസിൽ നടക്കുന്നു. മൂല്യനിർണ്ണയ ക്യാമ്പിലേക്ക് ക്ഷണിക്കപ്പെട്ട അദ്ധ്യാപകരെ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

**രൂപതാ പ്രതിഭാ സംഗമം ഏപ്രിൽ 22, മെയ് 13**

ഫൊറോനകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട VII -ാം ക്ലാസ്സ് വിദ്യാർത്ഥികളുടെ രൂപതാതല പ്രതിഭാസംഗമം ഏപ്രിൽ 22-നും X-ാം ക്ലാസ്സ് വിദ്യാർത്ഥികളുടെ രൂപതാ പ്രതിഭാസംഗമം മെയ് 13-നും രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്. ഫൊറോനകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾ കൃത്യസമയത്ത് എത്തിച്ചേരുവാൻ ശ്രദ്ധിക്കുക.

**HDC പരീക്ഷാഫലം**

ഫെബ്രുവരി മാസത്തിൽ നടത്തിയ 2015-17 വർഷത്തെ HDC (Higher Diploma in Catechesis) പരീക്ഷാഫലം ഏപ്രിൽ 1-ന് മതബോധന കേന്ദ്രത്തിന്റെ Website ൽ പ്രസിദ്ധീകരിക്കുന്നതാണ്.

**വിശ്വാസോത്സവം-പരീക്ഷാ പഠനശില്പശാല-വാർഷിക പരീക്ഷ**

I-IX ക്ലാസ്സുകളുടെ വാർഷിക പരീക്ഷ ഏപ്രിൽ 8-ാം തീയതി ശനിയാഴ്ചയാണ്. 10 മണി മുതൽ 12 മണി വരെയാണ് പരീക്ഷാ സമയം. ഏപ്രിൽ 4,5,6, തീയതികളിൽ വിശ്വാസോത്സവം നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. വിശ്വാസോത്സവത്തിനുള്ള അധ്യാപകസഹായി തയ്യാറാക്കിയിട്ടുണ്ട്. രൂപതാ മതബോധന ഓഫീസിൽ ലഭ്യമാണ്. മൂന്ന് ദിവസത്തെ വിശ്വാസോത്സവത്തിന് ശേഷം ഏപ്രിൽ 7-ാം തീയതി പരീക്ഷ പഠനശില്പശാല നടത്തുവാൻ ശ്രദ്ധിക്കണം. സ്കോളർഷിപ്പ് പരീക്ഷകൾക്കും മറ്റ് പരീക്ഷകൾക്കും വിശ്വാസോത്സവ ഭാഗങ്ങളിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാവുന്നതാണ്. V, VI, VII ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് സൗഹൃദം എന്ന വിഷയവുമായി ബന്ധപ്പെട്ടും VIII, IX, X ക്ലാസ്സുകളിൽ നവമാധ്യമങ്ങളുമായി ബന്ധപ്പെട്ട

വിഷയവുമാണ് ഈ വർഷം വിശ്വാസോത്സവത്തിൽ പഠനവിഷയ മാക്കുന്നത്. I,II,III ക്ലാസ്സുകളിൽ അതാതു ക്ലാസ്സുകളുടെ ഉപപാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ വിശ്വാസോത്സവ ദിവസങ്ങളിൽ ചെയ്യിക്കാവുന്നതാണ്. IV -ാം ക്ലാസ്സിലെ കുട്ടികൾ പ്രഥമ കുമ്പസാരത്തിനും ആഘോഷമായ ദിവ്യകാരുണ്യസ്വീകരണത്തിനും ഒരുങ്ങുന്ന വർഷമായതിനാൽ ഓ ദിവ്യകാരുണ്യമേ എന്ന ഉപപാഠ പുസ്തകത്തിലെ വിഷയങ്ങൾതന്നെ പഠനവിഷയമാക്കുകയും നമസ്കാരങ്ങൾ (പ്രാർത്ഥനകൾ) പഠിപ്പിക്കുകയും ചെയ്യുക. 4 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ ഉപപാഠ പുസ്തകങ്ങളുടെ Question Bank മാർച്ച് അവസാനത്തോടെ രൂപതാ കേന്ദ്രത്തിൽ ലഭ്യമായിരിക്കും.

**ഡിപ്ലോമ സ്കോളർഷിപ്പ് പരീക്ഷ**

ഈ വർഷത്തെ 7,4 ക്ലാസ്സുകളുടെ സ്കോളർഷിപ്പ് പരീക്ഷയും ഡിപ്ലോമ പരീക്ഷയും ഏപ്രിൽ 9-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണിവരെയാണ്. ഏപ്രിൽ 8-ാം തീയതി 10-ാം ക്ലാസ്സിന് പരീക്ഷ ഉള്ളതിനാലാണ് 9-ാം തീയതിയിലേക്ക് ഈ പരീക്ഷകൾ മാറ്റുന്നത്. പരീക്ഷാ സമയം കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കുക. ഓരോ ഇടവകയിലെയും പരീക്ഷാ നടത്തിപ്പിന്റെ ഉത്തരവാദിത്വം അതാത് ഇടവകയിലെ ബഹു. വികാരിയച്ചൻമാർക്കും ഹെഡ്മാസ്റ്റർ ക്കുമായിരിക്കും. ഓരോ ഇടവകയിലേക്കും സൂപ്പർവൈസർമാരെ നിയോഗിക്കേണ്ടത് ഫൊറോന ഡയറക്ടറുടെ നേതൃത്വത്തിൽ ഫൊറോന ടീം അംഗങ്ങളുടെ സഹകരണത്തോടെയാണ്. ഫൊറോന ടീം അംഗങ്ങളെയോ, മതാധ്യാപനരംഗത്ത് 5 വർഷമെങ്കിലും പരിചയമുള്ളവരേയോ ആണ് പരീക്ഷ നടത്തിപ്പിന് നിയോഗിക്കേണ്ടത്. ഓരോ ഇടവകയിലേക്കും നിശ്ചയിച്ചിരിക്കുന്ന സൂപ്പർവൈസർമാരുടെ ലിസ്റ്റ് മാർച്ച് 22 ന് മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. സൂപ്പർവിഷന് പോകുന്നവർ രൂപതാ ഓഫീസിൽനിന്നും തന്നിരിക്കുന്ന നിർദ്ദേശങ്ങൾ വ്യക്തമായി മനസ്സിലാക്കി അതനുസരിച്ച് ചെയ്യുവാൻ ശ്രദ്ധിക്കണേ.

**ചോദ്യപേപ്പറുകൾ**

ഏപ്രിൽ 6-ാം തീയതി രാവിലെ 10.00 മണി മുതൽ 5.00 മണി വരെ രൂപതാ മതബോധന ഓഫീസിൽ നിന്നും മാനന്തവാടി സെന്റ് ജോസഫ്സ് ബുക്കുസ്റ്റാളിൽ നിന്നും (മാനന്തവാടി, പയ്യമ്പള്ളി, ചുങ്കക്കുന്ന് ഫൊറോനകൾ) ചോദ്യപേപ്പർ എടുക്കാവുന്നതാണ്.

**ഇന്റേണൽ അസ്സസ്മെന്റ്**

X-ാം ക്ലാസ്സ് ഡിപ്ലോമ കുട്ടികളുടെ ഇന്റേണൽ അസ്സസ്മെന്റ്

മാർക്ക് രൂപതാ ഓഫീസിൽ നിന്നും ഇപ്പോൾ തന്നിരിക്കുന്ന പുതിയ ഫോറത്തിൽ കൃത്യതയോടെ എഴുതി തയ്യാറാക്കി പ്രത്യേക കവറിലാക്കി ഉത്തരക്കടലാസിനോടൊപ്പം ഓഫീസിൽ എത്തിക്കണം.

## Diploma : Revaluation, Say Exam

ഡിപ്ലോമ, സ്കോളർഷിപ്പ് പരീക്ഷകളുടെ റിസൾട്ട് ഏപ്രിൽ 22 മുതൽ www.catechismmdy.org എന്ന സൈറ്റിൽ ലഭ്യമായിരിക്കും. ഡിപ്ലോമ പരീക്ഷയുടെ പേപ്പർ പുനർനിർണ്ണയത്തിന് മെയ് 2-ന് മുമ്പ് 50 രൂപ ഫീസോടുകൂടി അപേക്ഷ എഴുതി നൽകുക. ഡിപ്ലോമയുടെ Say Exam മെയ് 13-ാം തീയതി ശനിയാഴ്ചയായിരിക്കും. ആദ്യപരീക്ഷകൾ എഴുതി തോറ്റവർക്ക് മാത്രമേ Say Exam എഴുതാനുള്ള അനുവാദം ഉണ്ടായിരിക്കുകയുള്ളു. 100 രൂപയാണ് Say Exam രജിസ്ട്രേഷൻ ഫീസ്.

## HDC പ്രവേശനം

അടുത്ത വർഷത്തേക്ക് HDC യ്ക്കുള്ള അധ്യാപകരെ മുൻകൂട്ടി പറഞ്ഞുറപ്പിച്ച് രജിസ്ട്രേഷൻ നടത്തുവാൻ ഹെഡ്മാസ്റ്റേഴ്സ് ശ്രദ്ധിക്കുമല്ലോ.

## DCC

HM, PP Conference ൽ പറഞ്ഞിരുന്നതുപോലെ 12-ാം ക്ലാസ്സ് കഴിഞ്ഞ കുട്ടികളെ DCC കോഴ്സിൽ ചേർക്കുവാനുള്ള ക്രമീകരണങ്ങൾ മുൻകൂട്ടി ചെയ്യുമല്ലോ.

## HM, PP Conference

2017-18 വർഷത്തെ ആദ്യ HM,PP Conference മെയ് 20-ാം തീയതി ശനിയാഴ്ചയായിരിക്കും. ഹെഡ്മാസ്റ്റേഴ്സ് തീയതി ശ്രദ്ധിക്കുമല്ലോ. ഉത്ഥാനതിരുനാളിന്റെ മംഗളങ്ങൾ മുൻകൂട്ടി നേർന്നുകൊണ്ട്,

**ഫാ. റോയി വട്ടക്കാട്ട്**
രൂപതാ മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷൻ സുഹൃത്തുക്കളെ,

'കാരുണ്യം പ്രേഷിത കരങ്ങളിൽ' എന്ന ആപ്തവാക്യവുമായി നമ്മൾ ആരംഭിച്ച പ്രവർത്തനവർഷത്തിന്റെ അവസാന രണ്ട് മാസങ്ങളിലേയ്ക്ക് പ്രവേശിക്കുകയാണല്ലോ? ശാരീരികവും ആത്മീയവുമായ കാരുണ്യപ്രവർത്തികളിലൂടെ കരുണയുടെ മനോഭാവം എല്ലാവരിലേക്കും എത്തിക്കുക എന്നതായിരുന്നു നമ്മുടെ ലക്ഷ്യം. ക്രിസ്തുവിന്റെ കാരുണ്യം പ്രേഷിതരായ നമ്മുടെ കരങ്ങളിലൂടെ പൂർത്തിയാക്കുവാൻ നമുക്ക് ശ്രമിക്കാം.

തുടർന്ന് വരുന്ന അവധിക്കാലത്ത് കുട്ടികൾ ധ്യാനത്തിൽ പങ്കെടുക്കുന്നത് നല്ലതായിരിക്കും. പുതിയ അധ്യയനവർഷത്തേക്ക് ഒരുങ്ങുമ്പോൾ അവധിക്കാലം ആത്മീയ ഉണർവ്വിന്റെ കാലഘട്ടം കൂടിയാകട്ടെ.

അടുത്ത അധ്യയനവർഷത്തെക്കുറിച്ച് നിങ്ങളെ ബോധ്യപ്പെടുത്തുന്നതിനായി അവധിക്കാല കോച്ചിങ്ങ് ക്യാമ്പുകളൊക്കെ ഒരുങ്ങിക്കഴിഞ്ഞു. പരീക്ഷകൾ കഴിഞ്ഞു. എന്ന ആശ്വാസത്തിൽ പുസ്തകം അടച്ചിരിക്കാതെ ഈ ലോകത്തിലേക്കും സമൂഹത്തിലേക്കും കണ്ണുതുറന്നിരിക്കുക. ഈ ലോകത്തിൽ നിന്ന് എനിക്ക് ഏറെ പഠിക്കാനുണ്ട്. എനിക്ക് ആരായിത്തീരാം എന്നതിനെക്കാളുപരിയായി ഞാൻ ആരാകരുത് എന്നാണ് ഇപ്പോൾ ചിന്തിക്കേണ്ടത്. വളർത്താനും നശിപ്പിക്കാനുമുള്ള സാഹചര്യങ്ങളൊക്കെയുണ്ട് ഈ സമൂഹത്തിൽ, ആയതിനാൽ നല്ല മനസ്സും മനസാക്ഷിയും രൂപപ്പെടുത്തുക എന്നതാണ് പരമപ്രധാനം.

ദൃശ്യമാധ്യമങ്ങളുടെ ഉപയോഗം അൽപം കുറക്കുന്നത് നന്നായിരിക്കും. മാനസീക ഉല്ലാസം നൽകുന്ന ക്രിയാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതാണ് നല്ലത്. സോഷ്യൽ മീഡിയയുടെ ഉപയോഗം മനസ്സിനെ സങ്കുചിതമാക്കാൻ സാധ്യതയുള്ളതിനാൽ ഹൃദയ തുറവിയുള്ള, മാനസീക ആത്മീയ സന്തോഷം തരുന്ന ക്യാമ്പുകളിലും ക്ലാസ്സുകളിലും പങ്കെടുക്കുക.

ഏതെങ്കിലും ഒരു വിശുദ്ധന്റെ ജീവചരിത്രം വായിച്ച് പഠിക്കുക. ഒരു സങ്കീർത്തന ഭാഗം കാണാപാഠം പഠിക്കുക, മാതാപിതാക്കളെ വീട്ടുജോലികളിൽ സഹായിക്കുക, അനുദിന വി. ബലിയർപ്പണത്തിലും ജപമാല പ്രാർത്ഥനയിലും വീഴ്ച വരുത്താതിരിക്കുക മുതലായ ചിന്തകൾ സംതൃപ്തിയുള്ള അവധിക്കാലം പ്രദാനം ചെയ്യും.

അവധിക്കാല ആരംഭം, വിശ്വാസോത്സവും വലിയ ആഴ്ചയും ആയതിനാൽ ഇവയിലൂടെ ലഭിക്കുന്ന പുത്തൻഉണർവ്വ് ആത്മാഭിഷേകത്തിന് കാരണമാകട്ടെ. പഠിച്ച വിശ്വാസം, ജീവിതത്തിൽ പ്രാവർത്തികമാക്കാൻ സാധിക്കട്ടെ. നവോന്മേഷത്തിന്റെ അവധിക്കാലം ആശംസിച്ചുകൊണ്ട്

സ്നേഹപൂർവ്വം,
**ജോജോച്ചൻ**

**ബഹുമാനപ്പെട്ട അനൂപച്ചന് നന്ദി**

കഴിഞ്ഞ ഒരു വർഷം പയ്യമ്പള്ളി മേഖലയുടെ ഡയറക്ടറായി സേവനമനുഷ്ഠിച്ച ബഹു.അനൂപ് കൊല്ലംകുന്നേൽ അച്ചന് രൂപതാ കുടുംബത്തിന്റെ നന്ദിയും അഭിനന്ദനങ്ങളും.

**ബഹുമാനപ്പെട്ട ബിവാൾഡിനച്ചന് സ്വാഗതം**

പയ്യമ്പള്ളി മേഖലയുടെ മിഷൻലീഗ് ഡയറക്ടർ സ്ഥാനം ഏറ്റെടുത്തിരിക്കുന്ന ബഹു. ബിവാൾഡിൻ തേവർകുന്നേൽ അച്ചന് രൂപതാ കുടുംബ ത്തിലേക്ക് സ്വാഗതം.

**സംസ്ഥാന പ്രസിഡണ്ട്-ബിനു മാങ്കൂട്ടത്തിന് അഭിനന്ദനങ്ങളും ആശംസകളും**

2017-2020 വർഷത്തേക്കുള്ള സംസ്ഥാന പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട ബിനു മാങ്കൂട്ടത്തിന് അഭിനന്ദനങ്ങൾ നേരുന്നു. കഴിഞ്ഞ 3 വർഷം സംസ്ഥാന സെക്രട്ടറിയായി പ്രവർത്തിച്ചതിന്റെ പ്രവർത്തന മികവോടുകൂടിയാണ് അദ്ദേഹം അദ്ധ്യക്ഷ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടിരിക്കുക. മാനന്തവാടി രൂപതക്കും, നടവയൽ മേഖലക്കും, നടവയൽ ശാഖക്കും അഭിമാനിക്കാവുന്ന നിമിഷങ്ങൾ സമ്മാനിച്ച ബിനുവിന് രൂപതാ കുടുംബത്തിന്റെ എല്ലാ വിജയാശംസകളും നേരുന്നു.

**തിരുബാലസഖ്യ മത്സരം**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ തിരുബാലസഖ്യത്തിലെ കുട്ടികൾക്കായി കലാമത്സരം സംഘടിപ്പിച്ചു. പ്രസംഗം, ബൈബിൾ വായന, കഥപറച്ചിൽ, ലളിത ഗാനം, ആക്ഷൻസോങ്ങ്, ജലഛായം എന്നീ ഇനങ്ങളിലാണ് മത്സരം

നടത്തിയത്. 109 പോയിന്റ് നേടി നടവയൽ മേഖല ഒന്നാം സ്ഥാനത്തും 103 പോയിന്റ് നേടി ബത്തേരി മേഖല രണ്ടാം സ്ഥാനത്തും 85 പോയിന്റ് നേടി തരിയോട് മേഖല മൂന്നാം സ്ഥാനത്തും എത്തി. രൂപത മതബോധന ഡയറക്ടർ റവ. ഫാ. റോയി വട്ടക്കാട്ട് സമ്മാനങ്ങൾ വിതരണം ചെയ്തു. രൂപത ജനറൽ ഓർഗ്ഗനൈസർ രഞ്ജിത്ത് മുതുപ്ലാക്കൽ നന്ദി പറഞ്ഞു. രൂപത ഡയറക്ടർ റവ. ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ, പ്രസിഡണ്ട് ഷാജി ചന്ദനപറമ്പിൽ, സെക്രട്ടറി ബിനീഷ് തുമ്പിയാം കുഴി യിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

**ലഹരിവിരുദ്ധ പദയാത്രയും പൊതുസമ്മേളനവും**

ലഹരിയെന്ന മഹാവിപത്തിനെതിരെ ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ മീനങ്ങാടിയിൽ വച്ച് ലഹരി വിരുദ്ധ പദയാത്ര നടത്തി. മീനങ്ങാടി അസ്സീസി പള്ളിയിൽ നിന്നും ആരംഭിച്ച പദയാത്ര മീനങ്ങാടി ശാഖാ ഡയറക്ടർ ബേബിയച്ചൻ ഫ്ളാഗ് ഓഫ് ചെയ്തു. യുവജനങ്ങളെയും സമൂഹത്തെയും കാർന്ന് തിന്നുന്ന മഹാവിപത്തായ ലഹരിക്കെതിരെ മീനങ്ങാടി ടൗണിൽ സൗഹൃദസായാഹ്ന സംഗമം നടത്തി. വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ഉഷാകുമാരി ടീച്ചർ സംഗമം ഉദ്ഘാടനം ചെയ്തു. ഡോ. പി. ലക്ഷ്മണൻ, ജോസ് പള്ളത്ത് എന്നിവർ ലഹരി വിരുദ്ധസന്ദേശം നൽകി. മാനന്തവാടി രൂപത ഡയറക്ടർ റവ.ഫാ. ജോജോ ചങ്ങനാം തുണ്ടത്തിൽ ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലി കൊടുത്തു. പ്രസിഡണ്ട് ഷാജി ചന്ദനപറമ്പിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിന് രൂപത ജനറൽ ഓർഗ്ഗനൈസർ രഞ്ജിത്ത് മുതുപ്ലാക്കൽ സ്വാഗതവും സെക്രട്ടറി ബിനീഷ് തുമ്പിയാംകുഴിയിൽ നന്ദിയും പറഞ്ഞു. മീനങ്ങാടിശാഖ ഡയറക്ടർ ബഹു. ബേബിയച്ചൻ കെ.സി.ബി.സി. മദ്ധ്യവിരുദ്ധ സമിതി രൂപത പ്രസിഡണ്ട് ജോൺസൺ തൊഴുത്തുങ്കൽ, മിഷൻലീഗ് സംസ്ഥാന സെക്രട്ടറി ബിനു മാങ്കൂട്ടം, മീനങ്ങാടിശാഖ അംഗം എബിൻ എന്നിവർ സംസാരിച്ചു. ലഹരിവിരുദ്ധ പദയാത്രയ്ക്കും പൊതുസമ്മേളനത്തിനും ആവശ്യമായ സഹായസഹകരണങ്ങൾ ചെയ്തുതന്ന മീനങ്ങാടി ശാഖാംഗങ്ങൾക്കും ബത്തേരി, കൽപ്പറ്റ മേഖല നേതൃത്വത്തിനും ഹൃദയം നിറഞ്ഞ നന്ദി.

**ആദരാജ്ഞലികൾ**

രൂപത എക്സിക്യൂട്ടീവ് അംഗം സാബു ഊളവള്ളിക്കലിന്റെ വല്ല്യമ്മച്ചിയുടെ നിര്യാണത്തിൽ രൂപത മിഷൻലീഗ് കുടുംബത്തിന്റെ പ്രാർത്ഥനയും ആദരാജ്ഞലിയും.

**മാനന്തവാടി രൂപത പഠന ക്ലാസ്**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും ടീം അംഗങ്ങൾക്കുമായി പഠന ക്ലാസ് സംഘടിപ്പിച്ചു. റവ ഫാ. ബിജു കിഴക്കരക്കാട്ട്, ഗ്രേസി ടീച്ചർ, സിനീഷ് ആപ്പുഴയിൽ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

**മലയാറ്റൂർ തീർത്ഥാടനം**

മാനന്തവാടി രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ മലയാറ്റൂർ തീർത്ഥാടനം നടത്തി. മലയാറ്റൂർ മലമുകളിലേക്ക് കുരിശിന്റെ വഴിയും പ്രാർത്ഥനകളുമായി നടന്നുകയറുകയും വിശുദ്ധ കുർബാനയിൽ പങ്കെടുക്കുകയും ചെയ്തു.

**സംസ്ഥാന മാനേജിംഗ് കമ്മറ്റി - മൂവാറ്റുപുഴ**

മൂവാറ്റുപുഴയിൽ വച്ച് നടന്ന സംസ്ഥാന മാനേജിംഗ് കമ്മറ്റിയിൽ രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു. പുതുതായി തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാന ഭാരവാഹികൾക്ക് പ്രാർത്ഥനാശംസകൾ.

**സി.എം.എൽ. രൂപത വാർഷിക മാനേജിംഗ് കമ്മറ്റി & ഇലക്ഷൻ**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ അടുത്ത മൂന്ന് വർഷത്തേക്കുള്ള രൂപത ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിനും 2016-17 പ്രവർത്തനവർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുവാനുമുള്ള വാർഷിക മാനേജിംഗ് കമ്മറ്റി 2017 ഏപ്രിൽ 29 ശനിയാഴ്ച രാവിലെ 10 മണി മുതൽ 12.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നതാണ്. കൃത്യസമയത്ത് തന്നെ രൂപത, മേഖല ഭാരവാഹികൾ എത്തിച്ചേരുമല്ലോ.

**സിഎംഎൽ രൂപത വാർഷിക മാനേജിംഗ് കമ്മറ്റിയുടെ പ്രധാന അജണ്ട**

| | | |
|---|---|---|
| 9.30 am | - | രജിസ്ട്രേഷൻ, ചായ |
| 9.45 am | - | ആരാധന, ജപമാല |
| 10.15 am | - | മാനേജിംഗ് കമ്മറ്റി, റിപ്പോർട്ട്, കണക്ക്, ബഡ്ജറ്റ് അവതരണം, മാർഗ്ഗരേഖ കരടുരൂപം, മേഖല റിപ്പോർട്ട്, ചർച്ച |
| 12.30 pm | - | ഭക്ഷണം, സമാപനം |

**മേഖല ക്യാമ്പ് -തീയതികൾ**

കല്ലോടിമേഖല (ഏകദിനം ) ഏപ്രിൽ 18
മണിമൂളി (പാസ്റ്ററൽ സെന്റർ) ഏപ്രിൽ 19, 20
നിലമ്പൂർ മേഖല (നിലമ്പൂർ) ഏപ്രിൽ 19, 20
കൽപ്പറ്റ മേഖല (റിപ്പൺ) ഏപ്രിൽ 21, 22

ബത്തേരി മേഖല (മീനങ്ങാടി)ഏപ്രിൽ 25, 26 എന്നീ തീയതികളിൽ നടത്തപ്പെടുന്നതാണ്.

(മറ്റു മേഖലക്കാർ ഉടനെ തീയതി അറിയിക്കേണ്ടതാണ്. രണ്ട് ദിവസമായി ക്രമീകരിക്കാൻ ബുദ്ധിമുട്ടുള്ളവർക്ക് ഏകദിന സെമിനാർ നടത്തി തരുന്നതായിരിക്കും.)

രൂപത സീനിയർ ക്യാമ്പ് (മെയ് 8, 9, 10). മെയ് 8 ന് രാവിലെ 10 മണി മുതൽ 10 -ാം തീയതി 2 മണി വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് രൂപത ക്യാമ്പ് നടത്തപ്പെടുന്നു. കർമ്മരംഗത്ത് ധീരതയോടെ പ്രവർത്തിക്കാൻ വ്യക്തികളെ പ്രാപ്തരാക്കാൻ ഒരുക്കുന്ന രൂപതാ ക്യാമ്പിന് ശാഖയിൽ നിന്നും 14 വയസിന് മുകളിൽ പ്രായമുള്ള (8,9,10,11,12 ക്ലാസ്സ്) ഒരു ആൺകുട്ടിയെയും ഒരു പെൺകുട്ടിയെയും പറഞ്ഞുവിടുമല്ലോ. ഒരാൾക്ക് 800 രൂപ ആണ് ചെലവ് പ്രതീക്ഷിക്കുന്നത്. അതിൽ 400 രൂപ കുട്ടിയോ ശാഖയോ വഹിക്കേണ്ടതാണ്. ബാക്കി തുക രൂപത വഹിക്കുന്നതാണ്. കുടുംബബന്ധങ്ങളും സൗഹൃദവും വളർത്തി നേതൃത്വവാസനയും വ്യക്തിത്വവികാസവും പരിപോഷിപ്പിക്കുന്നതിനായി നടത്തുന്ന ക്യാമ്പുകളിലേയ്ക്ക് കുട്ടികളെ പറഞ്ഞ് വിട്ട് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഏപ്രിൽ 30 ന് മുമ്പ് പങ്കെടുക്കുന്നവരുടെ പേര് വിവരങ്ങൾ ഓഫീസിൽ അറിയിക്കുക.

**വചന താരം-2017 (2017, മെയ് 19-20, വെള്ളി -ശനി)**

വി.മത്തായിയുടെ സുവിശേഷത്തെ ആസ്പദമാക്കി 2017, മെയ് 19,20 തീയതികളിൽ നടത്തപ്പെടുന്ന വചനതാരം ക്വിസ്സ് പ്രോഗ്രാമിനുള്ള രജിസ്ട്രേഷൻ സമാപിച്ചു. മാസാവസാന ഞായറാഴ്ചകളിൽ വചനതാരത്തിന് രജിസ്റ്റർ ചെയ്തവർക്കുള്ള ടെലി ക്വിസ്സ് ഫോൺ ഇൻ പരിപാടി നടക്കുന്നതാണ്. ഫോൺ നമ്പർ: 04935-241017. മെയ് 19, വെള്ളിയാഴ്ച വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് 20 ശനിയാഴ്ച വൈകുന്നേരം 8 മണിക്ക് അവസാനിക്കുന്ന രീതിയിലാണ് ക്വിസ്സ് പരിപാടി ക്രമീകരിച്ചിരിക്കുന്നത്.

**ശാഖ ഇലക്ഷൻ**

അടുത്ത വർഷത്തേക്കുള്ള ശാഖാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്-വിശ്വാസോത്സവ ദിവസങ്ങളിൽ ക്രമീകരിച്ചാൽ നന്നായിരുന്നു. മുതിർന്ന അംഗങ്ങളെ ശാഖാ എക്സിക്യൂട്ടീവിൽ ഉൾപ്പെടുത്താൻ പരിശ്രമിക്കുമല്ലോ.

**കുഞ്ഞുമിഷനറിയുടെ ഡയറി**

ശാഖകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട, കുഞ്ഞുമിഷനറിയുടെ ഡയറി ഏപ്രിൽ 30 ന് മുമ്പ് രൂപതാ ഒഫീസിൽ എത്തിക്കേണ്ടതാണ്.

### കാരുണ്യവർഷ റിപ്പോർട്ട്

2016 ജൂൺ 1 മുതൽ നവംബർ 20 വരെ ശാഖയിൽ നടന്ന കാരുണ്യവർഷ പ്രവർത്തനങ്ങളുടെ പ്രത്യേക റിപ്പോർട്ട് രൂപത ഓഫീസിൽ എത്തിക്കാത്തവർ ഏപ്രിൽ 15 ന് മുമ്പ് അവ എത്തിക്കുവാനായി പരിശ്രമിക്കുമല്ലോ. ഏറ്റവും മികച്ച 5 ശാഖകൾക്ക് പ്രത്യേക പുരസ്ക്കാരം ഏർപ്പെടുത്തിയിട്ടുണ്ട്.

### മികച്ച ശാഖ, മേഖല തിരഞ്ഞെടുപ്പ്

2016-17 വർഷത്തെ മികച്ച ശാഖ, മേഖല തിരഞ്ഞെടുപ്പിനുള്ള സന്ദർശനങ്ങൾ മെയ് 15 നും 30 നും ഇടയിൽ നടത്തുന്നതാണ്. ശാഖകളും മേഖലകളും റിപ്പോർട്ടുകൾ പൂരിപ്പിച്ച് റിക്കോർഡ് വർക്കുകൾ പൂർത്തീകരിച്ച് ഒരുങ്ങണം എന്ന് ഓർമിപ്പിക്കുന്നു.

### ജോ. ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്

1. 2017-18 വർഷത്തേയ്ക്കുള്ള അംഗത്വലിസ്റ്റിന്റെ 3 കോപ്പി ഏപ്രിൽ 30 ന് മുൻപായും ആദ്യകുർബാനസ്വീകരിച്ചവരുടെ ലിസ്റ്റ് മെയ് 30 ന് മുൻപായും ഓഫിസിൽ എത്തിക്കുമല്ലോ. അംഗത്വലിസ്റ്റിൽ പേര് ചേർക്കാനും തിരുത്താനുമുള്ള അവസാന തീയതി ജൂലൈ 10 ആയിരിക്കും.
2. വാർഷികറിപ്പോർട്ട് മെയ് 31 മുൻപായി പൂർത്തിയാക്കി ഓഫീസിൽ എത്തിക്കണം. സ്ഥലമാറ്റങ്ങൾ ഉള്ളതിനാൽ റിക്കോർഡുകൾ എല്ലാം മെയ് 31 ന് മുൻപായി പൂർത്തിയാക്കുന്നത് ഉചിതമാണ്. വാർഷിക റിപ്പോർട്ടിന്റെ ഒരു കോപ്പി മേഖലക്കും നൽകാൻ പരിശ്രമിക്കുക. (വാർഷിക റിപ്പോർട്ടിന്റെ ഫോം ലഭിക്കാത്തവർ, രൂപത ഓഫീസുമായി ബന്ധപ്പെടുക)
3. 2016-17 വർഷത്തെ വിഹിതങ്ങൾ ഇനിയും അടച്ചുതീർക്കാത്തവർ ഏപ്രിൽ 15 മുൻപായി ഓഫീസിൽ എത്തിക്കണമെന്ന് താൽപ്പര്യപ്പെടുന്നു.
4. രൂപതാ ക്യാമ്പിന്റെയും വചനതാരത്തിന്റെയും തീയതികൾ ശ്രദ്ധിച്ച് ക്രമീകരണങ്ങൾ മുൻകൂട്ടി ചെയ്യുമല്ലോ.

### ശാഖാ വാർത്തകൾ

1. *അമ്പായത്തോട്:-* ഇടവകാതലത്തിൽ മാധ്യമ ദിനമായി ആചരിച്ചു. ദീപികാ പത്രത്തിന്റെ ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ മുതിർന്നവർക്കും, കുട്ടികൾക്കുമായി-ആധുനിക കാലഘട്ടത്തിൽ മാധ്യമത്തിന്റെ പ്രാധാന്യം- എന്ന വിഷയത്തിൽ സെമിനാർ നടത്തി. പെറുവിലെ മിഷൻ പ്രദേശത്ത് സേവനം ചെയ്യുന്ന ഫാ.സിജോ മിഷൻ അനുഭവങ്ങൾ മിഷൻലീഗ് അംഗങ്ങളുമായി പങ്കുവച്ചു.

2. *പയ്യമ്പള്ളി:-*രോഗീസന്ദർശനം നടത്തി. രോഗീസഹായം നൽകി. അസി. ഡയറക്ടർ ഫാ.അനൂപ് കൊല്ലംകുന്നേലിന് യാത്രയയപ്പു നൽകി. സിമിത്തേരി വൃത്തിയാക്കി. വൃദ്ധസദൻ സന്ദർശനത്തിനായി ഉപയോഗ സാധനങ്ങൾ ശേഖരിച്ചു. എക്സിക്യൂട്ടീവ് കൂടി അടുത്ത പ്രവർത്തനങ്ങളെപ്പറ്റി തീരുമാനമെടുത്തു.
3. *തൃശ്ശിലേരി:-* അമ്മമാർക്ക് സെമിനാർ നടത്തി. ഫാ.ടോം ഉഴുന്നാലിന്റെ മോചനത്തിനായി ജപമാലറാലി നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി. രോഗീസന്ദർശനം നടത്തി.
4. *കമ്മന:-* ആരാധന നടത്തി. അർദ്ധദിന സെമിനാർ നടത്തി. ആശുപത്രി സന്ദർശനം നടത്തി അവർക്ക് ഭക്ഷണം നൽകി. പരീക്ഷക്കൊരുക്കമായി പ്രാർത്ഥന നടത്തി.
5. *പോരൂർ:-* പരീക്ഷ എഴുതുന്നവർക്കുവേണ്ടി ആരാധന നടത്തി. അൾത്താരബാലസഖ്യ മീറ്റിംഗ് നടത്തി. ക്യാൻസർ ബോധവത്കരണ ക്ലാസ്സ് നടത്തി. തിരുബാലസഖ്യ മത്സരം നടത്തി.
6. *കൊമ്മയാട്:-* ഗാനപരിശീലനം നടത്തി. ആരാധന നടത്തി. ഏകദിന സെമിനാർ നടത്തി.
7. *വഞ്ഞോട്:-* തിരുനാളിനൊരുക്കമായി CML അംഗങ്ങൾ പള്ളിയും പരിസരവും വൃത്തിയാക്കി. കലാമത്സരത്തിനൊരുക്കമായി പരിശീലനം നൽകി. നാടകമുൾപ്പെടെ കലാപരിപാടികൾ അവതരിപ്പിച്ചു. തിരുനാളിനോടനുബന്ധിച്ച് സ്റ്റാൾ നടത്തി. ഭക്തസാധനങ്ങൾ, നൊവേനപുസ്തകങ്ങൾ, ജപമാല തുടങ്ങിയവ വിറ്റു. എല്ലാദിവസവും പള്ളിയിൽവന്ന കുട്ടികൾക്ക് സമ്മാനം നൽകി. 10 ദിവസത്തെ നൊവേനയിലും, വി. ബലിയിലും അംഗങ്ങൾ സംബന്ധിച്ചു.
8. *കരിമ്പിൽ:-* രോഗീസഹായം, ഭവന നിർമ്മാണസഹായം നൽകി. കപ്പേള ശുചീകരണം നടത്തി. പരീക്ഷയൊരുക്ക പ്രാർത്ഥന നടത്തി.
9. *പുതുശ്ശേരി:-* ലൂർദ്ദ് മാതാവിനെ അനുസ്മരിച്ച് മെഴുകുതിരി പ്രദക്ഷിണം നടത്തി. അർദ്ധദിനസെമിനാർ നടത്തി. വിദ്യാർത്ഥികൾക്കായി പരീക്ഷയൊരുക്ക പ്രാർത്ഥന നടത്തി. അംഗത്വസ്വീകരണം നടത്തി. കുരിശടിവെഞ്ചിരിപ്പിൽ CML അംഗങ്ങൾ സജീവമായി നേതൃത്വം നൽകി.
10. *മഞ്ഞൂറ:-* 10, പ്ലസ് വൺ, പ്ലസ് ടു കുട്ടികൾക്കായി പരീക്ഷ ഒരുക്ക ആരാധന നടത്തി. വിവാഹ ജീവിതത്തിലേയ്ക്ക് പ്രവേശിച്ച ദീപു സാറിന് ആശംസകൾ നേർന്നു. തിരുബാലസഖ്യം അംഗത്വ സ്വീകരണം നടത്തി. ജപമാലസൈന്യം, തിരുബാലസഖ്യം മീറ്റിംഗ് നടത്തി.

രോഗീസന്ദർശനം നടത്തി. ഭവനസന്ദർശനം നടത്തി. ആശുപത്രി സന്ദർശനം നടത്തി.

11. *പുതുശ്ശേരിക്കടവ്:*-ശാഖാവാർഷികം നടത്തി. തിരുബാലസഖ്യദിനം ആഘോഷിച്ചു.

12. *പന്തിപൊയിൽ:*-തിരുബാലസഖ്യദിനം സമുചിതമായി ആഘോഷിച്ചു. കാഴ്ചവയ്പ്, വിശുദ്ധബലിയിലെ വായനകൾ, ഗാനശുശ്രൂഷ എന്നിവ നടത്തി. കലാപരിപാടികൾ സംഘടിപ്പിച്ച് മേഖലാ മത്സരത്തിൽ പങ്കെടുത്തവർക്ക് സമ്മാനം നൽകി. രൂപതാ മത്സരത്തിൽ പങ്കെടുത്തു- grade നേടി.

13. *ചാരിറ്റി:*- മേഖലതിരുബാലസഖ്യ മത്സരത്തിൽ പങ്കുചേർന്ന് സമ്മാനങ്ങൾ കരസ്ഥമാക്കി. തിരുബാലസഖ്യദിനം ആഘോഷിച്ചു. കാഴ്ചസമർപ്പണം നടത്തി. വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. സ്നേഹവിരുന്ന് നൽകി. വികാരി റവ. ഫാ. ജോയി ചേറാടിയുടെ നേതൃത്വത്തിൽ 4 cent colony -സന്ദർശിച്ചു. വസ്ത്രം വിതരണം ചെയ്തു. കലാപരിപാടികൾ അവതരിപ്പിച്ചു. കേക്കും മിഠായിയും വിതരണം ചെയ്തു.

14. *വാഴവറ്റ:*- പരീക്ഷഒരുക്ക ക്ലാസ്സും ആരാധനയും നടത്തി. തിരുബാലസഖ്യ മേഖലാമത്സരത്തിൽ പങ്കെടുത്തു. തിരുബാലസഖ്യ ദിനം ആചരിക്കുകയും വിവിധ പ്രോഗ്രാമുകൾ നടത്തുകയും ചെയ്തു.

15. *വൈത്തിരി:*- തിരുബാലസഖ്യദിനം ആചരിച്ചു. തിരുബാലസഖ്യ മേഖല, രൂപതാതല മത്സരത്തിൽ വിജയിച്ചവർക്ക് സമ്മാനം കൊടുത്തു.

16. *ബത്തേരി:*- മിഷൻലീഗ് അംഗങ്ങൾ സി. മഞ്ജുവിന്റെ നേതൃത്വത്തിൽ തപോവനം സന്ദർശിച്ചു.

17. *പറളിക്കുന്ന്:*- പരീക്ഷയൊരുക്ക പ്രാർത്ഥന നടത്തി. ആരാധന നടത്തി. തിരുബാലസഖ്യദിനം-കലാപരിപാടികൾ നടത്തി.

18. *ഇരുളം:*- പാവപ്പെട്ട കുടുംബത്തിന് അരി നൽകി. തിരുബാലസഖ്യ ദിനാചരണവും കലാപരിപാടികളും നടത്തി. മദ്യപാനികൾക്കുവേണ്ടി വിശ്വാസപ്രമാണം ചൊല്ലുന്നു. രോഗീസന്ദർശനവും, ഭവന സന്ദർശനവും നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി. Sunday star, Birthday wishing, വചനനാളം തെളിക്കൽ, കാഴ്ചസമർപ്പണം, എന്നിവ നടത്തുന്നു.

19. *പുൽപ്പള്ളി:*- ഇടവകതിരുനാൾ ദിനത്തിൽ മുഴുവൻ-CML അംഗങ്ങളും വിവിധ കലാരൂപങ്ങളോടെ നഗരപ്രദക്ഷിണത്തിൽ

പങ്കെടുത്തു. തിരുബാലസഖ്യം കുട്ടികൾ രൂപതാ കലാമത്സരത്തിൽ പങ്കെടുത്ത് വിജയംനേടി. ഇടവകയിൽ മത്സരാർത്ഥികളെ ആദരിക്കുകയും CML അംഗങ്ങൾ സമ്മാനം കൊടുക്കുകയും ചെയ്തു. ഇടവകതിരുനാൾ കഴിഞ്ഞ് പള്ളിയും പരിസരവും വൃത്തിയാക്കി.

20. *സീതാമൗണ്ട്:-* മിഷനറി വൈദികനായ റവ.ഫാ.ആൽവിൻ പടിഞ്ഞാറെക്കുറ്റുമായി മിഷൻലീഗ് അംഗങ്ങൾ അഭിമുഖം നടത്തി. പഞ്ചാബിലെ - CST വൈദീകരുടെ മിഷൻ പ്രവർത്തനങ്ങളെപ്പറ്റി ബ.അച്ചൻ പങ്കുവച്ചു. കാരുണ്യപ്രവർത്തനവുമായി ബന്ധപ്പെട്ട്- പൊതിച്ചോർ - പിരിവ് നടത്തി 4050-രൂപ മേഖലയെ ഏൽപ്പിച്ചു.

21. *ഇടിവണ്ണ:-* തിരുബാലസഖ്യദിനം സമുചിതമായി ആഘോഷിച്ചു. തിരുബാലസഖ്യം കുട്ടികൾ അന്നേദിനം കാഴ്ചവയ്പ് നടത്തുകയും അവർക്കായ് പ്രസംഗം, പാട്ട്, കഥ, ചിത്രരചന, തുടങ്ങിയ മത്സരങ്ങൾ നടത്തുകയും വിജയികൾക്ക് സമ്മാനം നൽകുകയും ചെയ്തു. ഇടവകതിരുന്നാളിനോടനുബന്ധിച്ച് വി. തോമ്മാശ്ലീഹായുടെ തിരുശേഷിപ്പ് പള്ളിയിൽ കൊണ്ടുവരികയും 9 ദിവസം നടത്തിയ നൊവേനയിലും വി. കുർബാനയിലും അംഗങ്ങൾ സജീവരായി പങ്കെടുക്കുകയും ചെയ്തു. തിരുന്നാളിനോടനുബന്ധിച്ച് ദേവാലയ ത്തിൽ നടത്തിയ ദിവ്യകാരുണ്യപ്രദിക്ഷണത്തിന് CML അംഗങ്ങൾ നേതൃത്വം നൽകി. രോഗീസന്ദർശനം നടത്തി.

ഹൃദയത്തിലും മനസ്സിലും മിഷൻ ചൈതന്യം നിറച്ച് കർമ്മനിരതരായി ഊർജസ്വലരായി ചെമ്മഞ്ഞ കൊടിയുടെ കീഴിൽ അണിനിരന്ന് ജപമാല രഹസ്യങ്ങൾ ധ്യാനിച്ചുകൊണ്ട് പ്രേഷിത തീക്ഷ്ണതയിൽ വളരുന്ന പ്രിയപ്പെട്ട മിഷൻലീഗിന്റെ പ്രവർത്തകർക്ക് മിഷൻ അഭിവാദ്യങ്ങളോടെ,

**ബിനീഷ് തുമ്പിയാംകുഴിയിൽ**

സി. എം. എൽ രൂപതാ സെക്രട്ടറി

**LIFE Training -Regular**

ലൈഫ് ട്രയിനിംഗ് റെഗുലറിന്റെ ക്ലാസ് ഫെബ്രുവരി 10,11 തീയതി കളിലായി ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തി. സി.അനിജ CMC, സി. തെരേസ് CMC എന്നിവർ നേതൃത്വം നൽകിയ പ്രാർത്ഥനയോടെ ക്ലാസ് ആരംഭിച്ചു. കഴിഞ്ഞ ഒരു മാസത്തെ ജീവിതശൈലിയും പഠനവും മറ്റ് അനുഭവങ്ങളും പങ്കുവെക്കുന്ന ഷെയറിംഗ് സെഷൻ നടത്തി. 11-ാം തീയതി Sexuality എന്ന വിഷയത്തെക്കുറിച്ച് ഡോ.സി. ലിജോ സി.എം.സി. ക്ലാസെടുത്തു. എല്ലാ വിഷയങ്ങളുടെയും ഫൈനൽ പരീക്ഷ നടത്തി. ശനിയാഴ്ച വൈകുന്നേരം 4 മണിയോടെ അവസാനിച്ച ട്രയിനിംഗിന് ലാലച്ചൻ, സി. ലിൻസി SCV, സി.നോയൽ SABS, ലിൻഷ മരിയ എന്നിവർ നേതൃത്വം നൽകി.

**LIFE Training -Distance**

ലൈഫ് ട്രയിനിംഗ് ഡിസ്റ്റൻസിന്റെ ക്ലാസ് ഫെബ്രുവരി 23 ബുധനാഴ്ച വൈകുന്നേരം മുതൽ 24 വ്യാഴാഴ്ച വൈകുന്നേരം 4 മണി വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തി. ജപമാലയോടെ ക്ലാസുകൾ ആരംഭിച്ചു. കുട്ടികളുടെ ഷെയറിംഗ് സെക്ഷൻ നടത്തി. 24 ന് രാവിലെ ശ്രീ. ജോൺ കച്ചിറമറ്റം സാർ ക്രൈസ്തവ സഭയുടെ ചരിത്രത്തെക്കുറിച്ച് ക്ലാസെടുത്തു. എല്ലാ വിഷയങ്ങളുടെയും ഫൈനൽ പരീക്ഷനടത്തി. ലാലച്ചൻ നയിച്ച പ്രാർത്ഥനയോടെ ക്ലാസുകൾ അവസാനിച്ചു. സി.ആൻസി CMC, സി. ലിൻസി SCV, ലിൻഷ മരിയ എന്നിവർ നേതൃത്വം നൽകി.

**March 19- St. Joseph's Feast**

സ്വർഗീയ മദ്ധ്യസ്ഥനായ വി.യൗസേപ്പു പിതാവിന്റെ തിരുനാളായ മാർച്ച് 19-ാം തീയതി ഞായറാഴ്ച യൂത്ത് മിനിസ്ട്രി ടീം അംഗങ്ങളും ലൈഫ് ട്രയിനിംഗ് വിദ്യാർത്ഥികളും യൂത്ത്മിനിസ്ട്രി ഹാളിൽ ഉച്ച കഴിഞ്ഞ് 2.30 മുതൽ 4.30 വരെ ഒരുമിച്ച് കൂടുകയും യൗസേപ്പു പിതാവിന്റെ മാദ്ധ്യസ്ഥത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

**Youth Traveller**

ഉയിർപ്പു തിരുനാളിനോടനുബന്ധിച്ച് നോമ്പുകാലത്ത് ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ ഭാഗമായി വിവിധ കോളേജുകൾ സന്ദർശിച്ച് Youth Traveller നടത്തുന്നു. വിദ്യാർത്ഥികളുടെ ആത്മീയ നവീകരണം ലക്ഷ്യം വെച്ചുകൊണ്ട് നടത്തുന്ന പരിപാടി

യിൽ വി. കുർബാന, കുമ്പസാരം, സ്പിരിച്ച്വൽ ഷെയറിംഗ് എന്നിവ ഉണ്ടായിരിക്കുന്നതാണ്. താത്പര്യമുള്ള കോളേജുകൾ രൂപതാ ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ: 04935-242536

## Youth Night Vigil

യൂത്ത് ട്രാവലറിന്റെ ഭാഗമായി ഇടവകകൾ കേന്ദ്രീകരിച്ച് യുവജനങ്ങൾക്കായി വൈകുന്നേരം 5 മണിക്കൂർ പ്രാർത്ഥന നടത്തുന്നു. നോമ്പിന്റെ ചൈതന്യത്തിൽ ഈശോയുടെ പീഢാനുഭവത്തോട് ചേർന്നു കൊണ്ട് ഉയിർപ്പുതിരുനാളിനു വേണ്ടിയുള്ള ഒരുക്കത്തിന്റെ ഭാഗമായി ക്ലാസ്, കുമ്പസാരം, സ്പിരിചൽ ഷെയറിംഗ് എന്നിവയും ഉണ്ടായിരിക്കുന്നതാണ്. താത്പര്യമുള്ള ഇടവകകൾ രൂപത ഓഫീസുമായി ബന്ധപ്പെടുക.

## Career CAR

ഉന്നതപഠനത്തിനും ജോലിക്കുമായി നിർദ്ദേശം നൽകുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിരിക്കുന്ന Career CAR ൽ അനേകം വിദ്യാർത്ഥികൾ മെമ്പർഷിപ്പ് എടുത്തിരിക്കുന്നു. റജിസ്ട്രേഷൻ നടത്തിയ വിദ്യാർത്ഥികൾക്കും അവരുടെ മാതാപിതാക്കൾക്കുമായി വർഷത്തിൽ 2 ക്ലാസ്സുകൾ വീതം നൽകുന്നു. കരിയർ കാർ അംഗങ്ങൾക്ക് വിവിധ സ്കോളർഷിപ്പ് പരീക്ഷകൾ, PSC, UPSC മറ്റ് Competitive exams എന്നിവയുടെ SMS Alert നൽകുന്നു. കരിയർ കാർ മെമ്പർഷിപ്പ് ഫോം രൂപത ഓഫീസിൽ നിന്നും ലഭ്യമാണ്.

## J Professionals

യുവജനങ്ങളായ ഉദ്യോഗസ്ഥർക്കും ഉദ്യോഗാർത്ഥികൾക്കും വേണ്ടി J Professionals.Com Meeting ഏപ്രിൽ 15 ശനിയാഴ്ച 9 മണി മുതൽ 4 മണി വരെ ദ്വാരക പാസ്റ്ററൽ സെന്റർ യൂത്ത് മിനിസ്ട്രി ഹാളിൽ വെച്ച് നടക്കുന്നു. താത്പര്യമുള്ളവർ പേരുകൾ മുൻകൂട്ടി റെജിസ്റ്റർ ചെയ്യുക.

**ലിൻഷ മരിയ ഷാന്റി**
വോളന്റിയർ, യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം.

**ക്രൈസ്തവ ചരിത്രദർശന സെമിനാർ**

നവോത്ഥാന നായകരായ ക്രൈസ്തവ നേതാക്കളെ പരിചയപ്പെടാനും ചരിത്ര യാഥാർത്ഥ്യങ്ങളെ ഉൾക്കൊള്ളാനും മനസ്സിലാക്കാനും എല്ലാവരെയും പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ കെ.സി.വൈ.എം. മാനന്തവാടി രൂപത 24-2-2017 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ക്രൈസ്തവ ചരിത്ര സെമിനാർ സംഘടിപ്പിച്ചു. വികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡണ്ട് ശ്രീ. എബിൻ മുട്ടപ്പള്ളി അദ്ധ്യക്ഷത വഹിച്ചു. രൂപത ജനറൽ സെക്രട്ടറി ശ്രീ. ജിഷിൻ മുണ്ടക്കാത്തടത്തിൽ സ്വാഗതം ആശംസിച്ചു. നവോത്ഥാന നായകനായ ചാവറയച്ചൻ എന്ന വിഷയത്തെക്കുറിച്ച് റവ.ഫാ. ജോസ് കേളംപറമ്പിൽ ക്ലാസ്സെടുത്തു. ചാവറയച്ചന്റെ ദീർഘവീക്ഷണത്തോടെയുള്ള നവോത്ഥാന പ്രവർത്തനങ്ങളാണ് കേരളത്തിന്റെ വളർച്ചയ്ക്ക് നിതാന്തമെന്നും പൊതുസമൂഹനിർമ്മിതിയ്ക്ക് വേണ്ടി അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾ-പ്രത്യേകിച്ച് വിദ്യാഭ്യാസരംഗത്ത് ഒരുമിച്ചിരുന്ന് പഠിക്കുവാനും ഒരുമിച്ച് ഭക്ഷിക്കാനും, സവർണ്ണരും അവർണ്ണരും ഒരുപ്പോലെ സമൂഹത്തിന്റെ ഭാഗമായി തീരുന്നതും റേഷൻ സമ്പ്രദായത്തിന്റെ ആദിമ രൂപമായ പിടിയരി പ്രസ്ഥാനത്തിന്റെ ആരംഭവും സ്ത്രീ ശാക്തീകരണത്തിനു വേണ്ടി ആദ്യത്തെ തദ്ദേശീയ സന്യാസിനീ സഭാ സ്ഥാപനവും, തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് -ബൈൻഡിങ്ങ്, പ്രിന്റിംങ്ങ്, കൊന്ത നിർമ്മാണം എന്നിവയ്ക്ക് കൊടുത്ത പ്രാധാന്യവും, കുടുംബ ഭദ്രതയ്ക്ക് ഊന്നൽ കൊടുത്തു കൊണ്ട് അദ്ദേഹം നടത്തിയ പ്രവർത്തനങ്ങളും, പഠനങ്ങളും- ചാവറ യച്ചൻ കേരളത്തിന്റെ നവോത്ഥാന പ്രസ്ഥാനത്തിന്റെ പിതാവാണെന്ന് തെളിക്കുന്നെന്നും അദ്ദേഹം പറഞ്ഞു.

നവോത്ഥാന നായകരായ ക്രൈസ്തവരെക്കുറിച്ച് ശ്രീ. ജോൺ കച്ചിറമറ്റം സംസാരിച്ചു. റവ. ഫാ. ബാബു മാപ്ലശേരി, ശ്രീ. ആന്റണി മങ്കടപ്ര, കുമാരി അഞ്ജലി ചെറുപ്ലാവിൽ എന്നിവർ പാനൽ ചർച്ചയ്ക്ക് നേതൃത്വം നൽകി. കേരളത്തിന്റെ വളർച്ചയ്ക്ക് ജീവിതംകൊണ്ടും,

സമ്പത്തുകൊണ്ടും അറിവുകൊണ്ടും സംഭാവനകൾ നൽകിയ തച്ചിൽ മാത്തു തരകൻ, ഇന്ത്യയിൽ ആദ്യത്തെ തൊഴിലാളി സംഘടന കെട്ടിപ്പടുത്ത ബാരിസ്റ്റർ ജോർജ്ജ് ജോസഫ്, സ്റ്റേറ്റ് കോൺഗ്രസിന്റെ സാരഥ്യം ഏറ്റെടുത്ത് ധീരതയുടെ ഇതിഹാസമായി മാറിയ അക്കമ്മ ചെറിയാൻ, ഉത്തരവാദ പ്രക്ഷോഭണത്തിൽ ഉറച്ചുനിന്ന് പിന്നീട് കേരളത്തിന്റെ മന്ത്രിയായും ലോകസഭാംഗമായും കറയില്ലാത്ത രാഷ്ട്രീയ ജീവിതം നയിച്ച ധീര പോരാളി ആനിമസ്ക്രീൻ, ഓൾ ഇന്ത്യ കാത്തലിക്ക് യൂണിയന്റെ സ്ഥാപകനും കറപുരളാത്ത പൊതു പ്രവർത്തകനുമായ ഷെവ. സി. ജെ വർക്കി, കേരളത്തിന്റെ കിഴക്കൻ മലയോരങ്ങളിലും മലബാറിലെ കൊട്ടിയൂർ തുടങ്ങിയ പ്രദേശങ്ങളിലും കുടിയിറക്കിനെതിരെ നടന്ന പ്രക്ഷോപത്തിന് നടുനായകത്വം വഹിച്ച ഫാ.വടക്കൻ, തിരുവതാംകൂറിലെ വ്യവസായ ഡയറക്ടറായിരുന്ന സത്യസന്ധതയ്ക്ക് സ്ഥാനമാനങ്ങളെക്കാൾ പ്രാധാന്യം കൊടുത്ത ഐ.സി ചാക്കോ, നാൽപ്പതു വർഷക്കാലം തിരുവതാംകൂർ തിരുകൊച്ചി നിയമ സഭയിൽ അംഗമയിരുന്ന ഷെവ. ഇലഞ്ഞിക്കൽ തര്യതു കുഞ്ഞിതൊമ്മൻ എന്നിവരെ ശ്രീ. ജോൺ കച്ചിറമറ്റം സദസ്സിനു പരിചയപ്പെടുത്തി.

കെ.സി.വൈ.എം. സംസ്ഥാന വൈസ് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. ബിബിൻ ചെമ്പക്കരയെ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ മെമന്റോ നൽകി ആദരിച്ചു. ക്രൈസ്തവ ചരിത്രകാരനും ഗ്രന്ഥകാരനുമായ ശ്രീ. ജോൺ കച്ചിറമറ്റത്തെ രൂപത പ്രസിഡണ്ട് എബിൻ മുട്ടപ്പള്ളി പൊന്നാടയണിയിച്ച് ആദരിച്ചു. വൈസ് പ്രസിഡണ്ട് കുമാരി റോസ് മേരി, സെക്രട്ടറിമാരായ ജിജോ താന്നിവേലിൽ, അഞ്ജലി, ട്രഷറർ സുബിൻ, എന്നിവർ നേതൃത്വം നൽകി.

**ത്യാഗം 2017**

നോമ്പുകാലത്തിന്റെ ചൈതന്യത്തോടു ചേർന്ന് ക്രൂശിതന്റെ വഴികളിലെ പീഡാനുഭവങ്ങളെ അനുസ്മരിച്ച് വന്നുപോയ എല്ലാതെറ്റുകൾക്കും മാപ്പപേക്ഷിച്ച് കെ.സി.വൈ.എം. യുവജനങ്ങൾ ത്യാഗം 2017 – യൂത്ത് ക്രോസ് വഹിച്ചുകൊണ്ടുള്ള കുരിശിന്റെ വഴി നടത്തി. 11–3–2017 –ന് 2 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ നിന്നാരംഭിച്ച കുരിശിന്റെ വഴി പാസ്റ്ററൽ സെന്റർ ഡയറക്ടർ റവ. ഫാ. ജോഷി പെരിയപ്പുറം ഉദ്ഘാടനം ചെയ്തു. തീക്ഷ്ണതയോടും, ത്യാഗത്തോടും കൂടെ നൂറ്റിയിരുപതോളം യുവജനങ്ങൾ കുരിശിന്റെ വഴിയിൽ പങ്കെടുത്തു. തോണിച്ചാൽ സെന്റ് സെബാസ്റ്റ്യൻ പള്ളിയിൽ

വച്ച് വികാരി റവ. ഫാ. ബിജു തൊണ്ടിപ്പറമ്പിൽ സമാപന ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. കുരിശിന്റെ വഴിയിൽ ദൈവാനുഭവം നേടിയ സകലർക്കും, സഹകരിച്ചവർക്കും നന്ദി. രൂപത ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, ശ്രീ. എബിൻ മുട്ടപ്പള്ളി, വൈസ്സ് പ്രസിഡണ്ട് കുമാരി റോസ് മേരി, ജനറൽ സെക്രട്ടറി ജിഷിൻ, സെക്രട്ടറി ജിജോ, സിൻഡിക്കേറ്റംഗം ജിജോ പൊടിമറ്റത്തിൽ എന്നിവർ നേതൃത്വം നൽകി.

**സെനറ്റ് സമ്മേളനം**

ധാർമ്മികതയിൽ അടിസ്ഥാനമിട്ട് കേരള കത്തോലിക്ക സഭയിൽ തനതു മുദ്രപതിപ്പിച്ച കെ.സി.വൈ.എം. സംഘടനയുടെ മാറ്റൊട്ടും കുറഞ്ഞിട്ടില്ല എന്ന് പ്രഖ്യാപിച്ചുകൊണ്ട് 11-3-2017 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് രൂപത സെനറ്റു സമ്മേളനം നടന്നു. കഴിഞ്ഞ നാളുകളിൽ മാനന്തവാടി രൂപതയും കെ.സി.വൈ.എം. പ്രസ്ഥാനവും നേരിടേണ്ടി വന്ന പ്രതിസന്ധികളെ വേണ്ടവിധം നേരിടാൻ സഭാ സമൂഹം സജ്ജമാകേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞുകൊണ്ട് നടന്ന മീറ്റിംഗിൽ രൂപത പ്രസിഡണ്ട് ശ്രീ. എബിൻ മുട്ടപ്പള്ളി അധ്യക്ഷത വഹിച്ചു. എന്തു വിലകൊടുത്തും സഭയെയും സമുദായ ത്തെയും സംരക്ഷിക്കേണ്ടത് ഇന്നിന്റെ ആവശ്യമാണെന്നും അസത്യ ങ്ങളിലും അർദ്ധസത്യങ്ങളിലും യുവജന സമൂഹം വീണുപോകരു തെന്നും, ധാർമ്മികതക്കെതിരെ ആരുപ്രവർത്തിച്ചാലും അവർ ശിക്ഷിക്കപ്പെടേണ്ടതാണെന്നും അദ്ധ്യക്ഷ പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു.

കൊട്ടിയൂർ സംഭവവുമായി ബന്ധപ്പെട്ട് സഭയ്ക്കെതിരെ നടക്കുന്ന അപവാദ പ്രചരണങ്ങളെക്കുറിച്ച് ജാഗ്രത വേണമെന്നും സംഭവങ്ങളുടെ വാസ്തവീകത യുവജനങ്ങൾ തിരിച്ചറിയണമെന്നും, ലളിത സേവന ശൈലികൾക്കൊണ്ടും, സേവനംകൊണ്ടും സമൂഹ ത്തിൽ നന്മ ചെയ്യുന്നവരെ ഒറ്റപ്പെടുത്തുകയും, മാറ്റി നിർത്തുകയും ചെയ്യുന്ന മാധ്യമ രാഷ്ട്രീയ പ്രവണതകളെയും നിഗൂഢശ്രമങ്ങളെയും ചെറുത്തു തോൽപ്പിക്കണമെന്ന് ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ യുവജനങ്ങളെ ആഹ്വാനം ചെയ്തു.

രൂപത ജനറൽ സെക്രട്ടറി ശ്രീ. ജിഷിൻ മുണ്ടക്കാത്തടത്തിൽ സ്വാഗതം ആശംസിച്ചു. എല്ലാ മേഖലകളിലും നിന്നുള്ള പ്രതിനിധികൾ യോഗത്തിലും ചർച്ചകളിലും സജീവമായി പങ്കെടുത്തു. ഒരു വ്യക്തിയുടെ വീഴ്ച്ചകൊണ്ട് കെ. സി. വൈ. എം. പ്രസ്ഥാനം പ്രവർത്തനനിരതമാകാതിരിക്കരുതെന്ന് യോഗാംഗങ്ങൾ അഭിപ്രായ

പ്പെട്ടു. കത്തോലിക്ക സഭയിൽ നിലനിൽക്കുന്ന ധാർമ്മിക പ്രസ്ഥാനമായ കെ.സി.വൈ.എം. അതിന്റെ ധാർമ്മികതയിൽ അടിയുറച്ച ശൈലികൾകൊണ്ടുതന്നെ സംഘടനയ്ക്കേറ്റിരിക്കുന്ന കേടുപാടുകൾ നീക്കാൻ സജ്ജമാക്കുമെന്ന് യോഗം വിലയിരുത്തി. രൂപത ട്രഷറർ ശ്രീ. സുബിൻ നന്ദി പറഞ്ഞു.

**മേഖലാ വാർത്തകൾ**

**മാനന്തവാടി**

മേഖലയുടെ മാർഗരേഖ 'വെളിച്ചം' രൂപത സിൻഡിക്കേറ്റംഗം അജോ ദേവസ്യ മേഖല സെക്രട്ടറി ജോബിഷ് ജോസിനു കൈമാറി പ്രകാശനം ചെയ്തു.

**പയ്യംപള്ളി**

കാട്ടിക്കുളത്ത് വച്ച് പ്രസിഡണ്ട് ശ്രീ.ജോഫ്രി പൊൻപാറയ്ക്കലിന്റെ അദ്ധ്യക്ഷതയിൽ നടന്ന മേഖല സിൻഡിക്കേറ്റ് യോഗത്തിൽ വച്ച് രൂപത സിൻഡിക്കേറ്റ് മെമ്പറായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. മാർട്ടിൻ സ്രാത്താഴത്തിനു പകരം ശ്രീ. റ്റോബി കൂട്ടുങ്കലിനെ മേഖല സെക്രട്ടറിയായി തിരഞ്ഞെടുത്തു. 24-ാം തീയതി ദ്വാരകയിൽ വച്ച് നടന്ന ക്രൈസ്തവ ചരിത്രദർശന സെമിനാറിൽ പയ്യംപള്ളി മേഖലയിൽ നിന്ന് സജീവ പങ്കാളിത്വം ഉണ്ടായിരുന്നു.

26-2-2017 ന് ഡയറക്ടർ റവ. ഫാ. ജെയ്മോൻ കളമ്പുകാട്ടിന്റെ നേതൃത്വത്തിൽ മേഖല ടീം മിഷൻ പ്രദേശം സന്ദർശിച്ചു. ബാവലി ഇടവക പരിധിയിൽ ഉൾപ്പെടുന്ന കോളനികളിലും ഭവനങ്ങളിലും സന്ദർശനം നടത്തി. വന്യമൃഗ ശല്യത്താൽ കഷ്ടപ്പെടുന്ന ജനങ്ങളോട് മേഖല ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും തുടർനടപടികൾക്ക് ഒപ്പമുണ്ടാകുമെന്ന് ഉറപ്പ് നൽകുകയും ചെയ്തു.

**യൂണിറ്റു വാർത്തകൾ**

**തൃശിലേരി യൂണിററ്**

ഭീകരരുടെ തടവിൽ കഴിയുന്ന ഫാ. ടോം ഉഴുന്നാലിനെ മോചിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് പ്ലാക്കാർഡുകളും ബാനറുകളും ഏന്തി യൂണിറ്റംഗങ്ങൾ തൃശിലേരി പള്ളിക്കവലയിലേയ്ക്ക് പ്രതിഷേധ ജപമാല റാലി നടത്തി. 17-2-17 ന് ടോമച്ചനു വേണ്ടി ഉപവാസ പ്രാർത്ഥനാ ദിനമായി ആചരിച്ചു.

**ശ്രീ. ജിഷിൻ മുണ്ടക്കാത്തടത്തിൽ**
ജനറൽസെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

പാസ്റ്ററൽ സെന്ററിൽ ഫെബ്രുവരി 17 മുതൽ 20 വരെ നടന്ന കോഴ്സിൽ 90 പേരും മാർച്ച് 3 മുതൽ 6 വരെ മണിമൂളി പാസ്റ്ററൽ സെന്ററിൽ നടന്ന കോഴ്സിൽ 58 പേരും ദ്വാരക പാസ്റ്ററൽ സെന്ററിൽ 12 മുതൽ 15 വരെ നടന്ന കോഴ്സിൽ 108 പേരും പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും കുടുംബ പ്രേഷിതത്വ ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

| | | | |
|---|---|---|---|
| ഏപ്രിൽ | 7 -10 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| ഏപ്രിൽ | 19 -22 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| മെയ് | 7 -10 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| മെയ് | 26-29 | - | പാസ്റ്ററൽ സെന്റർ ദ്വാരക |

**മാതൃവേദി**

സീറോമലബാർ മാതൃവേദിയുടെ നേതൃത്വത്തിൽ ഇടവകകളിൽ നടത്തുന്ന 'സമൂഹനിർമ്മിതിയിൽ കുടുംബങ്ങളുടെ പങ്ക്' എന്ന വിഷയത്തിൽ പരിശീലനക്ലാസ് ദ്വാരക പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ചു. റവ. സി. ഡോ. ആലീസ് എസ്.കെ.ഡി ക്ലാസ്സ് നയിച്ചു. 35 പേർ പങ്കെടുത്തു.

**അടുത്ത രൂപതാ എക്സിക്യൂട്ടീവ് ഏപ്രിൽ 28-ാം തീയതി**

**ചുങ്കക്കുന്ന് മേഖല**

11.03.2017-ന് ചുങ്കക്കുന്ന് മേഖലയുടെ വാർഷികാഘോഷവും ഏകദിന സെമിനാറും കേളകം സാൻജോസ് പള്ളിയിൽ വച്ച് നടത്തി. 'സമൂഹ നിർമ്മിതിയിൽ കുടുംബങ്ങളുടെ പങ്ക്' എന്ന വിഷയത്തിൽ ശ്രീ. ജോസ് പുന്നക്കുഴി സാർ ക്ലാസ് എടുത്തു.

**തരിയോട് മേഖല**

മഴ ഇല്ലാത്തതിനാൽ മേഖലയിലെ എല്ലാ ഇടവകകളിലും മാതൃവേദിയുടെ ആഭിമുഖ്യത്തിൽ ദിവ്യബലി അർപ്പിച്ച് മഴയ്ക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് തീരുമാനമുണ്ടായി. ഏപ്രിൽ 1 -ന് ഉച്ചകഴിഞ്ഞ് 2

മണിക്ക് ചെന്നലോടുവച്ച് മേഖലാതല സാഹിത്യമത്സരം നടത്താനും തീരുമാനിച്ചു.

**പയ്യംപള്ളി മേഖല**

26.02.2017 –ന് മേഖല എക്സിക്ക്യൂട്ടീവ് അംഗം ശ്രീമതി മേരി പാലമറ്റത്തിന്റെ ഭവനത്തിൽ ഏകദിന പ്രാർത്ഥന നടത്തി. അന്നേദിനം റവ. ഫാ. ചാണ്ടി പുനക്കാട്ടിന്റെ നേതൃത്വത്തിൽ സമരിറ്റൻ ഭവൻ സന്ദർശിക്കുകയും 2000/– രൂപ നൽകുകയും ചെയ്തു.

**കേളകം**

എല്ലാ മാസവും 2–ാം വെള്ളിയാഴ്ച്ച അമ്മമാരുടെ മീറ്റിംഗ് നടത്തുന്നു. ജിന്റോ തട്ടുപറമ്പിൽ അച്ചന്റെ പുത്തൻ കുർബ്ബാന യോടനുബന്ധിച്ച് അമ്മമാർ 10000/– രൂപ സമ്മാനമായി നൽകി. ചുങ്കക്കുന്ന് മേഖലയുടെ വാർഷികാഘോഷം കേളകത്ത് വച്ചുനടത്തി. അമ്മമാർക്ക് സ്നേഹവിരുന്ന് നൽകി.

**നെല്ലിയോടി**

'പെൺകുട്ടികളുടെ വളർച്ചയിൽ അമ്മമാർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ' എന്ന വിഷയത്തെക്കുറിച്ച് സി. ലിസ്സ എസ്.കെ.ഡി ക്ലാസ് എടുത്തു. ഇടവകയിലെ വിധവകളായ അമ്മമാർക്കായി ആരാധന, 'സഹനത്തിന്റെ മൂല്യം' എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്, ഷെയറിംഗ്, സ്നേഹവിരുന്ന്, സമ്മാനദാനം എന്നിവയോടുകൂടി വിധവാസംഗമം നടത്തി. കുടുംബങ്ങളിൽ പച്ചക്കറിത്തോട്ടമത്സരം നടത്തി നല്ല തോട്ടങ്ങൾക്ക് സമ്മാനങ്ങൾ നിശ്ചയിച്ചു.

**മഞ്ഞൂറ**

പ്രോലൈഫ് പ്രവർത്തനങ്ങൾക്കുവേണ്ടി എല്ലാ ഞായറാഴ്ച്ചയും തിരുഹൃദയ ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നു. ഇടവകയിലെ നാല് രോഗികളെ സന്ദർശിച്ച് പ്രാർത്ഥിച്ചു. എസ്.എസ്.എൽ.സി., പ്ലസ്ടു കുട്ടികൾക്കായ് അമ്മമാരുടെ നേതൃത്വത്തിൽ പരീക്ഷ ഒരുക്ക ആരാധന നടത്തി.

**കോട്ടത്തറ**

7.2.2017–ന് തീർത്ഥാടനം കുടുംബങ്ങളിലൂടെ: ഭവന സന്ദർശനവും, രോഗികളെ വീടുകളിലും ആശുപത്രിയിലും സന്ദർശിച്ചു. 26.02.2017 –ന് ഐക്കരപ്പടി പാലത്തിന് സമീപമുള്ള റോഡുപണിയിൽ 6 അമ്മമാർ പങ്കെടുത്തു.

**പൂളപ്പാടം**

10.2.17–ന് മാതൃവേദിയുടെ നേതൃത്വത്തിൽ അമ്മമാർക്ക് വേളാങ്കണ്ണി തീർത്ഥാടനം നടത്തി. 19.2.2017 –ന് ഡോ.സി.ഡെയ്സി

'എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം' എന്ന വിഷയത്തെ ആസ്പദമാക്കി മാതാപിതാക്കൾക്കും യുവതീയുവാക്കൾക്കും ക്ലാസ്സ് എടുത്തു.

**പുതിയിടംകുന്ന്**

ഹോസ്പിറ്റൽ മിനിസ്ട്രി നടത്തുകയും അമ്മമാർ ആശുപത്രിയിലെ ഏതാനും രോഗികളെ സന്ദർശിക്കുകയും ചെയ്തു. ഭാരവാഹികൾ കൽപറ്റ ഫാത്തിമ ഹോസ്പിറ്റലിൽ രോഗീസന്ദർശനം നടത്തി.

**തൃശ്ശിലേരി**

ലൂർദ്ദ്മാതാവിന്റെ തിരുനാൾദിനം-രോഗീദിനം- ദിവ്യബലിയിലും, തുടർന്നു രോഗികൾക്കുവേണ്ടിയുള്ള പ്രാർത്ഥനയിലും പങ്കെടുത്ത് പൊതുദിവ്യകാരുണ്യസ്വീകരണം നടത്തി. 'കുടുംബങ്ങളുടെ കുടുംബമായ ഇടവകാ കുടുംബം' എന്ന വിഷയത്തെ ആസ്പദമാക്കി അമ്മമാർക്ക് ഫാ. സിബി ചെറുതോട്ടിൽ ക്ലാസ്സ് നയിച്ചു.

**ഇരുളം**

ഫാ.ടോം ഉഴുന്നാലിന്റെ മോചനത്തിനായി കരുണക്കൊന്ത ചൊല്ലി പ്രാർത്ഥിച്ചു. 'അമ്മമാരുടെ ജീവിതത്തിൽ മാധ്യമങ്ങളുടെ സ്വാധീനം' എന്ന വിഷയത്തിൽ സി. ലിസ എസ്.കെ.ഡി ക്ലാസ്സെടുത്തു.

**കാരയ്ക്കാമല**

മാതൃവേദിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതിനായി ഇടവക തിരുനാളിന് സ്റ്റാൾ നടത്തി. ഫെബ്രുവരി 5 -ന് പള്ളിക്കുന്ന് പള്ളിയിലേക്ക് ജപമാല പ്രദക്ഷിണം നടത്തി. വിവാഹിതരായിട്ട് 12,25, വർഷവും അതിനു മുകളിൽ ആയവരെയും വിവിധ ഗ്രൂപ്പുകളായി തിരിച്ച് ഓരോ ഗ്രൂപ്പിനും അനുയോജ്യമായ ക്ലാസുകൾ സംഘടിപ്പിക്കാൻ തീരുമാനിച്ചു. ആഴ്ച്ചയിൽ രണ്ടു ദിവസം ഡയാലിസിസ് ചെയ്യുന്ന മാതൃവേദി അംഗം കൂടിയായ റോസമ്മ പൊരുന്നേടത്തിനെ സന്ദർശിക്കുകയും 1500/- രൂപ നൽകുകയും ചെയ്തു. എല്ലാ മാസവും മൂന്നാമത്തെ തിങ്കളാഴ്ച്ച ജില്ലാ ആശുപത്രിയിലെ രോഗികൾക്ക് ഭക്ഷണം നൽകുന്നതിനായി 2000/- രൂപ നൽകി വരുന്നു.

**മരിയൻ സിംഗിൾസ്**

20.3.2017-ന് പാസ്റ്ററൽ സെന്ററിൽ ഒരുമിച്ചുചേർന്നു. 11 പേർ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ഏപ്രിൽ 24-ാം തീയതിയാണ്.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**

ഡയറക്ടർ, കുടുംബപ്രേഷിതത്വം

## ബൈബിൾ അപ്പോസ്റ്റലേറ്റ്

**ലോഗോസ് ക്വിസ് - 2017**

ഈ വർഷത്തെ ലോഗോസ് ക്വിസിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു കാണുമെന്ന് കരുതുന്നു. അവധിക്കാലത്ത് ബൈബിൾ ഭാഗങ്ങൾ പഠിക്കാനും പരീക്ഷയ്ക്കുള്ള പരിശീലനം നൽകാനും ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ. രൂപതാതല പരീക്ഷാ 2017 സെപ്റ്റംബർ 24-ാം തീയതി 2 pm മുതൽ 3.30 pm വരെ.

പാഠഭാഗങ്ങൾ: സംഖ്യ 22-36, സുഭാഷിതങ്ങൾ 21-31, മത്തായി 1-9, വെളിപാട് 4-9.

**ഫാ. മാത്യു പെരിയപ്പുറം**
ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

---

## ജീസസ് യൂത്ത് മിനിസ്ട്രി

"എന്റെ ശക്തി നിനക്ക് കാണിച്ചുതരാനും അങ്ങനെ എന്റെ നാമം ലോകം മുഴുവൻ പ്രഘോഷിക്കപ്പെടാനും വേണ്ടിയാണ് ഞാൻ നിന്നെ ജീവിക്കാൻ അനുവദിച്ചത്" (പുറ.9/16)

മാർച്ച് 11 രണ്ടാംശനിയാഴ്ച ഏകദിന കൺവെൻഷന് ഒരുക്കമായി ജീസസ്‌യൂത്ത് യുവജനങ്ങൾ രണ്ടാംവെള്ളിയാഴ്ച ജാഗരണ പ്രാർത്ഥന നടത്തി ഒരുങ്ങി. രണ്ടാംശനിയാഴ്ച 9.30 ന് ജപമാലയോടു കൂടി പ്രോഗ്രാം ആരംഭിച്ചു. 10.30 ന് ജീസസ് യൂത്ത് ഫുൾടൈമർ മിന്റു മരിയ ജോർജ്ജ് നോമ്പുകാലത്ത് എങ്ങനെ ആത്മീയരായി ഒരുങ്ങാം എന്നതിനെക്കുറിച്ച് സംസാരിച്ചു. 12 മണിക്ക് ബഹു. സോണിവാഴകാട്ട് അച്ചൻ വി.ബലിയർപ്പിച്ച് വചനസന്ദേശം നൽകി. ലഘുഭക്ഷണശേഷം ആക്ഷൻ സോംഗ് ചെയ്തു. 2.15 ന് ലിജോ, ബിനീഷ് എന്നിവർ ചേർന്ന് ആരാധന നയിച്ചു. 3.15 ന് ഫുൾടൈമർ മിന്റുവിന് യാത്രയയപ്പ് നൽകി.

**പരീക്ഷാ ഒരുക്കധ്യാനം**

കൽപ്പറ്റ ക്രിസ്റ്റീൻ സോണിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 25 ന് ലത്തീൻ പള്ളിയിൽ വച്ച് പരീക്ഷാ ഒരുക്കധ്യാനം നടത്തി. പരീക്ഷാ ഒരുക്ക ധ്യാനത്തിന് ശ്രീ. ബൈജു ജോസ് കൊച്ചുകുടിയിലും, ജീസസ്‌യൂത്ത് ടീമംഗങ്ങളും നേതൃത്വം നൽകി. 108 വിദ്യാർത്ഥികൾ പ്രോഗ്രാമിൽ പങ്കെടുത്ത് ദൈവാനുഭവത്തോടെ മടങ്ങി.

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, ജീസസ് യൂത്ത്

# സീയോൻ വാർത്തകൾ

**സീയോൻ ടീം മീറ്റിംഗ് 3-3-2017**

2017 മാർച്ച് 3 ആദ്യവെള്ളി സീയോൻ ധ്യാനകേന്ദ്രത്തിൽ 4 മണിക്ക് ടീം മീറ്റിംഗ് ആരംഭിച്ചു. ഒരുക്കശുശ്രൂഷ നടത്തി. 6.30 ജാഗരണ പ്രാർത്ഥന, കുരിശിന്റെ വഴി, വി.കുർബാന എന്നിവയ്ക്കുശേഷം 12 മണിയോടുകൂടി ശുശ്രൂഷ സമാപിച്ചു.

**ആദ്യശനി - ഏകദിന കൺവെൻഷൻ 4-3-2017**

ഏകദിന കൺവെൻഷനുവേണ്ടിയുള്ള ഒരുക്കങ്ങൾ 6 മണിക്ക് ആരംഭിച്ചു. ജപമാലപ്രദക്ഷിണം, വെഞ്ചരിപ്പ് എന്നിവ നടത്തി. 8.45 നു കൺവെൻഷൻ ആരംഭിച്ചു. ക്ലരീഷ്യൻ സഭാഗമായ റവ.ഫാ. ജോയി ചേരാടി വചനപ്രഘോഷണം നടത്തി. റവ.ഫാ. ജോസഫ് നെച്ചിക്കാട്ട് വി.കുർബാന അർപ്പിച്ച് വചനപ്രഘോഷണം നടത്തി. അനുഭവസാക്ഷ്യത്തെ തുടർന്ന് ദിവ്യകാരുണ്യ ആരാധനയും ദിവ്യകാരുണ്യ പ്രദക്ഷിണവും നടത്തി. കുടുംബത്തിലെ പിതാക്കന്മാർക്കുവേണ്ടി പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷയും നടത്തി. 3.30 ന് ശുശ്രൂഷ സമാപിച്ചു.

**രണ്ടാംശനി- പൊതു സ്പിരിച്ചൽ ഷെയറിംഗ് 11-3-2017**

രണ്ടാംവെള്ളി സ്പിരിച്ചൽ ഡിറക്ടേഴ്സ് ശുശ്രൂഷക്കായുള്ള ഒരുക്കത്തിന്റെ ഭാഗമായി വി.കുർബാനയുടെ മുമ്പിൽ പ്രാർത്ഥിച്ചൊരുങ്ങി. മാർച്ച് 11 രണ്ടാംശനി സ്പിരിച്ചൽ ഷെയറിംഗ് ശുശ്രൂഷ നടത്തി.

**ജാഗരണ പ്രാർത്ഥന**

മാർച്ച് മാസം 17 -ാം തീയതി വൈകുന്നേരം 6 മുതൽ രാവിലെ 6 വരെ ജാഗരണ പ്രാർത്ഥന നടത്തി.

**തൂവാനീസ കൺവെൻഷൻ**

മാനന്തവാടി സോണിന്റെ നേതൃത്വത്തിൽ യേശുവിനെ അനുഗമിക്കുന്ന സ്ത്രീകളുടെ സംഗമം ചെറുകാട്ടൂർ സെന്റ് സെബാസ്റ്റ്യൻ പള്ളിയിൽ നടന്നു. ബഹു. ബാബു മൂത്തേടത്തച്ചൻ വി.കുർബാന അർപ്പിച്ചു. റവ.ഫാ. ബിജു OFM Cap, സി. ജ്യോതിസ്, ശ്രീമതി മേഴ്സി ലാൽ എന്നിവർ ക്ലാസുകൾ നയിച്ചു. റവ.ഫാ. ജോർജ് തേരകത്തിൽ അച്ചൻ നയിച്ച ദിവ്യകാരുണ്യ ആരാധനയോടുകൂടി സംഗമം സമാപിച്ചു.

**സ്നേഹാനുസ്മരണം**

ബഹു. ജോർജ് മേമനയച്ചന്റെ 41-ാം ചരമദിനം ഫെബ്രുവരി 28 ചൊവ്വാഴ്ച സീയോൻ ചാപ്പലിൽ വച്ച് നടത്തി. റവ.ഫാ. തോമസ് തൈക്കുന്നുംപുറം വി.കുർബാന അർപ്പിച്ച് സന്ദേശം നൽകി. സിമിത്തേരി സന്ദർശിച്ച് പ്രാർത്ഥിച്ചു.

**ഏകദിനം, ഓസാനാഭവൻ**

മാർച്ച് 18, ഓസാനാഭവനിലെ അന്തേവാസികൾക്കായി ഏകദിന ശുശ്രൂഷ നടത്തി.

**ഇടവക നവീകരണ ധ്യാനങ്ങൾ**

കമ്മന, മക്കിയാട് എന്നീ ഇടവകകളിൽ ഇടവക ധ്യാനങ്ങൾ സീയോൻ ടീമിന്റെ നേതൃത്വത്തിൽ നടത്തി.

**103 മണിക്കൂർ ആരാധന**

സീയോൻ ടീമിന്റെ നേതൃത്വത്തിൽ മാനന്തവാടി രൂപതയ്ക്കു വേണ്ടി തുടർച്ചയായി 103 മണിക്കൂർ ദിവ്യകാരുണ്യ ആരാധന നടത്തി.

**സിയോൻ ഏപ്രിൽ മാസത്തിൽ**

| | |
|---|---|
| മാർച്ച് 31 | - ടീം മീറ്റിംഗ്, ഏകദിനകൺവെൻഷൻ ഒരുക്കം |
| ഏപ്രിൽ 1 | - ഏകദിന കൺവെൻഷൻ |
| ഏപ്രിൽ 8 | - രണ്ടാംശനി - പൊതുസ്പിരിച്ചൽ ഷെയറിംഗ് |
| ഏപ്രിൽ 15 | - ഓസാനാംഭവൻ |
| ഏപ്രിൽ 21 | - മൂന്നാം വെള്ളി - ജാഗരണ പ്രാർത്ഥന |
| ഏപ്രിൽ 22 | - നാലാംശനി - രോഗികൾക്കായുള്ള സൗഖ്യശുശ്രൂഷാദിനം |
| ഏപ്രിൽ 23-27 | - ദമ്പതീധ്യാനം |
| മെയ് 2-6 | - ഇടവകാ ധ്യാനം - തെനേരി |
| മെയ് 7-10 | - ഇടവകാ ധ്യാനം - തൃശ്ശിലേരി |

**ഡയറക്ടർ**

സിയോൻ സി.ആർ.സി.

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

*വിശുദ്ധീകരിക്കാം, മുറിവുണക്കാം*

പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരി – സഹോദരന്മാരേ,

നാമെല്ലാവരും വലിയ നോമ്പിൽക്കൂടി കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണല്ലോ.നോമ്പുകാലം പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും നാളുകളാണ്. ദൈവത്തിങ്കലേക്ക് അടുക്കുവാൻ ഇവ രണ്ടും അത്യന്താപേക്ഷിതമാണ്. ത്യജിക്കുമ്പോഴാണ് നാം നേടുന്നത്. നോമ്പാചരണത്തിലൂടെ നാം ദൈവത്തോട് താദാത്മ്യം പ്രാപിക്കുകയാണ്. ഈ പീഡാനുഭവങ്ങൾക്കും സഹനങ്ങൾക്കുമപ്പുറം ഉയിർത്തെഴുന്നേൽപ്പിന്റെ വലിയ സന്തോഷം നമ്മെ കാത്തിരിപ്പുണ്ട്. അത് സ്വർഗീയാനുഭവമാണ്. നമുക്ക് വ്യക്തിപരമായും, സാമൂഹ്യപരമായും പീഡകളും, ദുഃഖങ്ങളും ദുരിതങ്ങളുമുണ്ടാകുമ്പോൾ –നാളെ നമ്മുടെ മുന്നിൽ ഉത്ഥാനത്തിന്റെ ശാശ്വതമായ സന്തോഷം നമ്മെ കാത്തിരിപ്പുണ്ടെന്ന പ്രത്യാശയാണ് നമുക്കുണ്ടാവേണ്ടത്.

കേരള കത്തോലിക്കാസഭ–പ്രത്യേകിച്ച് നമ്മുടെ രൂപത ഇന്ന് വലിയൊരു പീഡാനുഭവത്തിലൂടെയാണ് കടന്നുപോകുന്നതെന്ന വിവരം നിങ്ങൾക്കേവർക്കും അറിവുള്ളതാണല്ലോ. പ്രതിസന്ധികളുണ്ടാവുമ്പോൾ നാം പ്രത്യാശ കൈവിടരുത്. സഭയുടെ പ്രതിസന്ധിഘട്ടങ്ങളിൽ സഭാതനയരായ നാം സഭയോടൊത്താണ് നില്ക്കേണ്ടത്. അത് നമ്മുടെ കടമയാണ്. നൂറ്റാണ്ടുകളായി സഭയും വൈദീകരും, സന്യസ്തരും ഈ ലോകത്തിനുവേണ്ടി ചെയ്തതും, ചെയ്തുകൊണ്ടിരിക്കുന്നതുമായ നന്മപ്രവർത്തികളിൽ അസൂയപൂണ്ടവർ സഭയെ ആക്രമിക്കുവാൻ ഒരവസരം കാത്ത് കഴിയുകയായിരുന്നു. ഈ വിഭാഗത്തിന്റെ നാവും മനസ്സുമായി പ്രവർത്തിക്കുന്ന ഒറ്റപ്പെട്ട ചില ദൃശ്യമാധ്യമങ്ങളും, പ്രിന്റ് മീഡിയകളും ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തി. തെറ്റായ വാചക കസർത്തുകളിലൂടെ ക്രൈസ്തവരുടെ ഇടയിൽ ഭിന്നിപ്പുണ്ടാക്കുവാനും സഭാധികാരികൾക്കെതിരെ തിരിയാനുമുള്ള കുത്സിതശ്രമം നാം തിരിച്ചറിയണം. ഇത്തരം വിമർശനങ്ങൾ ക്രൈസ്തവരെ നന്നാക്കാനോ വളർത്താനോ അല്ലെന്നും, പ്രത്യുത നശിപ്പിക്കാനുമുള്ളതാണെന്ന തിരിച്ചറിവ് നമുക്കുണ്ടാവണം. പാപവും പാപമാർഗ

ങ്ങളും ഉപേക്ഷിക്കുവാനുള്ള കഴിവ് എല്ലാവർക്കുമുണ്ടാകട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം. സഭയെ തകർക്കുകയല്ല, വളർത്തുകയാണ് ഓരോ വിൻസെൻഷ്യൻ പ്രവർത്തകന്റെയും പരമപ്രധാനമായ കടമ. ഏതു പ്രതിസന്ധിയിലും സഭയോടും സഭാ നേതൃത്വത്തോടും അചഞ്ചലമായ കൂറുപുലർത്തുന്നതിനും, സഭാനേതൃത്വത്തോട് ചേർന്നുനില്ക്കുവാനും നമുക്ക് കഴിയട്ടെ. എല്ലാവർക്കും ഉയിർപ്പു തിരു നാളിന്റെ മംഗളങ്ങൾ.

**അന്തർദേശീയ പ്രസിഡന്റിന് സ്വീകരണം**

എസ്.എസ്.വി.പി. അന്തർദേശീയ പ്രസിഡന്റ് ജനറൽ ബ്രദർ റെനാറ്റൊ ലിമാ ഡി ഒലിവേറയ്ക്ക് കെ.ആർ.സി.സി.യുടെ നേതൃത്വ ത്തിൽ സ്നേഹോഷ്മളമായ സ്വീകരണം നല്കി. 2017-മാർച്ച് എട്ടിന് എറണാകുളം കലൂർ റിന്യൂവൽ സെന്ററിൽ നടന്ന സ്വീകരണത്തിൽ നാഷണൽ പ്രസിഡന്റ് ബ്രദർ ജോൺസൺ വർഗീസ്, കെ.ആർ.സി. സി. കോ-ഓർഡിനേററർ ബ്രദർ കെ.ജെ.ജോസ് തുടങ്ങിയവർ നേതൃത്വം നല്കി. മാനന്തവാടി സി.സി. പ്രസിഡന്റ് ബ്രദർ ജോർജ്ജ് ആക്കാന്തിരിയുടെ നേതൃത്വത്തിൽ സി.സി.അംഗങ്ങൾ സ്വീകരണത്തിൽ പങ്കെടുത്തു. വല്ലാർപാടം പള്ളിയിൽവച്ച് അന്തർദേശീയ പ്രസിഡന്റു മായി വ്യക്തിപരമായി ആശയവിനിമയം നടത്തുവാനുള്ള അപൂർവ ഭാഗ്യവും സി.സി.അംഗങ്ങൾക്കുണ്ടായി.

**എ.സി.വാർഷികങ്ങൾ**

എസ്.എസ്.വി.പി. മാനന്തവാടി സി.സി.ക്ക് കീഴിലുള്ള എ.സി. കളുടെ വാർഷികങ്ങൾ നടന്നുവരികയാണല്ലൊ. ഇവ മാതൃകാപരമായി നടത്തിയ എല്ലാ ഏര്യ കൗൺസിൽ ഭാരവാഹികളെയും പ്രത്യേകം അഭിനന്ദിക്കുന്നു.

കല്പ്പററ, ചുണ്ടക്കര എ.സി.കളുടെ സംയുക്ത വാർഷികാഘോ ഷങ്ങൾ കല്പ്പറ്റ ഡി പോൾ ഫൊറോന പള്ളിയിൽ 2017 മാർച്ച് നാലിന് നടന്നു. ഇടവക വികാരി റവ.ഫാ.മാത്യു പെരുമാട്ടിക്കുന്നേൽ ഉദ്ഘാ ടനം ചെയ്തു. ഇടവക സഹവികാരി റവ.ഫാ.നിഥിൻ പാലക്കാട്ട് മുഖ്യ സന്ദേശം നല്കി. കല്പ്പറ്റ എ.സി. പ്രസിഡന്റ് സിസ്റ്റർ സിസിലി മാത്യു പഴയമഠത്തിൽ അധ്യക്ഷം വഹിച്ചു.സി.സി. വൈസ്പ്രസിഡന്റ് ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ ക്ലാസ്സുകൾ നയിച്ചു. സി.സി.ജനറൽ സെക്രട്ടറി ബ്രദർ ബാബു നമ്പുടാകം, ട്രഷറർ എൻ.യു.ജോൺ, ടിന്നിംഗ് ഓഫീസർ ബ്രദർ ഫിലിപ്പ് വട്ടക്കാമുകുളേൽ, ഓഫീസ് സെക്രട്ടറി ബ്രദർ കെ.പി.ജോൺ എന്നിവർ പ്രസംഗിച്ചു. ചുണ്ടക്കര എ.സി.പ്രസിഡന്റ് ബ്രദർ തങ്കച്ചൻ മേപ്പാടത്ത് സ്വാഗതവും, സി.സി.റിസോഴ്സ് പേഴ്സൺ സിസ്റ്റർ ജെസി പുളിയമ്മാക്കൽ നന്ദിയും പറഞ്ഞു.

തരിയോട് എ.സി.യുടെ വാർഷികം കാവുംമന്ദം ലൂർദ്ദ്മാതാ പള്ളിയിൽ 2017-മാർച്ച് ഒന്നിന് നടന്നു. എ.സി. പ്രസിഡന്റ് സിസ്റ്റർ റോസമ്മ ജോസഫ് അയ്യംകുഴയ്ക്കൽ അധ്യക്ഷം വഹിച്ചു. റവ. ഫാ. മാർട്ടിൻ പുതുശ്ശേരി ഉദ്ഘാടനം ചെയ്തു. എസ്.എസ്.വി. പി. മുൻകാല പ്രവർത്തകരായ ചാക്കൊ ചേലക്കാപ്പള്ളിൽ, അന്നക്കുട്ടി ഞാറക്കുളത്ത്, റോസമ്മ അറയ്ക്കപ്പറമ്പിൽ, റോസക്കുട്ടി മൊതക്കാട്ട്പറമ്പിൽ, മറിയക്കുട്ടി അമ്പലത്തിങ്കൽ, മത്തായി കിഴക്കേടത്ത് എന്നിവരെ ചടങ്ങിൽ ആദരിച്ചു. ദിൽന മൂത്തേടത്ത് പ്രവർത്തനറിപ്പോർട്ട് അവതരിപ്പിച്ചു. ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ ക്ലാസ്സുകൾ നയിച്ചു. സി.സി. ട്രഷറർ ബ്രദർ എൻ.യു.ജോൺ, ബ്രദർ മത്തായി മുണ്ടയ്ക്കൽ, ബ്രദർ കുര്യാക്കോസ് പാറേക്കാട്ടിൽ, ബ്രദർ ഫ്രാൻസീസ് എടപ്പാട്ട്, ബ്രദർ ജോർജ്ജ് കുന്നത്ത് എന്നിവർ പ്രസംഗിച്ചു.

പുൽപ്പള്ളി, പാടിച്ചിറ എ.സി-കളുടെ സംയുക്ത വാർഷികാഘോഷം മുള്ളൻകൊല്ലി സെന്റ് മേരീസ് ഫൊറോന ദൈവാലയ ഹാളിൽ 2017-മാർച്ച് 11-ന് നടന്നു. ഇടവക സഹവികാരി റവ.ഫാ. അനീഷ് ആലുങ്കൽ ദിവ്യബലി അർപ്പിച്ചു. ഫൊറോന വികാരിയും എ.സി. ആത്മീയോപദേഷ്ടാവുമായ റവ.ഫാ.ഫ്രാൻസീസ് നെല്ലിക്കുന്നേൽ വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്തു. പാടിച്ചിറ എ.സി. പ്രസിഡന്റ് ബ്രദർ ബേബി ചൂണ്ടനാൽ അധ്യക്ഷം വഹിച്ചു. പുൽപ്പള്ളി എ.സി. സെക്രട്ടറി ബ്രദർ അജി വിരിപ്പാമറ്റം, പാടിച്ചിറ എ.സി. സെക്രട്ടറി സിസ്റ്റർ ലീലാമ്മ വിളയാനിപ്പറമ്പിൽ എന്നിവർ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. എസ്.എസ്.വി.പി. മുൻകാലപ്രവർത്തകരെ പാടിച്ചിറ എ.സി. ആത്മീയോപദേഷ്ടാവ് റവ.ഫാ. സജി പുഞ്ചയിൽ പൊന്നാട അണിയിച്ച് ആദരിച്ചു. റവ. ഫാ. അനീഷ് ആലുങ്കൽ ക്ലാസ് എടുത്തു. സീതാമൗണ്ട് പള്ളി വികാരി റവ.ഫാ.ജോഷി പുൽപ്പയിൽ ആശംസകളർപ്പിച്ചു. സി.സി.ജനറൽ സെക്രട്ടറി ബ്രദർ ബാബു നമ്പുടാകം, സി.സി. ട്രഷറർ ബ്രദർ.എൻ.യു.ജോൺ, ഓസാനാംഭവൻ ആന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് സെക്രട്ടറി ബ്രദർ വിൻസെന്റ് ജോൺ, പുൽപ്പള്ളി എ.സി. ട്രഷറർ ബ്രദർ എൻ.യു.ഇമ്മാനുവേൽ, ബ്രദർ ബേബി തറയിൽ, ബ്രദർ ജോസഫ് തെക്കനാട്ട്, എ.സി.കോ-ഓർഡിനേററർ ബ്രദർ ടി.കെ.ലൂക്കാ മാസ്റ്റർ എന്നിവർ പ്രസംഗിച്ചു. തുടർന്ന് സ്നേഹവിരുന്നും നടത്തി.

കല്ലോടി എ.സി.വാർഷികം 2017-മാർച്ച് 11-ന് ദീപ്തിഗിരി സെൻറ് തോമസ് പള്ളിയിൽ നടന്നു. എ.സി. ആത്മീയോപദേഷ്ടാവ് റവ.ഫാ. ഡൊമിനിക് വളകുടിയിൽ ഉദ്ഘാടനം ചെയ്തു. എ.സി. പ്രസിഡന്റ് ബ്രദർ ജിൽസൺ തലച്ചിറ അധ്യക്ഷം വഹിച്ചു. സി.സി. പ്രസിഡന്റ്

ബ്രദർ ജോർജ്ജ് ആക്കാന്തിരി മുഖ്യസന്ദേശം നല്കി. ദീപ്തിഗിരി പള്ളി വികാരി റവ. ഫാ. ജോസ് കപ്യാരുമല, ബ്രദർ ഫിലിപ്പ്, സെക്രട്ടറി സിസ്റ്റർ അൽഫോൻസ, യുവജന വിഭാഗം രൂപതാ പ്രസിഡന്റ് ബ്രദർ ജെൻട്രിപോൾ, ബ്രദർ സേവ്യർ ചിററൂപ്പറമ്പിൽ എന്നിവർ പ്രസംഗിച്ചു. സിസ്റ്റർ സെലിൻ, ബ്രദർ ജോസ് കുരിശിങ്കൽ എന്നിവർ ജീവിതാനുഭവങ്ങൾ പങ്കുവച്ചു.

**എസ്.എസ്.വി.പി. വനിതാ വിഭാഗത്തിന് രൂപതാ ഭാരവാഹികൾ**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈററി വനിതാ വിഭാഗത്തിന് പുതിയ രൂപതാ കമ്മററിയെ തെരഞ്ഞെടുത്തു.ബേബി മരിയ ഫ്രാൻസീസ് പുലിക്കോട്ടിൽ (പ്രസിഡന്റ്), സിസിലി വണ്ടാനത്ത് (വൈസ് പ്രസിഡന്റ്), ത്രേസ്യാമ്മ ജോർജ്ജ് കൊച്ചുമലയിൽ (സെക്രട്ടറി), ലൗലിജോയ് ചക്കിട്ടകുടിയിൽ (ട്രഷറർ). സി.സി. യുടെ കീഴിലെ വിവിധ എ.സി-കളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു. എസ്.എസ്.വി.പി.രൂപതാ ജനറൽ സെക്രട്ടറി ബ്രദർ ബാബു നമ്പുടാകം അധ്യക്ഷം വഹിച്ചു. ഓസാനാംഭവൻ ആന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് സെക്രട്ടറി ബ്രദർ വിൻസെന്റ് ജോൺ മുഖ്യ സന്ദേശം നൽകി.

**പ്രാർത്ഥനായോഗം**

2017 മാർച്ച് 18-സി.സി. പ്രാർത്ഥനാദിനമായി ആചരിച്ചു. കായക്കുന്ന് ലാസലററ് ആശ്രമത്തിൽ നടന്ന പ്രർത്ഥനയ്ക്ക് റവ. ഫാ. ബിബിൻ, റവ. ഫാ.ജോജോ എന്നിവർ നേതൃത്വം നല്കി.

**സി.സി.യോഗം**

എസ്.എസ്.വി.പി. മാനന്തവാടി സെൻട്രൽ കൗൺസിൽ യോഗം 2017 ഏപ്രിൽ 8-ന് 12.30-ന് നടവയൽ ഓസാനാംഭവൻ ഹാളിൽ നടക്കും. അന്നേദിവസം രാവിലെ 10-ന് ഓസാനാംഭവൻ ഗവേണിംഗ്ബോഡി, 11-ന് ഓസാനാംഭവൻ ജനറൽബോഡി യോഗം എന്നിവയുമുണ്ടായിരിക്കും. അംഗങ്ങൾ പങ്കെടുക്കണം.

**ഓസാനാംഭവൻ ശുശ്രൂഷ**

2017-ഏപ്രിൽ 1 മുതൽ-15 വരെ-ബത്തേരി എ.സി, 16-4-17 മുതൽ 30-4-17 വരെ ഗൂഡല്ലൂർ എ.സി, 1-5-17-മുതൽ 15-5-17 വരെ മണിമൂളി എ.സി.

സ്നേഹപൂർവം,

**ബ്രദർ ജോർജ്ജ് ആക്കാന്തിരി**

സി.സി.പ്രസിഡന്റ്

### നബാർഡ് സമഗ്ര ആദിവാസി വികസന പദ്ധതി

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന സമഗ്ര ആദിവാസി വികസന പദ്ധതിയുടെ ഭാഗമായി ഒരു ഉത്പ്പാദകസംഘം രൂപീകരിച്ചു. ആദിമ ഉത്പ്പാദക സംഘം എന്ന പേരിൽ ഒരു കമ്പനിയായിട്ടാണ് ഉദ്പ്പാദക സംഘം രൂപീകരിച്ചിട്ടുള്ളത്. സംഘത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു. 11 അംഗങ്ങളുള്ള ബോർഡാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. ഈ സംഘം സമഗ്ര ആദിവാസി വികസന പദ്ധതിയുടെ തുടർച്ച ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്.

### കാട്ടുതേൻ പരിശീലനം

സമഗ്ര ആദിവാസി വികസന പദ്ധതിയിൽ അംഗങ്ങളായ ആദിവാസികൾക്കുവേണ്ടി കാട്ടുതേൻ സംഭരണം, സംസ്കരണം, വിപണനം എന്നീ വിഷയങ്ങളിൽ 04 ദിവസം വീതം നീണ്ടുനിൽക്കുന്ന പരിശീലനങ്ങൾ നൽകി വരുന്നു. ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന TRIFED ന്റെ സാമ്പത്തിക സഹായത്തോടെ എടമുണ്ട, വഞ്ഞോട്, മക്കിമല, താഴെ തലപ്പുഴ, കാവിൽപാടം എന്നീ കോളനികളിൽ 150 പേർക്ക് പരിശീലനം നൽകി. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് തേൻ സംഭരണം, സംസ്കരണം എന്നിവയ്ക്കാവശ്യമായ ഉപകരണങ്ങളും സൗജന്യമായി വിതരണം ചെയ്യുന്നു.

### നയറോഷ്നി പരിശീലനം

കേന്ദ്രന്യൂനപക്ഷ മന്ത്രാലയത്തിന്റെ കീഴിൽ ന്യൂനപക്ഷ സ്ത്രീകൾക്കായി നടത്തുന്ന നയറോഷ്നി പരിശീലനം പൂർത്തിയായി. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജനകീയ സംഘടന വിഭാഗത്തിലൂടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. സ്വയം തൊഴിൽ പദ്ധതികൾ, ജലസംരക്ഷണം, സ്ത്രീനിയമങ്ങൾ, ഡിജിറ്റൽ പണമിടപാടുകൾ, ആരോഗ്യ ശുചിത്വ സംവിധാനങ്ങൾ, നേതൃത്വ പരിശീലനം തുടങ്ങിയ വിവിധ വിഷയങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ട

സ്ത്രീകൾക്ക് പരിശീലനം നൽകി. പ്രസ്തുത പരിശീലന പരിപാടികളിൽ ന്യൂനപക്ഷ മന്ത്രാലയത്തിൽ നിന്നും ശ്രീ. യൂസഫ് ഡി ഔദ്യോഗികമായി സന്ദർശിക്കുകയും സംതൃപ്തി അറിയിക്കുകയും ചെയ്തു.

**സേവ് എ ഫാമിലി പ്ലാൻ**

സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് നയിക്കുവാനുള്ള ഈ പദ്ധതിയിൽ ഇന്ന് 335 കുടുംബങ്ങൾ മാനന്തവാടി രൂപതയിൽ പങ്കാളികളാണ്. 2017-2018 സാമ്പത്തിക വർഷത്തിലേയ്ക്കായി 47 കുടുംബങ്ങളെ പുതുതായി തെരഞ്ഞെടുക്കുന്നു. മുള്ളൻകൊല്ലി, പുൽപ്പള്ളി, പൂതാടി, തൊണ്ടർനാട്, മാനന്തവാടി, തവിഞ്ഞാൽ, തിരുനെല്ലി, പടിഞ്ഞാറത്തറ, കോട്ടത്തറ എന്നീ പഞ്ചായത്തിൽപ്പെട്ട ഇടവകകളിൽനിന്നു മാനദണ്ഡത്തിനനുസൃതമായ അപേക്ഷകൾ സ്വീകരിക്കുന്നു. താല്പര്യമുള്ളവർ WSSS ഓഫീസുമായി ബന്ധപ്പെടുക.

ഫെബ്രുവരി 14 മുതൽ 16 വരെ ഐശ്വര്യഗ്രാം പാറപ്പുറത്ത് വച്ച് നടത്തിയ ത്രൈമാസ അവലോകന യോഗത്തിൽ കോ-ഓർഡിനേറ്റർ സി. ആനി പങ്കെടുത്തു.

**Traditional Pepper Conservation Project - Boys Town**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കുന്ന പാരമ്പര്യ കുരുമുളകും സംരക്ഷണ പദ്ധതിയുടെ പ്രവർത്തനങ്ങൾ ബോയ്സ് ടൗണിൽ നടന്നുവരുന്നു.

കഴിഞ്ഞ മാസം പ്രധാനമായും നടന്നത് ഫീൽഡ് സർവ്വേയും, കുരുമുളകിനങ്ങളുടെ ശേഖരണവുമാണ്. ഇതിനോടകം നാൽപതിൽ പരം വിവിധ ഇനങ്ങൾ ശേഖരിച്ചു കഴിഞ്ഞു. കഴിഞ്ഞ ഫെബ്രുവരിയിൽ 7 ഫീൽഡ് സർവ്വെ നടത്തുകയും ഓരോ ഇനങ്ങളുടെ ശാസ്ത്രീയ വിശദാംശങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു. പുതിയ നാടൻ ഇനങ്ങൾ നഴ്സറിയിൽ നട്ടുവളർത്തുന്നതിന് ആവശ്യമായ നടീൽ വസ്തുക്കൾ ശേഖരിക്കുകയും ചെയ്തു.

നടീൽ വസ്തുക്കൾ ലഭ്യമല്ലാത്ത ഇനങ്ങളുടെ പ്രജനനത്തിനായി പാകമായ വിത്തുകൾ ശേഖരിച്ചു. ബോയ്സ് ടൗണിൽ പൂർത്തീകരിച്ചിട്ടുള്ള നഴ്സറിയിൽ വിത്തുകൾ ശാസ്ത്രീയമായി മുളപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി. ഈ പദ്ധതിയുടെ ഭാഗമായി ആരംഭിച്ചിരിക്കുന്ന Urikshayur veda centre ന്റെ പ്രവർത്തനങ്ങൾക്ക് തുടക്കമായി. ഇതിനുവേണ്ടിയുള്ള reference ഇനങ്ങൾ ശേഖരിച്ചുതുടങ്ങി.

മാതൃകാ കുരുമുളകുതോട്ടത്തിനുവേണ്ടിയുള്ള സ്ഥലം ഒരുക്കുകയും മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും

ചെയ്തു. കർഷകർക്കുവേണ്ടിയുള്ള ജൈവവളനിർമ്മാണത്തിന്റെ പ്രവർത്തനം പൂർത്തീകരിച്ചു. ബയോഡയനാമിക് കൃഷിരീതിയനുസരിച്ചുള്ള നടീൽ രീതിയും, വിളസംരക്ഷണവും നടത്തി. ഇതിനോടൊപ്പം തന്നെ നിലവിലുള്ള ഔഷധ സസ്യതോട്ടത്തിന്റെ പുനരുദ്ധാരണവും കഴിഞ്ഞ മാസം നടത്തി. ചെടികൾ വരൾച്ചയെ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി.

കുരുമുളകിനങ്ങളുടെ തൈകൾ നഴ്സറിയിൽ നട്ടുവളർത്തുവാൻ വേണ്ട പ്രാരംഭപ്രവർത്തനങ്ങൾ നടന്നു. ശാസ്ത്രീയരീതികൾ അവലംഭിച്ചുകൊണ്ടുള്ള എല്ലാ പ്രവർത്തനങ്ങളും മേൽനോട്ടം വഹിക്കുന്നത് WSSS ൽ നിന്നുള്ള വിദഗ്ധരാണ്. കൂടുതൽ കുരുമുളകിനങ്ങൾ കണ്ടെത്താനുള്ള സർവ്വെകളും വിവരശേഖരണവും ഈ അടുത്ത മാസങ്ങളിൽ ഊർജ്ജിതമാക്കും.

**കേരള ലേബർ മൂവ്മെന്റ് (KLM)**

അസംഘടിത തൊഴിലാളികളുടെ സംഘാടത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിച്ചുവരുന്നു. കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു പോകുന്നു.

തൊഴിലാളികളുടെ ആദ്ധ്യാത്മികവും സാംസ്കാരികവും സാമ്പത്തികവും സാമൂഹികവുമായ പുരോഗതിക്ക് വേണ്ടിയും തൊഴിലാളി കുടുംബങ്ങളുടെ ക്ഷേമത്തിനുവേണ്ടിയും പ്രവർത്തിക്കുകയാണ് ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യം.

**സ്വാവലംബൻ**

കേന്ദ്ര ഗവൺമെന്റിന്റെ പെൻഷൻ പദ്ധതിയായ 'സ്വാവലംബൻ' (സുരക്ഷ) പദ്ധതിയിൽ അംഗങ്ങളായവരുടെ 2016-17 വർഷത്തെ അംഗത്വം പുതുക്കൽ പൂർത്തിയായി.

**സ്വതന്ത്രനിർമ്മാണ തൊഴിലാളി യൂണിയൻ (SNTU)**

സ്വതന്ത്രനിർമ്മാണ തൊഴിലാളി യൂണിയനിൽ അംഗങ്ങളായവരുടെ ID കാർഡ് പുതുക്കൽ മാർച്ച് 31 നുള്ളിൽ പൂർത്തിയാക്കണം. ആവശ്യമായ രേഖകൾ എത്രയും പെട്ടെന്ന് WSSS ഓഫീസിൽ എത്തിക്കുമല്ലോ.

**കേരളാ ടൈലറിംഗ് വർക്കേഴ്സ് ഫോറം (KTWF)**

KTWF - ൽ അംഗങ്ങളായവരുടെ Online രജിസ്ട്രേഷൻ പൂർത്തിയായി.

**ജലനിധി**

1. 22-02-2017 ന് ജലനിധികളെക്കുറിച്ച് അവലോകനം നടത്തുന്നതി

നായി വേൾഡ് ബാങ്ക് ടാസ്ക് ടീം ലീഡർ പൊടിപ്പ് റെഡി ശ്രീനിവാസറാവു ജലനിധി പദ്ധതി നടപ്പിലാക്കുന്ന കമ്മന ആസ്ഥാനമായ ശുദ്ധജലവിതരണ പദ്ധതി, വള്ളിയൂർകാവ് ചെക്ക് ഡാം എന്നിവിടങ്ങളിൽ സന്ദർശിച്ചു. ജലനിധിപദ്ധതി ഗുണഭോക്താക്കളുമായി ആശയവിനിമയം നടത്തി, ഗുണഭോക്തൃസമിതി ഭാരവാഹികളുടെ യോഗവും ചേർന്നു. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് നജ്മുദീൻ മുടമ്പത്ത്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ജിൽസൺ തൂപ്പുംകര, RPMU ഉദ്യോഗസ്ഥർ എന്നിവർ സംബന്ധിച്ചു.

2. 27-02-2017 ന് എള്ളുമന്ദം സ്കീം ലെവൽ ശുദ്ധജലവിതരണ പദ്ധതിയുടെ ഓഫീസ് രണ്ടേനാല് ചുണ്ടമുക്കിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി ഉഷാ വിജയൻ ഉദ്ഘാടനം ചെയ്തു.
3. വിവിധ പദ്ധതികളിൽ നൽകിവരുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന നടത്തുന്നതിനായി സാമ്പിളുകൾ ശേഖരിച്ച് ലാബ് ടെസ്റ്റിന് അയച്ചു.
4. സ്കീമുകളുടെ ഓഡിറ്റ് ഉൾപ്പെടെയുള്ള നടപടികൾക്കായി RPMU വിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

## DDU-DKY

കേന്ദ്രഗ്രാമ വികസന മന്ത്രാലയത്തിന്റെ കീഴിൽ ഗ്രാമങ്ങളിലെ 15 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ കൂടുതൽ അഭ്യസ്ഥവിദ്യരാക്കുന്നതിനും തൊഴിൽ നേടിയെടുക്കാൻ പ്രാപ്തരാക്കുന്നതിനും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ വിവിധ കോഴ്സുകൾ നടത്തിവരുന്നു. കേരളത്തിൽ കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ഈ കോഴ്സ് പൂർണ്ണമായും സൗജന്യമാണ്. പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും NCVT/SSC സർട്ടിഫിക്കറ്റും വിവിധ കമ്പനികളിൽ ജോലിയും നൽകുന്നതാണ്. DDU-DKY, NULM എന്നീ പ്രോജെക്റ്റ് ആണ് നടപ്പിൽ ആക്കുന്നത്.

DDU-DKY ഇതുവരെ 201 കുട്ടികളെ രണ്ടു കോഴ്സുകളിലായി പഠിപ്പിക്കുകയും 150 കുട്ടികൾക്ക് ജോലി നൽകാനും സാധിച്ചു. ഇതിൽ നാലു കുട്ടികൾക്ക് വിദേശ രാജ്യങ്ങളിൽ ആണ് ജോലി നൽകിയിരിക്കുന്നത്. മുപ്പതോളം കുട്ടികളെ വിദേശരാജ്യങ്ങളിൽ ജോലി നൽകുന്നതിനുള്ള കമ്പനി പരിശീലനത്തിലാണ് ഇപ്പോൾ. അടുത്ത വർഷത്തേക്ക് പുതിയ കോഴ്സുകളും ആരംഭിക്കുന്നുണ്ട്. അതിനുള്ള സർക്കാർ അംഗീകാരം കിട്ടിയാൽ ഉടനെ അറിയിക്കുന്നതാണ്.

വയനാട് കുടുംബശ്രീ മിഷനുമായി ചേർന്ന് പനമരം പള്ളിയിൽ സ്ത്രീകൾക്കായി മേസനറി കോഴ്സ് ആരംഭിച്ചു. ഏകദേശം 30

സ്ത്രീകൾ ഈ കോഴ്സിനു ചേർന്ന് പഠിക്കുന്നു. കെട്ടിടനിർമ്മാണവും ബന്ധപ്പെട്ട എല്ലാ പണികളും ഈ കോഴ്സിൽ പഠിപ്പിക്കുന്നു.

മാനന്തവാടി മുൻസിപാലിറ്റിയിൽ ഉള്ളവർക്ക് Food Processing, Accountant with Tally എന്നീ കോഴ്സുകൾ NULM മായി ചേർന്ന് ആരംഭിക്കുന്നു. താല്പര്യമുള്ളവർ എത്രയും വേഗം കൽപ്പറ്റ മുൻസിപാലിറ്റിയുമായോ WSSS ഓഫീസുമായോ ബന്ധപ്പെടുക.

**വികാസ്പീഡിയ**

വികാസ് പീഡിയ പോർട്ടലിന്റെ പ്രചരണാർത്ഥം, തവിഞ്ഞാൽ, തിടങ്ങഴി, ദീപ്തിഗിരി സെന്റ് തോമസ് ചർച്ച്, ധർമ്മഗിരി, മൂന്നാനക്കുഴി എന്നിവിടങ്ങളിൽ സെമിനാറുകൾ നടത്തി. സംസ്ഥാന കോർഡിനേറ്റർ സി.വി.ഷിബു ക്ലാസ്സെടുത്തു. കാലിക്കറ്റ് യൂണിവേഴ്സിറ്റി മാധ്യമ വിഭാഗവുമായി ചേർന്ന് നടവയൽ സി.എം. ആർട്സ് ആന്റ് സയൻസ് കോളേജിൽ നടത്തിയ മീഡിയ ഫെസ്റ്റിൽ വികാസ് പീഡിയ കേരള പങ്കാളിയായി. വിവിധ വിഷയങ്ങളിൽ സി.വി.ഷിബു, അഡ്വ.ജോസഫ് ടി.ജെ. എന്നിവർ ക്ലാസ്സെടുത്തു.

ഡിജിറ്റൽ ഫിനാൻസ് ലിറ്ററസി പ്രോഗ്രാമിന്റെ ഭാഗമായി റിസർവ് ബാങ്ക് കൽപ്പറ്റയിൽ നടത്തിയ പരിപാടിയിലും അക്ഷയപ്രൊജക്ട് വിവിധ കേന്ദ്രങ്ങളിൽ നടത്തിയ 'ഡിജിധൻ റോഡ്ഷോ'യിലും വികാസ് പീഡിയ കോർഡിനേറ്റർ പങ്കെടുത്തു.

അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ രണ്ട് ദിവസങ്ങളിലായി വികാസ് പീഡിയ ശില്പശാല സംഘടിപ്പിച്ചു. 150 ലധികം കർഷകർ പരിപാടികളിൽ പങ്കെടുത്തു. കൂടുതൽ വിവരദാതാക്കളെ പോർട്ടലിൽ രജിസ്റ്റർ ചെയ്യിക്കുന്നതിനും കൂടുതൽ ജനങ്ങളിലേക്ക് പോർട്ടൽ എത്തിക്കുന്നതിനും വിവിധ പരിപാടികൾ നടത്തി വരുന്നു.

**ഫാ. ബിജോ കറുകപ്പള്ളി**
ഡയറക്ടർ, വയനാട് സോഷ്യൽസർവ്വീസ് സൊസൈറ്റി

# ബയോവിൻ അഗ്രോ റിസർച്ച്

**(ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയും അനുബന്ധ മേഖലകളും)**

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

മനുഷ്യന്റെയും മണ്ണിന്റെയും ആവാസവ്യവസ്ഥയുടെയും ആരോഗ്യം നിലനിർത്തുന്നതിനായി ജൈവകീടനാശിനികൾ, കംപോസ്റ്റ്, പച്ചില വളങ്ങൾ, ഇടവിള കൃഷി, യാന്ത്രിക നടീൽ തുടങ്ങിയവയെ ആശ്രയിച്ച് രാസവളങ്ങളും, കൃത്രിമ രാസ കീടനാശിനികളും തീർത്തും ഒഴിവാക്കി ചെടി വളർച്ചാ നിയന്ത്രണ വസ്തുക്കൾ, കന്നുകാലി/കോഴി തീറ്റകളിൽ ചേർക്കുന്ന രാസപദാർത്ഥങ്ങൾ, ജൈവമാറ്റം വരുത്തിയ വിത്തുകൾ എന്നീ രീതികൾ ഉപയോഗിക്കാതെയും നടത്തപ്പെടുന്ന കൃഷിരീതിയെ പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട ജീവിതനിലവാരം അവരുടെ ഉല്പ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാകുന്നതിനുമായി നടപ്പിലാക്കുന്ന ജൈവകൃഷി സാക്ഷ്യപത്രലഭ്യതാ പദ്ധതിയിൽ ഫെബ്രുവരി മാസം വിവിധ പ്രവർത്തനങ്ങൾ നടത്തുവാനും കർഷകരുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാനും സാധിച്ചു. പദ്ധതിയിലേക്ക് ഫെബ്രുവരി മാസം പുതുതായി 450 കർഷകർ അംഗങ്ങളായി. ഇവരെ ഫീൽഡ് ഓഫീസർമാരുടെ നേതൃത്വത്തിൽ ഗ്രൂപ്പുകളാക്കി തിരിക്കുകയും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**കർഷക ഗ്രൂപ്പ് മീറ്റിംങ്ങുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷിയിലെ നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണ രീതികളും, ഫെയർട്രേഡ് സംവിധാനം എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിംഗുകൾ 54 വില്ലേജ് ഫാം ക്ലബ്ബുകളിൽ നടക്കുകയും, മീറ്റിംഗുകളിൽ റീജിണൽ കോർഡിനേറ്റർമാർ, ഫീൽഡ് മോണിറ്ററിംഗ് ഓഫീസർമാർ, റിസോഴ്സ് പേഴ്സൺമാരായ കുമാരി റീബ, കുമാരി ലിജി എന്നിവർ പങ്കെടുക്കുകയും കർഷകരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും പുതുതായി രൂപീകരിച്ച ഗ്രൂപ്പുകളിൽ തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്തു.

**ജൈവസാക്ഷ്യപത്രം പുതുക്കൽ**

ജൈവകർഷകരുടെ ഉത്പ്പന്നങ്ങൾ ആഭ്യന്തര-വിദേശ വിപണികളിൽ വിപണനം നടത്തുന്നതിനാവശ്യമായ സാക്ഷ്യപത്രം പുതുക്കുന്നതിനാവശ്യമായ നടപടികൾ ശ്രീ. അമലിന്റെ നേതൃത്വത്തിൽ കൃഷി

യിടങ്ങളിലും ആവശ്യമായ രേഖകൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ രമ്യയുടെ നേതൃത്വത്തിലും നടന്നു വരുന്നു. 6 ICS (ആന്തരിക നിയന്ത്രണ സംവിധാനം) കളിലായി 2786 കർഷകരുടെ കൃഷിയിടങ്ങളിലെ പരിശോധന പൂർത്തീകരിച്ചു.

**സെമിനാർ സംഘടിപ്പിച്ചു**

വിവിധ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ഫീൽഡ് കോർഡിനേറ്റർമാരുടെ നേതൃത്വത്തിൽ സെമിനാറുകൾ സംഘടിപ്പിച്ചു. ജൈവ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന-സംഭരണ-വിപണന രീതികൾ, ഫെയർട്രേഡ് തുടങ്ങിയ വിഷയങ്ങളിൽ ശ്രീ. ബിബിൻ ജോയ്, ശ്രീ. അമൽ ആന്റണി, ശ്രീ. ഷാജി ജോസ് എന്നിവർ ക്ലാസുകൾ നയിച്ചു. മണ്ണ് പരിശോധന, ജൈവവള നിർമ്മാണം തുടങ്ങിയ വിഷയങ്ങളിൽ കുമാരി ലിജി, കുമാരി റീബ എന്നിവർ കർഷകർക്ക് പരിശീലനം നൽകി. ഫീൽഡ് കോർഡിനേറ്റർമാർ എന്നിവർ ഫെയർട്രേഡ് സംവിധാനത്തെക്കുറിച്ച് കർഷകർക്ക് ക്ലാസുകൾ നൽകി. ഗ്രൂപ്പുകളിൽ തെരഞ്ഞെടുപ്പ് നടത്തുകയും ചെയ്തു.

**എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംങ്ങ് നടത്തി**

ഫെബ്രുവരി മാസം വൊഫാ എക്സിക്യൂട്ടീവ് അംഗങ്ങളുടെ യോഗം ചേർന്നു. യോഗത്തിൽ ജലസേചന പദ്ധതിക്കായി അപേക്ഷ നൽകിയിട്ടുള്ള കർഷകരുടെ അപേക്ഷകൾ പരിശോധിക്കുകയും 1038 കർഷകർക്ക് നിർമ്മാണം പൂർത്തിയാകുന്ന പക്ഷം 10,000 രൂപ വീതം ധനസഹായം നൽകുന്നതിനും തീരുമാനിച്ചു.

**സംഭരണം, സംസ്കരണം, വിപണനം**

വൊഫയിൽ അംഗങ്ങളായ കർഷകരിൽ നിന്നും ഫെബ്രുവരി മാസം 6780368 കിലോ കാപ്പി 90 രൂപ നിരക്കിലും, 156884 കിലോ കാപ്പി കാപ്പി 80 രൂപ നിരക്കിലും, 3102.1 കിലോ കുരുമുളക് 660 രൂപ നിരക്കിലും, പച്ചകുരുമുളക് 200 രൂപ നിരക്കിലും, 12968.5 കിലോ പച്ച മഞ്ഞൾ 22 രൂപ നിരക്കിലും 37.1 കിലോ ഉണക്ക മഞ്ഞൾ 100 രൂപ നിരക്കിലും 50366 കിലോ പച്ച ഇഞ്ചി 33.4 രൂപ നിരക്കിലും 40 കിലോ ഏലം 1900 രൂപ നിരക്കിലും 13.8 കിലോ ഗ്രാമ്പൂ 900 രൂപ നിരക്കിലും 59.1 കിലോ ജാതിക്ക 275 രൂപ നിരക്കിലും, 1.35 കിലോ ജാതിപത്രി 950 രൂപ നിരക്കിലും സംഭരിച്ചു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**'മാറ്റൊലി ഐക്യദാർഢ്യനിധി'**

ജില്ലയിലെ നിർദ്ധനരായ രോഗികൾക്ക് കൈത്താങ്ങാകുക എന്ന ലക്ഷ്യത്തോടെ റേഡിയോ മാറ്റൊലി നടപ്പാക്കുന്ന 'മാറ്റൊലി ഐക്യദാർഢ്യനിധി' പദ്ധതി ചലച്ചിത്രതാരം ശ്രീനിവാസൻ ഉദ്ഘാടനം ചെയ്തു. ദ്വാരക റേഡിയോ മാറ്റൊലി സ്റ്റുഡിയോയിൽ നടന്ന ചടങ്ങിൽ സ്റ്റേഷൻ ഡയറക്ടർ ഡോ.ഫാ.സെബാസ്റ്റ്യൻ പുത്തേൻ അധ്യക്ഷത വഹിച്ചു. പദ്ധതിയിൽ ആദ്യമായി സഹായം അഭ്യർത്ഥിച്ചത് തൊണ്ടർനാട് പഞ്ചായത്തിലെ മൂന്നാം ക്ലാസ്സിൽ പഠിക്കുന്ന ആൺകുട്ടിക്ക് വേണ്ടിയാണ്. ഹൈപ്പോസ്പാഡിയാസിസ് എന്ന ജനനവൈകല്യമുള്ള കുട്ടിക്കാണ് സഹായധനം നൽകുന്നത്.

**ജലസമൃദ്ധി ജലസാക്ഷരതാ ബോധവത്കരണ പരമ്പര**

റേഡിയോ മാറ്റൊലിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ ഏഴ് കമ്മ്യൂണിറ്റി റേഡിയോകളുടെ സഹകരണത്തോടെ ജലനിധി നടപ്പാക്കുന്ന ജലസാക്ഷരതാ യജ്ഞ പരിപാടി ജലസമൃദ്ധി ഉദ്ഘാടനം വേൾഡ് ബാങ്ക് ടാസ്ക് ടീം ലീഡർ ശ്രീനിവാസറാവു പൊടിപ്പിറഡ്ഢി നിർവ്വഹിച്ചു. ശുദ്ധജലവിതരണം, ഭൂജല പരിപോഷണം, ഉത്തരവാദിത്തപൂർണ്ണമായ ജലവിനിയോഗം തുടങ്ങിയ വിഷയങ്ങൾ ഉൾക്കൊള്ളുന്ന ജലസമൃദ്ധി ജലസാക്ഷരതാ ബോധവത്കരണ പരമ്പര 26 ഭാഗങ്ങളിലായി കമ്മ്യൂണിറ്റി റേഡിയോകൾ പ്രക്ഷേപണം ചെയ്യും. ദ്വാരക മാറ്റൊലി റേഡിയോ നിലയത്തിൽ നടന്ന ചടങ്ങിൽ ജലനിധി ഓപ്പറേഷൻസ് ഡയറക്ടർ വി.എൽ.മോഹൻകുമാർ അധ്യക്ഷത വഹിച്ചു. ജലനിധി കണ്ണൂർ ആർ.പി.ഡി. വി.ചന്ദ്രൻ, തിരുവനന്തപുരം ഡെപ്യൂട്ടി ഡയറക്ടർ ലാലച്ചൻ, കണ്ണൂർ എം.സി.ഡി ജോർജ്ജ് മാത്യു, ടെക്നിക്കൽ മാനേജർ ജയകുമാർവർമ്മ, വയനാട് ടി.ഡി.ഒ എ.യോഹന്നാൻ എന്നിവർ ആശംസകളർപ്പിച്ചു. സ്റ്റേഷൻ ഡയറക്ടർ ഡോ.ഫാ.സെബാസ്റ്റ്യൻ പുത്തേൻ സ്വാഗതവും അസിസ്റ്റന്റ് ഡയറക്ടർ ഫാ.മനോജ് കാക്കോനാൽ നന്ദിയും പറഞ്ഞു. ഫാ. സന്തോഷ് കാവുങ്കൽ, ഫാ.ജസ്റ്റിൻ മുത്താനിക്കാട്ട്, സിന്ധു ജസ്റ്റിൻ

എന്നിവർ നേതൃത്വം നൽകി. സംസ്ഥാന ഗ്രാമീണ ശുദ്ധജല പദ്ധതിയുടെ വിവിധ തലങ്ങളിലെ പ്രതിനിധികൾ പരിപാടിയിൽ പങ്കെടുത്തു.

**എൽഗ തോമസിനെ റേഡിയോ മാറ്റൊലി അഭിനന്ദിച്ചു**

ദേശീയ സബ്ജൂനിയർ സ്കൂൾ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ പെൺകുട്ടികളുടെ 400 മീറ്ററിൽ സ്വർണ്ണം നേടിയ എൽഗ തോമസിനെ റേഡിയോ മാറ്റൊലി അഭിനന്ദിച്ചു. റേഡിയോ മാറ്റൊലി ടീം അംഗങ്ങളോടൊപ്പം സ്റ്റേഷൻ ഡയറക്ടർ ഡോ.ഫാ. സെബാസ്റ്റ്യൻ പുത്തേൻ റേഡിയോ മാറ്റൊലിയുടെ ഉപഹാരമായ റേഡിയോ സെറ്റ് എൽഗയ്ക്ക് വീട്ടിലെത്തി സമ്മാനിച്ചു. ദേശീയതലത്തിലെ സ്വർണ്ണനേട്ടത്തോടനുബന്ധിച്ച് എൽഗയുമായുള്ള അഭിമുഖം റേഡിയോ മാറ്റൊലി പ്രക്ഷേപണം ചെയ്തു. അതോടൊപ്പം തന്നെ പരിശീലകനായ ശ്രീ. ജോസ് മാസ്റ്ററുടെ അഭിമുഖവും റേഡിയോ മാറ്റൊലി പ്രക്ഷേപണം ചെയ്തു.

**താങ്ങും തണലും സാമ്പത്തിക സാക്ഷരത പരിപാടി**

നബാർഡിന്റെ സാമ്പത്തിക സഹകരണത്തോടെ പ്രക്ഷേപണം ചെയ്തുവന്ന സാമ്പത്തിക സാക്ഷരത പരിപാടിയായ ‘താങ്ങും തണലും’ സമാപിച്ചു. 2016 മാർച്ച് മുതൽ 2017 ഫെബ്രുവരിവരെ 52 എപ്പിസോഡുകളിലായി കേരളത്തിലെ 7 കമ്മ്യൂണിറ്റി റേഡിയോകൾ പരിപാടി പ്രക്ഷേപണം ചെയ്തു.

**പങ്കാളിത്തം**

കോഴിക്കോട് ജില്ലാ കളക്ടറായി നിയമിതനായ ശ്രീ.യു. വി.ജോസ് IAS ന് പയ്യമ്പള്ളിയിൽ നല്കിയ പൗരസ്വീകരണത്തിൽ റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഡോ.ഫാ.സെബാസ്റ്റ്യൻ പുത്തൻ പങ്കെടുത്തു.

**RIM -Rural Innovation Meet**

കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ (KSCSTE) തിരുവനന്തപുരത്തു സംഘടിപ്പിച്ച ഗ്രാമീണ ഗവേഷക സംഗമത്തിൽ റേഡിയോ മാറ്റൊലിയെ പ്രതിനിധീകരിച്ച് പ്രോഗ്രാം പ്രൊഡ്യൂസർ ലിതിൻ മാത്യു പങ്കെടുത്തു.

**സന്ദർശനങ്ങൾ**

ATMA യുടെ ജോയിന്റ് ഡയറക്ടറും വയനാട് ആത്മ പ്രോജക്ട് ഡയറക്ടറുമായ ശ്രീമതി ഐറിൽ റേയ്ചൽ ജോസ് മാറ്റൊലി സന്ദർശിച്ചു. റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഡോ.ഫാ.സെബാസ്റ്റ്യൻ പുത്തേൻ റേഡിയോ മാറ്റൊലിയുടെ

ഉപഹാരമായ റേഡിയോ സെറ്റ് നല്കി സ്വീകരിച്ചു. ATMA നല്കിയ സഹായസഹകരണങ്ങൾക്ക് നന്ദിപറയുകയും തുടർന്നും സഹായം അഭ്യർത്ഥിക്കുകയും ചെയ്തു. ATMA യുടെ പ്രവർത്തനങ്ങളെക്കുറിച്ച് ശ്രീമതി ഐറിൽ റേയ്ചൽ ജോസുമായി ലിഷ മേരി ഡിക്രൂസ് അഭിമുഖം നടത്തുകയും റേഡിയോ മാറ്റൊലിയിൽ പ്രക്ഷേപണം ചെയ്യുകയും ചെയ്തു.

**തത്സമയ ഫോൺ ഇൻ പ്രോഗ്രാം**

ഗ്ലോക്കോമ വാരാചരണത്തോടനുബന്ധിച്ച് മാർച്ച് 15ന് ഉച്ചയ്ക്ക് 1 മണിമുതൽ 1.30 വരെ തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. ജില്ലാ ആശുപത്രിയിലെ ഒഫ്താൽമോളജിസ്റ്റ് ഡോ. റൂബി എം.വി, ഒപ്റ്റിമെട്രിസ്റ്റ് ശ്രീ. സജീവൻ എന്നിവർ ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നല്കി.

**'ഗ്രാമ മാറ്റൊലി'-ഗ്രാമഹൃദയങ്ങളിലൂടെയുള്ള ഒരു സഞ്ചാരം**

മക്കിയാട് കാഞ്ഞിരങ്ങാട് ഗ്രാമത്തിലും മാനന്തവാടി പിലാക്കാവ് ഗ്രാമത്തിലും ഗ്രാമ മാറ്റൊലി സംഘടിപ്പിച്ചു. റേഡിയോ മാറ്റൊലി അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ. മനോജ് കാക്കോനാൽ, ഫാ.ജസ്റ്റിൻ മുത്താനിക്കാട്ട് എന്നിവരുടെ നേതൃത്വത്തിൽ പ്രദേശത്തെ ജനങ്ങളെ ഉൾപ്പെടുത്തി റേഡിയോ പ്രോഗ്രാമുകൾ റെക്കോർഡ് ചെയ്യുകയും തുടർന്നുള്ള ദിവസങ്ങളിൽ പ്രക്ഷേപണം ചെയ്യുകയും ചെയ്തു.

**പഠനയാത്ര**

മീനങ്ങാടി പോളിടെക്നിക്, എസ്.എൻ.ഐ.റ്റി അടൂർ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾ പഠനയാത്രയുടെ ഭാഗമായി മാറ്റൊലി സന്ദർശിച്ചു.

**മാനേജ്മെന്റ് കമ്മിറ്റി**

ഏപ്രിൽ 29 ന് ഉച്ചയ്ക്ക് അഭിവന്ദ്യപിതാവിന്റെ അദ്ധ്യക്ഷതയിൽ മാനേജ്മെന്റ് കമ്മിറ്റി കൂടുന്നതായിരിക്കും എന്ന് മുൻകൂട്ടി അറിയിക്കുന്നു.

**ഫാ. മനോജ് കാക്കോനാൽ**
അസി. ഡയറക്ടർ

**February -March2017**

As usual, the month of March has been full of farewell programmes and other activities related to preparations for semester examinations and annual closing. The outgoing batches of students were given farewell on 10 March 2017 by the departments concerned and the classes have been in full swing. The college organized a farewell programme in honour of the retiring members of the office staff, Sri Jose Cherian, Sri Paulose O J and Sri Thomas Sebastian who have been serving the institution since its inception. A Faculty Development Programme for the faculty members of the college will be organized by the IQAC of the college on 24 & 25 March 2017 as part of UGC's competence building initiative. Dr Manoj AS, the Chief Knowledge Officer at the ICT Academy, Thiruvanathapuram will be the chief resource person for the programme. Simultaneously, a Skill Development Programme for the students will also be conducted with the help of the ICT Academy. The semester VI examinations of Kannur University are scheduled to begin on 29 March 2017.

**Dr. Savio James V**
Principal

**രൂപതാ എക്സിക്യൂട്ടീവ്**

AKCC യുടെ രൂപതാ പ്രസിഡന്റ് ശ്രീ. പീറ്റർ ഞരളക്കാട്ടിന്റെ അദ്ധ്യക്ഷതയിൽ 10-02-2017 വെള്ളിയാഴ്ച രൂപതാ എക്സിക്യൂട്ടീവ് ചേർന്നു. തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

**1. തിരുവനന്തപുരം സെക്രട്ടറിയേറ്റ് മാർച്ച്**

ജനവാസകേന്ദ്രങ്ങളും, കൃഷിയിടങ്ങളും, തോട്ടങ്ങളും ഒഴിവാക്കി പശ്ചിമഘട്ടത്തിലെ പരിസ്ഥിതിലോല വില്ലേജുകൾ സംബന്ധിച്ചുള്ള ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കാതെ കസ്തൂരിരംഗൻ നടപടികൾ അവസാനിപ്പിക്കുന്നതിൽ പ്രതിഷേധിച്ച് 2017 ഫെബ്രുവരി 23 ന് തിരുവനന്തപുരം സെക്രട്ടറിയേറ്റ് പടിക്കൽ കത്തോലിക്കാ കോൺഗ്രസ്സിന്റെ സംസ്ഥാന കമ്മറ്റിയുടെ നേതൃത്വത്തിൽ നടത്തുന്ന ധർണാസമരത്തിൽ നമ്മുടെ രൂപതയിൽ നിന്നും 50 മെമ്പർമാർ പങ്കെടുക്കുവാൻ തീരുമാനിച്ചു.

**2. കർഷക സംരക്ഷണ സമിതിക്ക് പിന്തുണ**

കർഷകഭൂമിയിൽ കർഷകന് അവകാശം നൽകുക എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ട് ജന്മഭൂമി സ്വന്തമാക്കിയ കർഷകർക്ക് കൈവശ ഭൂമിക്കും, മരങ്ങൾക്കും (വീട്ടി-തേക്ക്) പൂർണ്ണ അവകാശം കർഷകന് നൽകണമെന്ന് ആവശ്യപ്പെട്ട് വയനാട് റവന്യൂ പട്ടയഭൂമി കർഷക സംരക്ഷണ സമിതി ജില്ലാകമ്മറ്റി നടത്തുന്ന താലൂക്ക് മാർച്ചിൽ പിന്തുണ നൽകി പങ്കെടുക്കുവാൻ തീരുമാനിച്ചു.

**3. AKCC മാനന്തവാടി രൂപതയുടെ 2017-18 വർഷത്തേക്കുള്ള പ്രവർത്തന മാർഗ്ഗരേഖ**

മാനന്തവാടി രൂപതയുടെ കത്തോലിക്കാ കോൺഗ്രസ്സിന്റെ 2017-18 വർഷത്തെ പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കുവാൻ നിശ്ചയിച്ചു. 22-02-17 ന് പാസ്റ്ററൽ സെന്ററിൽ, AKCC ഓഫീസിൽ ചേർന്ന് കരട് രേഖ തയ്യാറാക്കുവാൻ യൂണിറ്റ് പ്രസിഡന്റ്മാർ, സെക്രട്ടറിമാർ, ഫൊറോന കമ്മറ്റി അംഗങ്ങൾ, രൂപതാ എക്സിക്യൂട്ടീവ് മെമ്പർമാർ എന്നിവർ പങ്കെടുക്കണമെന്ന് തീരുമാനിച്ചു.

**4. രൂപതാ എക്സിക്യൂട്ടീവ്**

2017 ഫെബ്രുവരി 28 ന് മുമ്പായി രൂപതാ എക്സിക്യൂട്ടീവ് ചേരുവാൻ നിശ്ചയിച്ചു. ശ്രീ. വി.സി. തോമസിന്റെ നന്ദിപ്രകാശനത്തിലൂടെ യോഗം പിരിഞ്ഞു.

**5.** 2017 ഫെബ്രുവരി 28 ന് രൂപതാ എക്സിക്യൂട്ടീവ് ചേർന്നു. AKCC ഓഫീസിൽ ചേർന്ന യോഗത്തിൽ വർക്കിംഗ് കമ്മറ്റി അംഗങ്ങളും, മേഖലാ ഭാരവാഹികളും ഉണ്ടായിരുന്നു. 2017-18 വർഷത്തേക്കുള്ള പ്രവർത്തന മാർഗ്ഗരേഖയ്ക്ക് ആവശ്യമായ വിഷയങ്ങൾ ക്രോഡീകരിച്ചു. മാർഗ്ഗരേഖ തയ്യാറാക്കുവാൻ ഒരു കമ്മറ്റിയും തെരഞ്ഞെടുത്തു.

**6. കേന്ദ്രടീം സന്ദർശനം**

കത്തോലിക്ക കോൺഗ്രസിന്റെ ഡയറക്ടർ റവ.ഫാ. ജിയോ കടവി, പ്രസിഡന്റ് ശ്രീ. വി.വി. അഗസ്റ്റ്യൻ, അഡ്വ.ശ്രീ ബിജു പറയന്നിലം എന്നിവർ നമ്മുടെ പ്രവർത്തനങ്ങൾ വിലയിരുത്തി. അഭിനന്ദനങ്ങൾ അറിയിക്കുകയും, കൂടുതൽ പ്രവർത്തനങ്ങൾ നടത്തുവാൻ ആഹ്വാനം ചെയ്യുകയും ചെയ്തു. അംഗത്വ ബുക്കുകൾ വിതരണത്തിനായി എത്തിച്ചുതന്നു.

**7.** 2017 മാർച്ച് ആദ്യവാരത്തിൽ നടന്ന AKCC ഡയറക്ടർമാരുടെ യോഗം തൃശൂർ രൂപതാ കേന്ദ്രത്തിൽ ചേർന്നു. കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുവാൻ ആവശ്യമായ ചർച്ചകൾ നടന്നു. അഭിവന്ദ്യ മാർ റമിജിയോസ് ഇഞ്ചനാനിക്കൽ പിതാവ് യോഗത്തിന്റെ അദ്ധ്യക്ഷനായിരുന്നു.

**ഫാ. ചാണ്ടി പുനക്കാട്ട്**
AKCC രൂപതാ ഡയറക്ടർ

**ഊർജ്ജസംരക്ഷണ ബോധവത്ക്കരണ സെമിനാർ**

അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് നടവയൽ വൈ.എം.സി.എ. യുടേയും വനിതാ ഫോറത്തിന്റേയും ദീപിക ഫ്രണ്ട്സ് ക്ലബ്ബിന്റെയും സംയുക്താഭിമുഖ്യത്തിൽ 'ഊർജ്ജസംരക്ഷണ ബോധവത്ക്കരണ സെമിനാർ 2017' നടത്തി. വൈ.എം.സി.എ. വനിതാ ഫോറം ജില്ലാ ചെയർപേഴ്സൺ ശ്രീമതി വത്സാ ചാക്കോ സെമിനാർ ഉദ്ഘാടനം ചെയ്തു. കേരള സർക്കാർ സ്ഥാപനമായ അനർട്ടിന്റെ നേതൃത്വത്തിൽ നടത്തിയ പഠന സെമിനാർ അനർട്ട് ജില്ലാ ഓഫീസർ ശ്രീകുമാർ നയിച്ചു. ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരമായുള്ള വിവിധ പാരമ്പര്യേതര ഊർജ്ജ ഉപകരണങ്ങളുടെ പ്രദർശനവും സർക്കാർ സബ്സിഡിയോടെ ഉപകരണങ്ങൾ ബുക്കു ചെയ്യുന്നതിനുള്ള സൗകര്യവും ജനങ്ങൾക്ക് ലഭിച്ചു. ഡി.എഫ്.സി. ഫൊറോനാ പ്രസിഡണ്ട് പീറ്റർ ഞരളക്കാട്ട്, അസി. ഡയറക്ടർ ഫാ. ജിബിൻ വട്ടുകുളം, മേരി ഐമനച്ചിറ, വിൻസെന്റ് ചേരവേലിൽ, ജെയിംസ് കളർതൊട്ടിയിൽ, മേഴ്സി സാബു, സജി പൂവാറ്റിൻചിറ, ഷെറിൻ കുറിച്ചാത്ത് എന്നിവർ നേതൃത്വം നൽകി.

**തിരുനാൾ സപ്ലിമെന്റ്**

കത്തീഡ്രൽ ദേവാലയ തിരുനാളിനോടനുബന്ധിച്ച് ദീപിക പത്രത്തിൽ, ദീപിക ഫ്രണ്ട്സ് ക്ലബിന്റെ നേതൃത്വത്തിൽ തിരുനാൾ സപ്ലിമെന്റ് ഇറക്കുവാൻ കഴിഞ്ഞു. സപ്ലിമെന്റിന്റെ വിജയത്തിനായി നേതൃത്വം നൽകിയ വികാരിയച്ചനും അസി. വികാരിയച്ചനും, ഡി.എഫ്.സി. ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ.

**ദീപികയുടെ 130-ാം വാർഷിക ആഘോഷം**

2017 ഫെബ്രുവരി 24 വെള്ളിയാഴ്ച കോഴിക്കോട് ടാഗോർ സെന്റിനറി ഹാളിൽ വച്ച് ദീപികയുടെ 130-ാം വാർഷികാഘോഷവും ദീപിക ഫ്രണ്ട്സ് ക്ലബിന്റെ ഒന്നാം വാർഷികവും സംയുക്തമായി ആഘോഷിച്ചു. അന്നേദിവസം ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് ഡി.എഫ്.സി. സെമിനാറും തുടർന്ന് 3 മണിക്ക് വാർഷികാഘോഷവും നടത്തി. ആഘോഷപരിപാടി മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഭദ്രദീപം കൊളുത്തി

ഉദ്ഘാടനം ചെയ്തു. മന്ത്രിമാർ, ബിഷപ്പുമാർ, ജനപ്രതിനിധികൾ, വിവിധ മേഖലകളിലെ സാമൂഹിക സാംസ്കാരിക പ്രവർത്തകർ തുടങ്ങിയവരുടെ സാന്നിധ്യം ആഘോഷപരിപാടികൾക്ക് മിഴിവേകി.

**ദീപിക റിപ്പോർട്ടർമാരും ഫോൺനമ്പറും**

ബത്തേരി : ജോസ് കെ.ജെ., ഫോൺ 7034390623,
Mail: kjjosed@gmail.com

മാനന്തവാടി : അരുൺ വിൻസെന്റ്, ഫോൺ 9562510246
Mail: arunvincent34@gmail.com

പുൽപ്പള്ളി : ജോബി, ഫോൺ 9946419725

പൊഴുതന : മുനീർ, ഫോൺ 9656056101
Mail: raomnm@gmail.com

തരിയോട് : ജോസ്, ഫോൺ 9961546940
Mail: josekmala1@gmail.com

നടവയൽ : ബിജു നാട്ടുനിലം, ഫോൺ 9562510252

ഗൂഡല്ലൂർ : ഷംസുദ്ദീൻ, ഫോൺ 9442087596
Mail: nhshamsugdr@gmail.com

**പരസ്യത്തിന്റെ ചുമതല**

കൽപ്പറ്റ : പ്രിൻസ്, ഫോൺ 7034023234

നിലമ്പൂർ : ലിനറ്റ്, ഫോൺ 7034023230

മാനന്തവാടി : സുനോജ്, ഫോൺ 9847350938

**ഡി.എഫ്.സി. രൂപീകരിച്ചു**

വഞ്ഞോട് ഇടവകയിൽ ബഹു. വികാരിയച്ചന്റെ പ്രത്യേക താല്പര്യത്താൽ ഡി.എഫ്.സി. യൂണിറ്റ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ദീപിക ഫ്രണ്ട്സ് ക്ലബിന്റെ നേതൃത്വത്തിൽ സ്ക്വാഡ് വർക്കുകൾ നടത്തി ദീപിക പത്രവിതരണം ആരംഭിച്ചു. ദീപിക പ്രസിദ്ധീകരണങ്ങളുടെ പ്രദർശനവും വിൽപ്പനയും നടത്തി.

കല്ലുവയൽ, വിളമ്പുകണ്ടം, വാളവയൽ എന്നീ ഇടവകകളിൽ ഡി.എഫ്.സി. ഭാരവാഹികളുടേയും ദീപിക എക്സിക്യൂട്ടീവിന്റേയും നേതൃത്വത്തിൽ സ്ക്വാഡ് വർക്കുകൾ നടത്തി പുതിയ വരിക്കാരെ ചേർക്കുകയും പത്രവിതരണം ആരംഭിക്കുകയും ചെയ്തു.

**ഫ്രാൻസീസ് പള്ളിക്കമ്യാലിൽ**
ഡി.എഫ്.സി രൂപതാ സെക്രട്ടറി

# അറിയിപ്പുകൾ



## ഫാമിലി കൗൺസിലിങ്ങിൽ പരിശീലനം

**(Intensive Family Counseling Training For Five Days)**

(ശാന്തിഭവൻ, നോർബർട്ടൈൻ സെന്റർ ഫോർ മെന്റൽ ഹെൽത്ത് ആന്റ് വെൽബിയിംഗ്, അമ്പലക്കോത്ത്, മെഡിക്കൽ കോളേജ്, കോഴിക്കോട്)

2017 ഏപ്രിൽ 24 തിങ്കൾ മുതൽ 28 വെള്ളി വരെ (9.30 am to 4.30 pm), ക്ലാസുകൾ നയിക്കുന്നത് : റവ.ഡോ. ജേക്കബ് മുളവരിക്കൽ SVD (ക്ലിനിക്കൽ സൈക്കോളജിസ്റ്റ് & ഫാമിലി തെറാപ്പിസ്റ്റ്)

പ്രവേശനഫീസ് 2500 (Additional 500 for Accomodation), കൗൺസിലേഴ്സ്, സോഷ്യൽ വർക്കേഴ്സ്, കുടുംബ പ്രേക്ഷിത രംഗങ്ങളിൽ പ്രവർത്തിക്കുന്നവർ, അധ്യാപകർ, ദമ്പതികൾ, സന്യാസിനികൾ, വൈദികർ, പരിശീലകർ മുതലായവർക്ക് പങ്കെടുക്കാം.

ഇതരസേവനങ്ങൾ: സൈക്യാട്രിക് ക്ലിനിക്ക്, കൗൺസിലിങ് (കുട്ടികൾ, ഫാമിലി....), ലഹരിവിമുക്ത ചികിത്സയ്ക്ക് ശേഷമുള്ള ധ്യാനവും കൗൺസിലിങ്ങും, സ്കൂൾ കൗൺസിലിങ്ങ്, മാനസിക ആരോഗ്യവുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ.

കൂടുതൽ വിവരങ്ങൾക്ക്: 08281362683, 9562796017, 09496844845

# Pastoral Centre Programme



**April 2017**

| | |
|---|---|
| 1 | Zion |
| 3-6 | Cat: XI Pvt. Students Retreat |
| 7 | KCYM Night Vigil |
| 7-10 | Marriage Preparation Course |
| 8 | KCYM Syndicate |
| 11-12 | Cat: Diploma Paper Valuation |
| 17-18 | Easter Holidays |
| 19-22 | Marriage Preparation Course |
| 22 | Catechism Prathibha Sangamam |
| 23-27 | Zion CRC Retreat |
| 24 | Marian Singles |
| 28 | SMMA Executive |
| 29 | Catechism Prathibha Sangamam |

**Fr. Mathew Periappuram**
Director, Pastoral Centre

# Bishop's Programme



***April 2017***

| | | |
|---|---|---|
| *1* | *Sat ....................* | *Ondaymgady: Inauguration of Parish Jubilee* |
| *2* | *Sun ...................* | *Marakavu: Pastoral Visit* |
| *3* | *Mon ..................* | *Visitors' Day* |
| *4* | *Tue ...................* | *Visitors' Day - Priests* |
| *6* | *Thu ...................* | *Cathedral: Death Anniversary of Bishop Emmanuel Pothanamuzhy -WSSS: Inauguration of Ashakirana* |
| *7* | *Fri ....................* | *Out of Station* |
| *8* | *Sat ....................* | *Vellamunda: Blessing of renovated Madbaha* |
| *9* | *Sun ....................* | *Cathedral: Palm Sunday* |
| *10* | *Mon ................* | *Minor Seminary: Minor Orders* |
| *13* | *Thu ..................* | *Cathedral: Maundy Thursday* |
| *14* | *Fri ....................* | *Cathedral: Good Friday* |
| *16* | *Sun ...................* | *Cathedral: Easter* |
| *17* | *Mon 19 Wed ......* | *Palai* |
| *20* | *Thu 21 Fri .......* | *Tellichery* |
| *22* | *Sat ..................* | *To Changanassery* |
| *23* | *Sun ..................* | *Changanassery: Episcopal Ordination of Msgr. Thomas Tharayil* |
| *24* | *Mon 27 Thu ......* | *Major Seminarians' Gathering* |
| *28* | *Fri ..................* | *Out of Station* |

| | |
|---|---|
| *29 Sat ....................* | *Moolankavu: First Communion* |
| *30 Sun ..................* | *Arattuthara: First Communion* |

## *May 2017*

| | |
|---|---|
| *1 Mon .................* | *Payyanatt: First Communion* |
| *2 Tue ...................* | *Corporate Education Agency: HM Meeting* |
| *3 Wed ..................* | *Kunjhome: Blessing of the newly constructed Church* |
| *4 Thu ...................* | *Dwaraka: Vestition and First Profession of SH Novices* |
| *5 Fri .....................* | *Out of Station* |
| *6 Sat Morning ......* | *Amarakuni: Blessing of the newly constructed Church* |
| *Afternoon .....* | *Chundakkara: Chapel Blessing* |
| *7 Sun ...................* | *Thrissilery : Blessing of Presbytery* |
| *8 Mon .................* | *Minor Seminary: Vestition of Major Seminarians* |
| *Afternoon ...* | *Alattil School building blessing* |
| *10 Wed ..................* | *Minor Seminary: Interview* |
| *Afternoon .....* | *Padamala: Blessing of Presbytery* |
| *11 Thu 12 Fri .......* | *Out of Station* |
| *13 Sat ...................* | *Moolankavu: Blessing of Cluny Convent* |
| *15 Mon ..................* | *Visitors' Day* |
| *16 Tue ..................* | *Cathedral: First & Final Profession & Jubilee of SKD Sisters* |
| *17 Wed 19 Fri .......* | *Badravathi* |
| *20 Sat ....................* | *Dwaraka: HM & PP Conference* |

| | |
|---|---|
| *21 Sun ..................* | *Panamaram: Foundation Stone laying of new Church* |
| *22 Mon .................* | *Vincentgiri: Final Profession & Jubilee of Sisters* |
| *23 Tue ...................* | *Panamchira: Blessing of Novitiate House* |
| *24 Wed ................* | *Nadavayal: Vestition and First Profession of CMC Novices* |
| *25 Thu ..................* | *Visitors' Day - Priests* |
| *26 Fri ....................* | *Out of Station* |
| *27 Sat ....................* | *Nadavayal: Osanam Bhavan, Anniversary of Vincent De Paul Society* |
| *28 Sun ..................* | *Nilambur: Inaguration of MSMI Associates* |
| *29 Mon 31 Wed .....* | *Out of Station* |